Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൨൦ | കൊല്ലം ൧൯൪൭ ആഗസ്റ്റ് ൪-ാംനു | ലക്കം ൩൦
പേജ് ൧൨ | ൧൧൨൨ കർക്കടകം ൧൯-ാംനു തിങ്കളാഴ്ച | ഒററപ്രതി അണ ൧

# ബ്രിട്ടനിലെ തൊഴിലാളിസംഘടന

## അവയുടെ സ്വാധീനശക്തി

എൽ. റോബർട്ട്സ്

ബ്രിട്ടനിലെ തൊഴിലാളികളിൽ മൂന്നിലൊരു ഭാഗം ട്രേഡ് യൂണിയൻ അംഗങ്ങളാണ്. സ്ത്രീകളുൾപ്പെടെ ൭൦൦൦൦൦൦ തൊഴിലാളികൾ പ്രസ്തുത സംഘടനകളിൽ വാർഷികഅംഗത്വഫീസ് കൊടുക്കുന്നതിൽനിന്നു പ്രസ്തുത സംഘടനകൾക്ക് അനേകലക്ഷം പവനാണ് ലഭിക്കുന്നതു്. അവർക്കു ലക്ഷക്കണക്കിനു വേതനങ്ങളും പെൻഷനും യൂണിയനുകളിൽനിന്നു നൽകപ്പെട്ടുവരുന്നുണ്ട്. ഗവൺമെണ്ടിനോടും വലിയ വ്യവസായശാലകളോടും സഹകരിച്ചു പ്രവർത്തനം നടത്തി ബ്രിട്ടനിലെ തൊഴിലാളികളുടെ കൂലിനിരക്ക്, തൊഴിൽവ്യവസ്ഥകൾ തുടങ്ങിയവ ഈ തൊഴിലാളിസംഘടനകൾ നിയന്ത്രിച്ചുപോരുന്നു. ബ്രിട്ടീഷുജനതയുടെ പിമ്പിലുള്ള ഒരു മഹത്തായ ശക്തിയാണ് ട്രേഡ് യൂണിയൻസ്; രാഷ്ട്രത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ ഘടനയിൽ അതിപ്രധാനമായ പങ്കു വഹിക്കുന്ന ഘടകങ്ങളാണവ.

പ്രജായത്തഭരണത്തിന്റെ ഉത്ഭവസ്ഥാനമെന്നു സാധാരണ പറയപ്പെടാറുള്ള ബ്രിട്ടൻ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെയും ഉല്പത്തികേന്ദ്രമാണ്. വ്യവസായികവിപ്ലവം ഒരു കർഷകരാജ്യമായിരുന്ന ബ്രിട്ടനെ ഒരു ആധുനികവ്യാവസായികരാജ്യമായി രൂപാന്തരപ്പെടുത്തിയകാലത്താണ് ഇദംപ്രഥമമായി ഒരു തൊഴിലാളിസംഘടനയും ജന്മമെടുത്തതു്. ഇതു് ലോകചരിത്രത്തിൽ ഇദംപ്രഥമമാണ്. തങ്ങൾ കൂടിച്ചേർന്നു നടപടികൾ നടത്തി തങ്ങളുടെ കൂലിനിരക്ക്, തൊഴിൽസൌകര്യങ്ങൾ മുതലായവ അഭിവൃദ്ധിപ്പെടുത്തുന്നതിനു അധികൃതസ്ഥാനങ്ങളിൽ നിവേദനങ്ങൾ സമർപ്പിക്കുന്നതിനും, ചില സ്ഥലങ്ങളിൽ പണിമുടക്കു നടത്തുന്നതിനും മാത്രമായി തൊഴിലാളികൾ പലസ്ഥലങ്ങളിലും ക്ലബ്ബുകളും യൂണിയനുകളും സ്ഥാപിച്ചു അന്നു സംഘടിച്ചുതുടങ്ങി. ഫ്രഞ്ചുവിപ്ലവത്തിൽനിന്നുണ്ടായ അനുഭവങ്ങളെ അടിസ്ഥാനമാക്കി അധികൃതർ പ്രസ്തുതസംഘടനകൾ ഗൂഢാലോചനാസംഘങ്ങളാണെന്നു അഭിപ്രായപ്പെടുന്നതിന്നിടയാകുകയും തൊഴിലാളിസംഘടനകൾ നിരോധിക്കപ്പെടുകയും ഉണ്ടായി.

### അംഗീകാരത്തിനുള്ള ശ്രമം

ഇദംപ്രഥമമായി സംസ്ഥാപിതമായ തൊഴിലാളിസംഘടനകളെ നിയമാനുസൃതസംഘങ്ങളാക്കുന്നതിനുള്ള പരിശ്രമങ്ങൾ അനേകം ദശവത്സരകാലത്തേയ്ക്കു തുടർന്നുകൊണ്ടിരുന്നു. അവ പല ഘട്ടങ്ങളും തരണം ചെയ്യേണ്ടതായും വന്നു. റോബർട്ടു ഓവൻ (Robert Owen) ജോൺഡോഹർട്ടി (John Doherty) തുടങ്ങിയ നേതാക്കന്മാർ പ്രസ്തുത സംരംഭങ്ങളിൽ വിജയം സമ്പാദിക്കുന്നതിനു പ്രധാനപങ്കു് വഹിച്ചവരുടെകൂട്ടത്തിൽ ഉൾപ്പെടുന്നു. ലോഹവ്യവസായശാലകളിൽ തൊഴിൽചെയ്തുകൊണ്ടിരുന്നവരുടെ പല ചെറുസംഘടനകളുംചേർന്നു "അമാൽഗമേറ്റഡ് സൊസൈററി ഓഫ് എൻജിനീയേഴ്സ്" എന്നപേരിൽ ൧൮൫൧-ൽ സംഘടിച്ചപ്പോഴാണ് ഇന്നത്തെ മാതൃകയിലുള്ള ഒരു ബ്രിട്ടീഷ് ട്രേഡ് യൂണിയൻ ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. പ്രസ്തുത സൊസൈററിയുടെ ഉദ്ദേശങ്ങൾ രോഗികൾക്കു ആശ്വാസം നൽകുക, തൊഴിലില്ലാതെവരുമ്പോഴും പണിമുടക്കുകാലങ്ങളിലും വേതനം നൽകുക, കൂലിയും ജോലിസമയവും നിയന്ത്രിക്കുക, പീസ്‌വർക്ക് (ചെയ്തുതീർക്കുന്നജോലിയനുസരിച്ചുള്ള കൂലി) നിറുത്തലാക്കുക മുതലായവയായിരുന്നു. പ്രാരംഭവർഷത്തിൽ ആഴ്ചയിൽ അംഗമൊന്നിനു ഒരുഷില്ലിങ്ങുവീതം വരിസംഖ്യ നൽകുന്ന ൧൧൦൦൦ അംഗങ്ങൾ ഈ സംഘടനയിൽ ഉണ്ടായിരുന്നു. ഇപ്പോഴത്തെ അതിന്റെ അംഗസംഖ്യ ലക്ഷക്കണക്കിനും വരവുചെലവുകൾ അനേകലക്ഷം പവനുമാണ്.

പ്രാരംഭകാലത്തെ സംഘടനകൾ വിദഗ്ദ്ധതൊഴിലാളികൾക്കു (Skilled Worker) മാത്രമായാണ് സ്ഥാപിക്കപ്പെട്ടുവന്നിരുന്നതു്. ൧൮൮൯-ൽ ലണ്ടൻഡാക്കു (Dock കപ്പൽക്കോതി, കപ്പലിൽ സാമാനങ്ങൾ കയററുകയും ഇറക്കുകയും ചെയ്യുന്നതിനും കപ്പലുകൾ കേടുപാടുകൾ തീർക്കുന്നതിനും ഉള്ള സ്ഥലം.) തൊഴിലാളികളുടെ പണിമുടക്കോടുകൂടിയായിരുന്നു അവിദഗ്ദ്ധതൊഴിലാളികളുടെ ഒരു സംഘടന സ്ഥാപിക്കപ്പെട്ടതു്. ബ്രിട്ടീഷുചരിത്രത്തിൽ ചിരപ്രതിഷ്ഠിതമായിത്തീർന്നിട്ടുള്ള നാമങ്ങളോടുകൂടിയ നേതാക്കന്മാരാണ്-ബെൻടില്ലററ്, ടോം മാൻ, ജോൺബേൺസ്, (Ben Tillet Tom Mann and John Burns)--പ്രസ്തുത പണിമുടക്കിന്റെ നേതൃത്വം വഹിച്ചതു്. പൊതുജനങ്ങൾ പണിമുടക്കുകാരെ അനുകൂലിക്കുകയും പണിമുടക്കനിധിയിലേയ്ക്കു അവരിൽനിന്നു ഉദാരമായ ധനസഹായം ലഭിക്കുകയുമുണ്ടായി. ആസ്ട്രേലിയായിൽനിന്നുതന്നെ കമ്പിമാർഗ്ഗം അവർക്കു ലഭിച്ചതു ൩൦൦൦൦ പവനായിരുന്നു.

ഡാക്കുപണിമുടക്കിന്റെ വിജയഫലമായി ബ്രിട്ടന്റെ വിവിധഭാഗങ്ങളിലുണ്ടായിരുന്ന അവിദഗ്ദ്ധതൊഴിലാളികൾ സംഘടിച്ചുതുടങ്ങി. ഇങ്ങനെയാണ് അവരുടെ നേതാവും ഇപ്പോഴത്തെ ബ്രിട്ടീഷുവിദേശകാര്യമന്ത്രിയുമായ മി. ഏർണസ്റ്റ് ബെവിന്റെ സംഘടനാകൗശലത്തിന്റെ ഫലമായി ഇപ്പോൾ പത്തുലക്ഷത്തിൽപര അംഗസംഖ്യയുള്ളതും ബ്രിട്ടനിലെ ഏററവും വലിയ തൊഴിലാളിസംഘടനയുമായ "ട്രാൻസ്പോർട്ട ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ" സ്ഥാപിക്കപ്പെട്ടതു്.

അതുപോലെതന്നെ അനേകം ചെറിയ സംഘടനകൾ തമ്മിൽ യോജിച്ചു ഇപ്പോൾ ൩൦൦൦൦൦-നുമേൽ അംഗസംഖ്യയോടുകൂടിയ 'നാഷണൽ യൂണിയൻ ഓഫ് ജനറൽ ആൻഡ് മുനിസിപ്പൽ വർക്കേഴ്സ്' എന്ന സംഘടനയും സ്ഥാപിതമായി. റെയിൽവേ തൊഴിലാളികൾ, മൈൻജോലിക്കാർ, നെയ്ത്തുതൊഴിലാളികൾ തുടങ്ങി വിവിധവ്യവസായങ്ങളിലെ തൊഴിലാളികൾ അവരവർക്കു പ്രത്യേകമായും ഓരോ സംഘടനകൾ ഏർപ്പെടുത്തിത്തുടങ്ങി; ഇതരതൊഴിലാളികളും സംഘടനകൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു.

### രാഷ്ട്രീയകക്ഷികൾ

യൂറോപ്യൻഭൂഖണ്ഡത്തിലെ തൊഴിലാളിചരിത്രത്തിന്റെ ഒരു പ്രത്യേകത തൊഴിലാളിസംഘടനയ്ക്കു മുമ്പു രാഷ്ട്രീയകക്ഷികൾ സ്ഥാപിക്കപ്പെട്ടുവന്നു എന്നുള്ളതാണ്. ബ്രിട്ടനിൽ ഗതി ഇതിനു വിരുദ്ധമായിട്ടായിരുന്നു. അവിടത്തെ തൊഴിലാളിപ്രസ്ഥാനത്തിന്റെ പ്രത്യേകമായ സ്വഭാവം നിർണ്ണയിക്കുന്നതും ഈ വസ്തുതയാണ്. ഈ ശതാബ്ദാരംഭംവരെ യഥാർത്ഥത്തിൽ ബ്രിട്ടനു ഒരു തൊഴിലാളികക്ഷിയില്ലായിരുന്നു, തൊഴിലാളിതാല്പര്യങ്ങൾ കാമൺസ്സഭയിൽ അറിയിച്ചുകൊള്ളാമെന്നു ഏൽക്കുന്ന ഉൽപതിഷ്ണു (ലിബറൽ) സ്ഥാനാർത്ഥികൾക്കു പിൻതുണ നൽകുകയായിരുന്നു തൊഴിലാളിസംഘടനകൾ ചെയ്തുപോന്നതു.

തൊഴിലാളി (ലേബർ) കക്ഷിസ്ഥാപിതമായതു, മററുകക്ഷികളിൽനിന്നു സ്വതന്ത്രമായി തങ്ങളുടെ താല്പര്യങ്ങൾക്കു രാഷ്ട്രീയകാര്യങ്ങളിൽ പ്രാതിനിധ്യമുണ്ടായിരിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു ട്രേഡ് യൂണിയനുകൾക്കു ബോധ്യമായതോടുകൂടിയാണ്. ലേബർപാർട്ടിയിൽ ട്രേഡ് യൂണിയനുകൾക്കുള്ള വലുതായ സ്വാധീനശക്തിയുടെ അടിസ്ഥാനവുമിതാണ്. ലേബർപാർട്ടിയുടെ അംഗസംഖ്യയിൽ അഞ്ചിൽ നാലുഭാഗം ട്രേഡ് യൂണിയൻകാരാണ്.

ബ്രിട്ടനിലെ തൊഴിലാളിസംഘടനകൾ, അവയുടെ പരോക്ഷമായ സ്വാധീനശക്തിയാലും, ലേബർ പാർട്ടിയുടെ പാർലമെന്റിലെ പ്രവർത്തനത്താലും, തൊഴിലാളികളുടെ തൊഴിലിനെയും ജീവിതത്തെയും സംബന്ധിക്കുന്ന കാര്യങ്ങൾക്കു അഭിവൃദ്ധിയുണ്ടാക്കുന്നതിനു സാരമായി സഹായിച്ചിട്ടുണ്ടെന്നുള്ളതു സംശയരഹിതമായ ഒരു വസ്തുതയാണ്. അവരുടെസാമൂഹ്യമായ കർത്തവ്യങ്ങൾ നിറവേററുന്നതു രണ്ടു മാർഗ്ഗങ്ങളിലൂടെയാണ്; ഒന്നു: കൂലിനിയന്ത്രണം, ജോലിസംബന്ധിച്ചുള്ള വ്യവസ്ഥകളുടെയും മററും നിയന്ത്രണം ഇവയ്ക്കുവേണ്ടി സംഘടിച്ചുള്ളതീരുമാനങ്ങൾ ഉണ്ടാക്കുകയും, മറെറാന്നു തൊഴിലാളികൾക്കു വേതനങ്ങളും സൗജന്യങ്ങളും നൽകുകയും.

തൊഴിലാളികളുടെ അരക്ഷിതാവസ്ഥയിൽനിന്നും അവരെ സംരക്ഷിക്കുന്നതിനായി, തൊഴിലില്ലായ്മ, രോഗം, അപകടം ഇവ സംബന്ധിച്ചും പെൻഷൻ, ശവസംസ്കാരച്ചിലവു് ഇവ സംബന്ധിച്ചും ധനസഹായം നൽകുന്ന ഏർപ്പാടു നിലവിലുണ്ട്. അംഗങ്ങൾക്കു നിയമസഹായം നൽകുക, വയോജനവിദ്യാഭ്യാസത്തിനു ഏർപ്പാടുകൾ ചെയ്യുക, സമർത്ഥരായ യുവാക്കൾക്കു വിദ്യാഭ്യാസവേതനം അനുവദിക്കുക, ആശുപത്രികൾ, രോഗികൾക്കു സുഖവാസത്തിനുള്ള മന്ദിരങ്ങൾ, ഒഴിവുകാലങ്ങളിൽ വിശ്രമിക്കുന്നതിനുള്ള ഹോസ്റ്റലുകൾ ഇവ നടത്തുക മുതലായവ ട്രേഡ്യൂണിയനുകൾ നടത്തുന്ന പ്രവർത്തനങ്ങളിൽ ചിലവയാണ്.

### സുശക്തമായ സ്ഥാപനം

പ്രധാനപ്പെട്ട എല്ലാ തൊഴിലാളിസംഘടനകൾക്കും പ്രാതിനിധ്യമുള്ള ട്രേഡ്സ് യൂണിയൻ കോൺഗ്രസ്സ് ലോകത്തിലെ ഏററവും സുശക്തമായ സ്ഥാപനങ്ങളിൽ ഒന്നാണെന്നുള്ളതിനെപ്പററി സംശയത്തിനവകാശമില്ല. പ്രസ്തുത സംഘടനയിൽ ഇപ്പോൾ ൩൩൭൭,൧൧൨ തൊഴിലാളി അംഗസംഖ്യ വരുന്ന ൧൯൧ ട്രേഡ് യൂണിയൻസ് ഉൾപ്പെടുന്നുണ്ട്. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ നയരൂപീകരണം സ്വതന്ത്രവും പരസ്യവുമായ വാദപ്രതിവാദശേഷം നിർവ്വഹിക്കുന്നതിനായി സാധാരണയായി ആണ്ടുതോറും സെപ്റ്റംബർ മാസാരംഭത്തിൽ ഇതിന്റെ വാർഷികസമ്മേളനങ്ങൾ നടത്തപ്പെടുന്നു. ബ്രിട്ടന്റെ പൊതുജീവിതത്തിൽ ൧൦൦൦ ത്തോളം പ്രതിനിധികൾ സംബന്ധിക്കുന്ന ഈ "പാർലമെൻറ" ഒരു സുപ്രധാനമായ വാർഷികസംഭവമാണ്. ബ്രിട്ടനിൽ ഒരു തൊഴിലാളിഗവൺമെൻറ ഭരണം നടത്തുന്ന ഇന്നു പ്രസ്തുത സമ്മേളനത്തിലെ നിശ്ചയങ്ങൾ അത്യധികം പ്രാധാന്യം അർഹിക്കുന്നു.

൧൯൩൯-വരെ ബ്രിട്ടീഷുഗവൺമെൻറ തൊഴിലാളിസംഘടനകളോടു ശത്രുഭാവത്തോടെയാണ് വർത്തിച്ചുവന്നതു്. ഭാഗ്യവശാൽ അന്നു അവയുടെ പ്രവർത്തനപരിധിയെ സംബന്ധിച്ചു നിയമപരമായി സുവ്യക്തമായ ഒരു നിർവ്വചനം ചെയ്യപ്പെട്ടു. അതിനുശേഷം ഗവൺമെൻറും തൊഴിലാളിസംഘടനകളുമായുള്ള സഹകരണം ക്രമപ്രവൃദ്ധമായി തുടർന്നുകൊണ്ടുവന്നു. പ്രസ്തുത സഹകരണം മൂലം രണ്ടു ലോകമഹായുദ്ധങ്ങളിലും, ആഭ്യന്തരമായ അനാശാസ്യസംഭവങ്ങൾക്കിടയാകാതെ, വ്യാവസായികമായി ബ്രിട്ടനുള്ള സർവ്വശക്തിയും യുദ്ധകാര്യത്തിനായി വിനിയോഗിക്കുന്നതിനു സാധിച്ചു. ട്രേഡ് യൂണിയൻ പ്രസ്ഥാനം നിർവ്വഹിച്ചുപോരുന്ന സൃഷ്ടിപരപ്രവർത്തനങ്ങളുടെ പ്രാധാന്യത്തെപ്പററി തൊഴിലാളിയും മുതലാളിയും അനുസ്മരിക്കുന്നതിനാൽ അന്യോന്യവിശ്വാസമാകുന്ന അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയും, കൂലിതർക്കങ്ങളും അഭിപ്രായഭിന്നതകളും ഉത്ഭവിക്കുമ്പോഴും, മററു രാജ്യങ്ങളിൽനിന്നു വ്യത്യസ്തമായി, ബ്രിട്ടനിൽ ഒരു സന്മനോഭാവവും സൗമ്യതയും സാധ്യമാകുകയും ചെയ്തുകാണപ്പെടുന്നു.

എല്ലാം ട്രേഡ് യൂണിയനുകളും "വോളൻററിനെസ്സ്" (നിർബ്ബന്ധമില്ലായ്മ) എന്ന തത്വത്തെ അധിഷ്ഠിതമാണ്. ബ്രിട്ടീഷ് ഡെമോക്രസിയാകുന്ന ചട്ടക്കൂട്ടിനകത്തു നിർബ്ബന്ധിതസംഘടനയ്ക്കു സ്ഥാനം അനുവദിക്കപ്പെട്ടിട്ടില്ല. കാമൺസ്സഭയിൽചെയ്ത ഒരു പ്രസംഗത്തിൽ മി: വിൻസ്റ്റൻ ചർച്ചിൽ ട്രേഡ് യൂണിയൻസിനെപ്പററി പ്രസ്താവിച്ചതു "നമ്മുടെ സാമൂഹ്യജീവിതത്തിന്റെയും പുരോഗതിയുടെയും കേന്ദ്രസ്ഥാനത്തിനു ഏററവും സമീപത്തു സ്ഥിതിചെയ്യുന്നതു, ഉറപ്പും പുരോഗമനവും സംയോജിപ്പിക്കാവുന്നതാണെന്നു പ്രത്യക്ഷമാക്കുന്നതുമായ സ്ഥാപനങ്ങൾ" എന്നാണ്.

—:*.—

# ഇൻഡ്യയും ചൈനയും

കാവാലം കേശവൻനായർ

പ്രാചിയുടെ രണ്ട് ഓമനക്കണ്ണുകളാണ് ഇന്ത്യയും ചൈനയും. അവർ ഇരുവരും സുന്ദരികളാണ്; നല്ല തറവാട്ടുകാരാണ്; മാതൃപ്രിയക്കാരുമാണ്. അഭിമാനാർഹമായ ഒരു പൂർവ്വചരിത്രം രണ്ട് രാജ്യത്തിനും ഉണ്ട്. ചീനയും ഭാരതവും രണ്ട് ഉൽകൃഷ്ടസംസ്കാരങ്ങളുടെ കലവറയാണ്. അയ്യായിരംകൊല്ലത്തിനുമുമ്പും അവർക്ക് രണ്ടുപേർക്കും ചരിത്രം ഉണ്ട്. ഇരുവരും സഖികളുമാണ്. ശ്രീബുദ്ധന്റെ കാലശേഷമാണ് ഇന്ത്യയും ചൈനയും തമ്മിൽ ആത്മാർത്ഥമായ മൈത്രീബന്ധത്തിൽ ഏർപ്പെട്ടത്. ഏതായാലും ഇവർ പരസ്പരം സംസാരിച്ചിട്ടുള്ളതും അതിനു ശേഷമാണ്. അശോകചക്രവർത്തിയുടെ കാലത്തിനുമുമ്പ് ചൈനയും ഭാരതവും തമ്മിൽ വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്നുവെന്നുള്ളത് തർക്കമററസംഗതിയാണ്. ചീനത്തെ പട്ട് ഭാരതത്തിലെ മദാലസകളുടെ കണ്ണിലുണ്ണിയായിരുന്നു. ഒരുകാലത്ത്—ക്രിസ്തുവിനു മുമ്പുള്ള കാലത്ത്—ചൈനീസ് പട്ട് ഇന്ത്യയിലെ വാണികളിൽ ധാരാളമായി വന്നുകൊണ്ടിരുന്നു. ഇന്നും ചൈനീസ് പട്ടുകച്ചവടക്കാർ നമ്മുടെ നാട്ടിൽവന്ന് ചില്ലറയായി പട്ടുകച്ചവടം നടത്താറുണ്ടല്ലോ. അവരുടെ പൂർവ്വീകരാണ് നമ്മുടെ പൂർവ്വീകർക്ക് പട്ട് നൽകിവന്നത്. മിക്കവാറും അന്നത്തെ ചൈനീസ് കച്ചവടക്കാർ കടൽമാർഗ്ഗമായിട്ടാണ് ഇന്ത്യയിൽ വന്നുകൊണ്ടിരുന്നതെങ്കിലും ചീനത്തേക്ക് ഇന്ത്യയിൽനിന്നും കരവഴിയായും യാത്രക്കാർ പൊയ്ക്കൊണ്ടിരുന്നു. ഇരുനാട്ടിലും അല്പാല്പമായ കുടിയേറിപ്പാർപ്പുകളും പരസ്പരം ഉണ്ടാകാതിരുന്നില്ല. അതാണ് ഇന്ത്യയുടെ കിഴക്കൻപ്രദേശങ്ങളിൽ ഇന്ന് മംഗോളിയൻവർഗ്ഗലക്ഷണങ്ങളുള്ള ആളുകളെ കാണുന്നതിന് കാരണം. ബംഗാൾ, നീപ്പാൾ, ആസ്സാം തുടങ്ങിയ സ്ഥലങ്ങളിൽ മംഗോളിയന്മാർ ഒരുകാലത്ത് അധിവസിച്ചിട്ടുണ്ടെന്നുള്ളതിന്—അഥവാ മംഗോളിയക്ക് സമ്പർക്കമുണ്ടായിരുന്നുവെന്നുള്ളതിന്—ഇന്ന് ആ നാട്ടിലുള്ള ജനങ്ങളിൽ ഒരു വിഭാഗത്തിന്റെ ലക്ഷണപ്രകൃതികൾ മതിയായ തെളിവാണ്. അത് ഒരാശ്ചര്യമല്ല. ചീനത്തെക്കഥയും ഇതുപോലെതന്നെയായിരിക്കും. ഭാരതീയരുടെ സന്താനപരമ്പരകൾ അവിടെയും കാണണം; കാണുമുണ്ട്.

ബൌദ്ധമതത്തിന് കൺഫ്യൂഷന്റെ നാട്ടിൽ ലഭിച്ച പ്രചാരം അനന്യവും അസൂയാജനകവും ആയിരുന്നു. ഇന്ത്യയിൽ ക്രിസ്തുമതത്തിനും ഇസ്ലാംമതത്തിനും സിദ്ധിച്ച പ്രചാരംപോലെയായിരുന്നു ബൌദ്ധമതത്തിന് ചൈനയിൽ ഉണ്ടായത്. എന്നാൽ ബൌദ്ധമതത്തിന് ചീനത്തുലഭിച്ച അംഗീകാരവും സ്വീകരണവും പ്രാബല്യവും വാളിന്റെയും വെടിയുണ്ടയുടെയും തണലിലുള്ള അധികാരശക്തിയുടെ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനശക്തികൊണ്ടോ, പ്രേരണകൊണ്ടോ ഞെരുക്കൽകൊണ്ടോ ഉണ്ടായതല്ല. ഇന്ത്യൻ ബുദ്ധമതഭിക്ഷുക്കൾ ചീനത്തു കാലുകുത്തിയത് 'അഹിംസാ പരമോ ധർമ്മ' എന്നുള്ള ഉപദേശത്തോടുകൂടിയായിരുന്നു. ബുദ്ധമതപ്രചാരത്തോടുകൂടി ഇന്ത്യയും ചീനയും തമ്മിൽ ദൃഢമായ ആത്മബന്ധത്തിൽത്തന്നെ ഏർപ്പെട്ടു. പക്ഷേ അതിനു കാരണക്കാർ നിഷ്കാമികളും ലോകസേവനതല്പരരുമായിരുന്ന ബൌദ്ധസന്യാസിമാരായിരുന്നുവെന്നുള്ളത് തർക്കമററ സംഗതിയാണല്ലോ. ചീന ഭാരതബന്ധത്തിനു പ്രതിഷ്ഠാകർമ്മം നടത്തിയവരും അതിനുവേണ്ടി ജീവനെപ്പോലും തൃണവൽഗണിച്ച് കാടും മലയും നടന്നുകയറിയും കടലുകളിൽക്കൂടി സഞ്ചരിച്ചും ദൌത്യം നടത്തിയ ബുദ്ധസന്യാസിമാരുടെ നാമധേയങ്ങൾ ചരിത്രാദ്ധ്യായങ്ങളിൽ ഒരുവേള സ്ഥലംപിടിച്ചിട്ടില്ലെങ്കിലും ജനഹൃദയങ്ങളിൽ അവർക്ക് ശരിയായ സ്ഥാനം ലഭിച്ചിട്ടുണ്ടെന്നുള്ളത് തീർച്ചതന്നെ. ധാർമ്മികരായി നമുക്ക് അവരോടുള്ള കൃതജ്ഞത നിസ്സീമമാണല്ലോ. അശോകചക്രവർത്തിയുടെ അനുഗ്രഹാശിസ്സുകളോടുകൂടി സമാരംഭിച്ച ചീന ഭാരതബന്ധം അനേകനാൾ അഭംഗുരമായിത്തന്നെ നിലനിന്നിരുന്നു. ഇനിയും അതിനുവഴിയുണ്ട്.

അന്നുമുതൽ അനേകായിരം ബുദ്ധസന്യാസിമാർ അങ്ങോട്ടും ഇങ്ങോട്ടും പൊയ്ക്കൊണ്ടിരുന്നു. വിജ്ഞാനലബ്ധിക്കുവേണ്ടി അവിടെനിന്നും ഇങ്ങോട്ടേക്കും മതപ്രചരണത്തിനുവേണ്ടി ഇവിടെനിന്നും അങ്ങോട്ടേക്കും സന്യാസിമാരും പണ്ഡിതന്മാരും, തീർത്ഥാടനക്കാരും നിരന്തരം സഞ്ചരിച്ചുകൊണ്ടിരുന്നു. അപകടപൂർണ്ണവും സുദീർഘവുമായ ഒരു യാത്രയായിരുന്നു അക്കാലത്തു അവർക്ക് നിർവ്വഹിക്കേണ്ടിയിരുന്നത്. മദ്ധ്യേഷ്യയിലെ അനന്തവിസ്തൃതങ്ങളും മനുഷ്യവാസരഹിതവുമായിരുന്ന മൈതാനങ്ങളും, ഗോപിമണലാരണ്യവും, ഹിമാലയപർവ്വതനിരകളും മറികടന്നാണ് അക്കാലത്തു യാത്ര ചെയ്തിരുന്നത്. പ്രസ്തുതയാത്ര ഏററവും അപകടം പിടിച്ചതായിരുന്നു. യാത്രക്കാരിൽ നൂറുകണക്കിന് ഒരാൾ പത്തുപേർക്കും അപകടംതന്നെയാണ് ഉണ്ടായിട്ടുള്ളത്. വേറിട്ടൊരുവഴിയും ഉണ്ടായിരുന്നു. പക്ഷേ അതിനു അല്പം എളുപ്പം ഉണ്ടായിരുന്നുവെന്നുള്ളതിൽക്കവിഞ്ഞു അപകടക്കുറവു ഒട്ടുംതന്നെ ഇല്ലായിരുന്നു. ഇതു സമുദ്രമാർഗ്ഗേണയുള്ളതാണ്. ഇൻഡോചൈനവഴി, ജാവാ, സുമാട്രാ, മലേയാ, നിക്കോബാർ തുടങ്ങിയ ദ്വീപുകളിൽ അടുത്തടുത്താണ് അന്നു കപ്പൽയാത്ര നടത്തിയിരുന്നത്. പായ്ക്കപ്പലുകളിലുള്ള യാത്രയായിരുന്നതിനാൽ അപകടത്തിനു യാതൊരു കുറവും ഇല്ലായിരുന്നു. മണിക്കൂറൊന്നിനു ഇരുനൂറും മുന്നൂറും മൈൽ വേഗത്തിൽ പറക്കുന്ന വിമാനങ്ങളിലും, എൺപതും നൂറുംമൈൽ വേഗത്തിലോടുന്ന കപ്പലുകളിലും ആധുനികങ്ങളായ സകലവിധ സജ്ജീകരണങ്ങളോടും അകമ്പടിയോടുകൂടി യാത്രചെയ്യുന്ന ഇന്നത്തെ ആളുകളിൽ പലരും തങ്ങളുടെ യാത്ര ആപൽക്കരമായിരുന്നുവെന്നു പെരുമ്പറയടിക്കാറുണ്ട്. പക്ഷേ അവർ പണ്ടത്തെ യാത്രക്കാരെപ്പററി വിസ്മരിച്ചുപോകുന്നതാണ് കഷ്ടം. ചീനഭാരത സഞ്ചാരികളിൽ പലരും യാത്രയുടെ അപകടത്തെ ഭയന്നു നാട്ടിലേക്ക് തിരിച്ചുപോകാതെ ചെന്നുപററിയടത്തു സ്ഥിരതാമസമുറപ്പിക്കുന്നതിനും മടിച്ചിട്ടില്ല. പരസ്പരം കുടിയേറിപ്പാർപ്പ് ഉണ്ടാകാനുള്ള കാരണങ്ങളിലൊന്ന് ഇതായിരുന്നു. ഈ യാത്രകളുടെയും കുടിയേറിപ്പാർപ്പിന്റെയും ഫലമായി ഭാരതീയ സംസ്കാരത്തിനും ബൌദ്ധമതത്തിനും ചീനത്തു മാത്രമല്ല പ്രചാരവും സ്വാധീനവും ഉണ്ടായത്. അതു മറികടന്നുപോയ നാട്ടിലെല്ലാം വേരൂന്നിയിട്ടുണ്ട്. മദ്ധ്യേഷ്യയിലും ഇൻഡോചൈനയിലും അതിനു സ്വീകരണം ലഭിച്ചിട്ടുണ്ട്. നിരവധി ബൌദ്ധാശ്രമങ്ങളും, സ്റ്റഡിക്ലാസ്സുകളും ആ ദേശങ്ങളിൽ ഉണ്ടായി. അവ പിന്നീട് ചീനത്തുനിന്നും ഇന്ത്യയിലേയ്ക്കും, ഇന്ത്യയിൽനിന്നും ചീനത്തേക്കും സഞ്ചരിച്ച യാത്രക്കാർക്ക് വിശ്രമസ്ഥലങ്ങളായി പ്രയോജനപ്പെട്ടിരുന്നു. ചീനത്തുനിന്നും ആദ്യമായി ഇന്ത്യയിലേക്കു പോകുന്ന യാത്രക്കാരിൽ പലരും ഇൻഡോനേഷ്യയിലെ ബൌദ്ധാശ്രമത്തിൽ അല്പനാൾതാമസിച്ച് സംസ്കൃതഭാഷ അഭ്യസിച്ചശേഷമാണ് ഇന്ത്യയിൽ വരാറുണ്ടായിരുന്നത്. അങ്ങിനെ വിശ്രമാലയങ്ങളായും, അഭ്യസനസ്ഥാപനങ്ങളായും ഏതൽ ആശ്രമങ്ങൾ പ്രയോജനപ്പെട്ടിട്ടുണ്ട്. അവയെ എക്സ്ചേഞ്ചുകളായി പരിഗണിക്കുന്നതിലും തെററില്ല.

കാശ്യപമാതംഗൻ എന്ന പണ്ഡിതനാണ് ആദ്യമായി ഇന്ത്യയിൽനിന്നും ചീനത്തേക്കു പോയത്. ആദ്യമായിപ്പോയ പണ്ഡിതൻ എന്നു പറഞ്ഞതിൽനിന്നും അതിനുമുമ്പ് പാമരന്മാർ പോയിക്കാണുകയില്ലേ എന്നൊരുചോദ്യത്തിനു വഴിയുണ്ട്. കണ്ടേക്കാം. വല്ല ചീനവ്യാപാരികളുടേയും കൂടെ ചുമട്ടുകാരനായിട്ട് പോയിട്ടുണ്ടെന്നു വരുമല്ലോ. മിങ്ടി എന്ന ചീനചക്രവർത്തിയുടെ പ്രത്യേക ക്ഷണപ്രകാരമാണ് കാശ്യപൻ ചൈനയ്ക്കുപോയത്. എ. ഡി. ൬൭-ാമാണ്ട് അയാൾ ചൈനയിൽ ചെന്നു. ലോനദിയുടെ കരയിൽ ലോയാങ്ങ് എന്നൊരു സ്ഥലം ഉണ്ട്. ഇവിടെയായിരുന്നു കാശ്യപന്റെ താമസം. കാശ്യപന്റെ അംഗമായി ചീനത്തിനുപോയ ഒരു സന്യാസിയും പണ്ഡിതനുമാണ് ധർമ്മരക്ഷകൻ. അതിനുശേഷം ഇന്ത്യയിൽനിന്നും പലപ്പോഴായി ചൈനയിൽ പോയിട്ടുള്ള സന്യാസിമാർക്കും പണ്ഡിതന്മാർക്കും കണക്കില്ല. അവരിൽ പ്രധാനികളും, കാശ്യപന്റെ പിന്നാലെ പോയിട്ടുള്ളവരും ആണ് ബുദ്ധഭദ്രൻ, ജിനഭദ്രൻ, കുമാരജീവൻ, പരമാർത്ഥൻ, ജിനഗുപ്തൻ ബോധിധർമ്മൻ തുടങ്ങിയവർ. ഇവരോരോരുത്തരും അവരുടെ കൂടെ ഒരു സംഘം ബുദ്ധസന്യാസിമാരെക്കൂടി ചീനത്തേക്കു കൊണ്ടുപോയിരുന്നു. അങ്ങിനെ ഒരു കാലത്ത് ഏകദേശം മൂവായിരം ഇന്ത്യൻ ബൌദ്ധസന്യാസിമാരും, പതിനായിരത്തോളം ഇന്ത്യൻ കുടുംബങ്ങളും ലോയാങ്ങ് പ്രവിശ്യയിൽമാത്രം സ്ഥിരതാമസം ഉറപ്പിച്ചിരുന്നു. പ്രസ്തുത ഇന്ത്യൻപണ്ഡിതന്മാരുടെ പ്രയത്നഫലമായി ഒട്ടേറെ സംസ്കൃതഗ്രന്ഥങ്ങൾ ചൈനീസ് ഭാഷയിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. അനേകശതം സംസ്കൃതഗ്രന്ഥങ്ങൾ അവർ ചീനത്തേക്ക് കൊണ്ടുപോയിരുന്നു. വിവർത്തനങ്ങളായിട്ടല്ലാതെ സ്വതന്ത്രകൃതികൾ ചീനഭാഷയിൽ രചിച്ചിട്ടുള്ള ഇന്ത്യൻ പണ്ഡിതന്മാരും ഉണ്ട്. നമ്മുടെ പണ്ഡിതന്മാർമുഖേന ചീനഭാഷയ്ക്കു അമൂല്യങ്ങളായ ചില നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് അവിതർക്കിതമായ ഒരു പരമാർത്ഥമാണ്. എ. ഡി. ൪൦൧-ൽ ചീനത്തുപോയ കുമാരജീവൻ അതിപ്രസിദ്ധനായ ഒരു പണ്ഡിതനാണ്. അദ്ദേഹം മുപ്പത്തിമൂഴ് സംസ്കൃതഗ്രന്ഥങ്ങൾ ചൈനീസ് ഭാഷയിലേക്കു വിവർത്തനം ചെയ്യുകയുണ്ടായി. തന്റെ പാണ്ഡിത്യപ്രഭാപടലത്താൽ ആകൃഷ്ടചിത്തനായിത്തീർന്ന ചീനചക്രവർത്തി ജിനഗുപ്തന്റെ ശിഷ്യപദം സ്വീകരിക്കുകയുണ്ടായി. ചീനചക്രവർത്തിമാരെപ്പോലും പാദാന്തികത്തിലിരുത്തി വിദ്യാഭ്യാസം നിർവ്വഹിച്ചിട്ടുള്ള ഇന്ത്യൻപണ്ഡിതന്മാർ നമുക്ക് ഒരുകാലത്തു ഉണ്ടായിരുന്നുവെന്ന് ഇന്ന് നമുക്ക് അഭിമാനത്തോടുകൂടി സ്മരിക്കാൻ കഴിയുന്നു. അവരെപ്പോലുള്ളവരാണ് വാസ്തവത്തിൽ ചീനഭാരതബന്ധത്തിന് എക്സ്ചേഞ്ചുകളായി' പ്രവൃത്തിച്ചിട്ടുള്ളത്.

ഇൻഡ്യയിൽനിന്നു ചീനത്തേക്ക് എന്നുപോലെതന്നെ അവിടെനിന്ന് ഇങ്ങോട്ടേക്കും ഒട്ടനവധി പണ്ഡിതന്മാർ വന്നിട്ടുണ്ട്. ഫാഹിൻ, സുങ്ങ്യൻ, ഹ്യൂയൻ, മത്സിങ്ങ് തുടങ്ങിയവർ അവരിൽ പ്രധാനികളാണ്. കുമാരജീവന്റെ ശിഷ്യനായിരുന്നു ഫാഹിൻ. അയാൾ എ. ഡി. ൫-ാം ശതകത്തിലാണ് ഇന്ത്യ സന്ദർശിച്ചത്. ഈ സഞ്ചാരിയും അയാളുടെ യാത്രാസ്മരണകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലേക്ക് തിരിക്കുന്നതിനുമുമ്പായി ഗുരുവിനോട് യാത്രചോദിക്കുവാൻവേണ്ടി ഫാഹിൻ കുമാരജീവനെ സമീപിച്ചപ്പോൾ തന്റെ സമയം മുഴുവനും ഗ്രന്ഥപരിചയത്തിനായി മാത്രം ചിലവാക്കാതെ ഇന്ത്യയിലെ ആളുകളേയും അവരുടെ ജീവിതരീതികളേയും പാഠം പഠിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നും അതിനെ ചീനജനതയ്ക്കു ഇന്ത്യയുടെ യഥാർത്ഥ ഹൃദയം കാണാൻ സംഗതിയാകണമെന്നും ഉപദേശിച്ചതായുള്ള ഒരു കഥയുണ്ട്. ഏതായാലും ഗുരുവിന്റെ ഉപദേശം അക്ഷരംപ്രതി പാലിച്ച ഉത്തമശിഷ്യനായിരുന്നു ഫാഹിൻ. പാടലീപുത്രത്തിലെ വിശ്രുതമായ സർവ്വകലാശാലയിൽചേർന്ന് അനേകനാൾ പഠിച്ച ഈ ചീനസഞ്ചാരി ഇന്ത്യൻസംസ്കാരത്തിലും ബൌദ്ധമതത്തിലും അന്യൂനമായ പാണ്ഡിത്യം സമ്പാദിച്ചു.

എ. ഡി. ൭-ാംശതകത്തിൽ ഇന്ത്യ സന്ദർശിച്ച മറ്റൊരു ചീനനാണ് ഹ്യൂയൻട്സാങ്ങ്. ഇന്ത്യ സന്ദർശിച്ചിട്ടുള്ള ചൈനീസ് പണ്ഡിതന്മാരുടെ ഗണനാപ്രസംഗത്തിൽ ഇയാളുടെ പേർ അദ്വിതീയസ്ഥാനം അലങ്കരിക്കുന്നുണ്ട്. ഹർഷചക്രവർത്തി ഭാരതവർഷത്തിലും, ടാങ്ങ്‌വംശം ചൈനയിലും ഭരിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഇരുരാജ്യവും അന്ന് പ്രതാപൈശ്വര്യങ്ങളാൽ സമ്പൂർണ്ണമായിരുന്നു. പ്രതാപസമാനത ലോകചരിത്രത്തിൽ വളരെ വിരളമാണെന്നുള്ളതിൽ തർക്കമില്ല. കരമാർഗ്ഗേണയാണ് ഹ്യൂയൻ ഇന്ത്യയിൽ വന്നത്. യാത്രാമദ്ധ്യേ അയാൾക്ക് കാണേണ്ടും പഠിക്കാനും കഴിഞ്ഞ കാര്യങ്ങളെ ഹ്യൂയൻ പശ്ചാൽകാലികർക്കായി രേഖപ്പെടുത്തിയിട്ടുണ്ട്. അന്ന് മദ്ധ്യേഷ്യയിലെ ബൌദ്ധാശ്രമങ്ങൾ ഉണ്ടായിരുന്നുവെന്നും, ജനങ്ങൾ കടുത്ത ബുദ്ധമതവിശ്വാസികളായിരുന്നുവെന്നും ആണ് ഹ്യൂയന്റെ അഭിപ്രായം. ഒരുഖിലേന്ത്യാ പര്യടനംതന്നെ ഈ സഞ്ചാരി നിർവ്വഹിച്ചു. ഇന്ത്യയുടെ എല്ലാ മുക്കിലും മൂലയിലും ഇയാൾ...

(ശേഷം പതിമൂന്നാംപേജിൽ)

ആനന്ദമയമായ ജീവിതത്തിന് ഹൃദ്യമായ വാസനയുള്ള
"3001" ജവ്വാദു ബത്തികൾ ഉപയോഗിക്കുക
സുഖജീവിതത്തിനു പരിമളം നിറഞ്ഞ
"301" ജവ്വാദു ബത്തികൾ ഉപയോഗിക്കുക
ഹൃദ്യമായ പരിമളത്തിനു പേരുകേട്ട
"31" ജവ്വാദു ബത്തികൾ ഉപയോഗിക്കുക
ആരോഗ്യകരമായ ജീവിതത്തിനു
പ്രസാദ് അഗർബത്തികൾ ഉപയോഗിക്കുക
S. V. MURUGESAN & BROS.,
No. 39, Lakshmipuram 6th Street, MADURA
Branch: No. 4, Appaji Rao Lane, BANGALORE CITY.
Trivandrum Stockists: Sri B. K. Ganapathi Pillai, Chalai;
Janab S. M. M. A. Khader & Bros., Chalai;
Sri. R. Manickam Pillai, Chalai.
Quilon Division Agent; P. K. Kasim Sahib, Kaikulanagar

അത്യാവശ്യം,

കഴിഞ്ഞ ഇ. എസ്. എൽ. സി. പരീക്ഷയ്ക്കു സ്റ്റേററിൽ ഒന്നാമതായി പാസ്സായ എനിക്കു, കാളേജിലെ വിദ്യാഭ്യാസത്തിനു കഴിവില്ലാത്തതിനാൽ, അക്കാര്യം നിർവ്വഹിച്ചുതരുന്ന സൗജന്യനിധിയോടു ഞാൻ ആജീവനാന്തം കൃതജ്ഞനായിരിക്കും.

കലേശൻ (ഒപ്പ്)
കഴിമാറം, കാലടി.

ഈ പരസ്യം മലയാളരാജ്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതോടുകൂടി കലേശൻ ചിന്താതാന്തനായിത്തീർന്നു. അയാൾ ആശയുടെ ആധിക്യംകൊണ്ട് അഭിമാനം ബലികഴിക്കയാണു ചെയ്തതു്. പക്ഷേ ഫീസു സൗജന്യം ലഭിച്ചിരുന്നില്ലെങ്കിൽ ഇത്രയുംതന്നെ പഠിക്കുവാൻ കലേശനു കഴിയുമായിരുന്നില്ല. ആ പുരയിടത്തിലെ ആദായംകൊണ്ടു മാത്രം പുലരേണ്ടവരായി ഇവനെ കൂടാതെ അമ്മയും രണ്ടു സഹോദരങ്ങളുമുണ്ട്. പിതാവ് നാലഞ്ചുകൊല്ലം മുമ്പ് പരലോകം പൂകിയതിനാൽ കുടുംബഭരണഭാരംകൂടി കലേശന്റെ തലയിൽ വന്നുകൂടി. ഈ പരിതഃസ്ഥിതികൊണ്ട് കാളേജു കണികാണുവാൻകൂടി തനിക്കു കഴിവില്ലെന്ന് അവനു നിശ്ചയമുണ്ട്. തന്നിമിത്തം പല ദിവസം അനവരതമായി ചിന്തിച്ചതിന്റെ ഫലമായി കലേശന്റെ മനസ്സിലുദിച്ച മാർഗ്ഗമിതാണ്. ഈ വിശാലലോകത്തിൽ സൗജന്യനിധിയായ ആരെങ്കിലും അവനിൽ കനിവുദിച്ചെങ്കിലോ?—

സർവ്വകലാശാലാ ബിരുദം നേടണമെന്നുള്ള ആശയോടൊപ്പം, കലേശന്റെ അഭിമാനം പരസ്യമായി വില്ക്കുവാൻ പ്രേരിപ്പിച്ച ആശയം മറ്റൊന്നാണ്. ആജീവനാന്തം ആരെങ്കിലും വിധേയനായി വർത്തിക്കേണ്ടിവന്നാലും, തന്റെ ഹൃദയത്തിൽ സുപ്രതിഷ്ഠിതമായിത്തീർന്ന ഒരു ദീപത്തിന്റെ പ്രകാശം ഏതാനും കാലംകൂടി ആവോളം കൺകുളിർക്കെ കണ്ടാനന്ദിക്കുക, താൻ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുവെങ്കിലും, ആ ദീപം തന്നെ സംബന്ധിച്ചിടത്തോളം ധ്രുവാന്തരത്തിൽ സ്ഥിതിചെയ്യുകയാണെന്ന് കലേശനറിയാം.

വിജയമ്മ നാലഞ്ചുകൊല്ലമായി അവന്റെ സതീർത്ഥ്യയായ ഒരു ലലനാമണിയാണ്. അന്നാട്ടിലെ ഏററവും വലിയ ധനികന്റെ ഏകസന്താനം. അവൾ നിത്യവും സ്കൂളിൽ വരുന്നതു സ്വന്തം കാറിലാണ്. ദിനംപ്രതി ആടയാഭരണങ്ങൾ മാറിമാറി സ്കൂളിലേയ്ക്കുള്ള വിജയമ്മയുടെ വരവ് ആർക്കും കൗതുകകരമായ ഒരു കാഴ്ചയാണ്. അഹങ്കരിക്കാനവകാശമുണ്ടെങ്കിലും വളരെ വിനയവതിയാണ് വിജയമ്മ. ആകാരസൗഷ്ഠവവും, സ്വഭാവമാധുര്യവും, ബുദ്ധിസാമർത്ഥ്യവുംകൂടി സമ്മേളിച്ചു കണ്ടപ്പോൾ അദ്ധ്യാപകരുടെ മാത്രമല്ല വിദ്യാർത്ഥികളുടെയും ആദരാശംസയും ആനന്ദവും വിജയമ്മയിൽ നിക്ഷിപ്തമായി.

വിജയമ്മ വിദ്യാർത്ഥിനികളുടെ നടുനായകമായിരുന്നതുപോലെ കലേശൻ വിദ്യാർത്ഥികളുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രമായിത്തീർന്നു. വർഷങ്ങളിൽനിന്നു ധനസ്ഥിതിയിൽ വലിയ ഭേദമാകാവും പഠിത്തത്തിൽ ചെറിയ ഒരു മെച്ചവും കലേശനുണ്ട്. സൗന്ദര്യത്തിലും സൗശീല്യത്തിലും ആരുടേയും അഭിനന്ദനം അവനും ആർജ്ജിച്ചിരുന്നു.

വിജയമ്മ ഒന്നാംക്ലാസിൽ പാസായി. അവൾ കാളേജിൽ ചേരുന്നകാര്യം നിശ്ചയമാണ്. തിരുവനന്തപുരത്തു സ്വന്തഗൃഹവുമുണ്ട്. അതുകൊണ്ടു തിരുവനന്തപുരം കാളേജിൽതന്നെ തനിക്കും ചേർന്നു പഠിക്കണമെന്നാണ് കലേശന്റെ ആഗ്രഹം.

ഒരുദിവസം വിജയം കലേശനെ വഴിമദ്ധ്യത്തിൽവച്ചു കണ്ടപ്പോൾ താൻ തിരുവനന്തപുരം കാളേജിൽചേർന്നു പഠിക്കാൻ തീരുമാനിച്ച വിവരം ധരിപ്പിച്ചു. കൂടാതെ അയാളും അവിടെത്തന്നെ ചേരണമെന്നു നിർബന്ധിക്കുകയും ചെയ്തു. വിജയമ്മയല്ല അതു പറഞ്ഞതെങ്കിൽ തന്നെ അപഹസിക്കയാണു ചെയ്തതെന്നു കലേശൻ വിചാരിക്കുമായിരുന്നു. തന്റെ യഥാർത്ഥസ്ഥിതിയെപ്പററി ഇത്ര അജ്ഞയാണല്ലോ ആ സാധുവെന്നു അയാൾ സമാധാനിച്ചു. എങ്കിലും ആ സംഭവം അയാളുടെ ആശയെ അത്യുച്ചകോടിയിലെത്തിച്ചു.

ചെറുകഥ

# കൃതജ്ഞത

വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ,

എന്തുതന്നെ സംഭവിച്ചാലും നാലുകൊല്ലംകൂടി നേത്രോത്സവമാസ്വദിക്കാനുള്ള ആ ഭാഗ്യത്തിനുവേണ്ടി കലേശൻ ആ പരസ്യം പ്രസിദ്ധീകരിച്ചു.

തന്റെ കുലീനത്വവും അഭിമാനവും എല്ലാം നശിച്ചു എന്നു കലേശൻ വിഷാദിച്ചു. വിജയമ്മയുടെ ഹൃദയത്തിൽ തനിക്കിനി യാതൊരു സ്ഥാനവുമുണ്ടായിരിക്കയില്ലെന്ന് അയാൾ ഭയപ്പെട്ടു. ഒടുവിൽ ഇങ്ങനെ സമാധാനിച്ചു,

'ആ വിളനക്ഷത്രത്തെ നോക്കിക്കൊണ്ടിരിക്കുക മാത്രമല്ലേ എന്റെ ഉദ്ദേശവും ആശയും. നക്ഷത്രം കണ്ണടച്ചാൽ എനിക്കെന്തു്?'!

പരസ്യത്തിന്റെ പുതുമമൂലം പത്രപാരായണക്കാരുടെ ഇടയിൽ വിവിധാഭിപ്രായങ്ങൾ സംജാതമായി.

'പഠിച്ചില്ലെങ്കിലെന്തു്? ഇങ്ങനെ പരുഷം പറയപ്പെട്ടതാമോ?'

'ഈ ഇരുപതാംനൂറ്റാണ്ടിലുമുണ്ടോ ഇത്തരം വിഡ്ഢികൾ'

'ഇവനൊരു കള്ളനാണു്. കാര്യം കണ്ടുകഴിഞ്ഞാൽ 'കൂരായണ' എന്നാകും'

'ഇവന്റെ കൃതജ്ഞതയ്ക്കു പണംകൊടുക്കാനാരിരിക്കുന്നു; പാവം! പരസ്യച്ചെലവു നഷ്ടം!'

ഈവിധം വർദ്ധമാനമായിക്കൊണ്ടിരുന്ന നിരൂപണങ്ങൾ വായുവിൽ വിലയിച്ചുപോയി.

കലേശൻ കൂട്ടുകാരുടെ പരിഹാസത്തിനു പാത്രമായിത്തീർന്നു. എങ്കിലും പരസ്യം നിഷ്പ്രയോജനമായെന്നു പറഞ്ഞുകൂടാ. ചില കാളേജധികാരികൾ സ്റ്റേററിൽ ഫസ്റ്റായതുകൊണ്ടു ഫീസു സൗജന്യമനുവദിക്കാമെന്നു കലേശനെഴുതി. ആ സൗജന്യംകൊണ്ട് അവനു യാതൊരു പ്രയോജനവുമില്ല. മററു ചെലവുകളെങ്ങനെ നിർവ്വഹിക്കും? ദിവസം നീളുന്തോറും കലേശൻ കൂടുതൽ കൂടുതൽ നിരാശനായിത്തീർന്നു. അവൻ വിഷാദമഗ്നനായി ഗൃഹാന്തർഭാഗത്തുതന്നെ കഴിച്ചുകൂട്ടി. കലേശന്റെ മാതാവ് അവന്റെ ഈ ഇരിപ്പും വിഷാദവുംകണ്ടു മനമുരുകി പലതും പറഞ്ഞു സമാധാനിപ്പിക്കാൻ ശ്രമിച്ചുനോക്കി. അവർ പറഞ്ഞു. 'കുഞ്ഞേ, വലിയവരോടൊപ്പം വേഷംകെട്ടാൻ നമുക്കു സാധിക്കുമോ? ആരു പണം തരാനാ! നീ എന്തെങ്കിലും ജോലിയിൽ പ്രവേശിച്ചു കുടുംബംനോക്കു്'.

കലേശനു യാതൊരു സമാധാനവുമുദിച്ചില്ല. കാളേജു തുറക്കാൻ ഇനി രണ്ടു ദിവസം മാത്രമേയുള്ളു. വിജയമ്മ വിശ്വസ്തഭൃത്യനായ രാമസ്സാരും, അരിവയ്പുകാരിയുമൊന്നിച്ച് തിരുവനന്തപുരത്തിനു പോയിക്കഴിഞ്ഞു. അതോടെ ഹതഭാഗ്യനായ ആ യുവാവ് നിരാശയുടെ പാരമ്യത്തിലെത്തി.

അടുത്തദിവസം പകൽ പത്തുമണിസമയം. കലേശൻ മുറിയിൽ ഇരിക്കുന്നു. അയാൾ സാവധാനത്തിൽ അന്നത്തെ പത്രം കൈയിലെടുത്തു. തന്റെ ജാതകം തീരുമാനിക്കപ്പെട്ട സ്ഥിതിക്ക് ആ പത്രത്തിനോടൊരു കോപംതോന്നി. അതു് വലിച്ചു കഷണംകീറിയാൽ കാല്പ്പോരു മനസ്സമാധാനം ലഭിക്കുമെന്നു വിചാരിച്ചു. പെട്ടെന്നൊരുവിളി---

'കലേശനുണ്ടോ ഇവിടെ.'

കൂട്ടുകാരാരെങ്കിലും പരിഹസിക്കാനെത്തിയതായിരിക്കുമെന്നു കരുതി കലേശൻ അനങ്ങിയില്ല. വിളി ആവർത്തിച്ചു. 'ഇതെന്തുശല്യം' എന്നു പിറുപിറുത്തുകൊണ്ട് അയാൾ പുറത്തുവന്നു. അഞ്ചൽമാൻ അവിടെ നിൽക്കുന്നു.

'ഒരു മണിയാർഡറും എഴുത്തുമുണ്ടു്.'

കലേശൻ അമ്പരന്നു. അയാളുടെ ഹൃദയത്തിൽ ആനന്ദത്തിന്റെ ഒരു പൊട്ടുപൊടുപ്പ്. കൈനീട്ടി ഫാറംവാങ്ങി നോക്കി, 'ഹാ! ഒരു നൂറുരൂപാ' ആരാണയച്ചതു്?—'വിജയൻ. പേട്ട, തിരുവനന്തപുരം.' അയാൾ എഴുത്തുപൊട്ടിച്ചു. തിരുവനന്തപുരത്തുനിന്നുതന്നെ. എന്താണെഴുതിയിരിക്കുന്നതു്?

'നിങ്ങളുടെ പരസ്യപ്രകാരം ഒരു നൂറുരൂപാ അയയ്ക്കുന്നു. അടുത്ത തവണമുതൽ വിദ്യാഭ്യാസകാലം മുഴുവൻ പ്രതിമാസം എഴുപത്തഞ്ചുരൂപാ അയച്ചുകൊള്ളാം. ഇവിടെ വരുമ്പോൾ എന്നെ അന്വേഷിക്കരുതു്. അന്വേഷിച്ചാൽ പ്രയോജനമില്ല. വ്യാജമായ മേൽവിലാസമാണിതു്. അജ്ഞാതനാമാവായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

അഭ്യുദയകാംക്ഷി (ഒപ്പ്)

കലേശൻ മൗനമായി ഈശ്വരനെ പുകഴ്ത്തി. അവന്റെ ദീർഘമൗനംകണ്ട് അക്ഷമനായ അഞ്ചൽമാൻ പറഞ്ഞു.

'എനിക്കു പലേടിക്കിലും പോകാനുണ്ടു്'

കലേശൻ സ്വപ്നത്തിൽനിന്നുണർന്നു. ഒപ്പിട്ടു പണംവാങ്ങി ഒരുരൂപാ അഞ്ചൽമാനു കൊടുത്തു. 'മുഴുവൻ തനിക്കുതന്നെയോ' എന്നു സംശയിച്ചു് അയാൾ കലേശന്റെ മുഖത്തേയ്ക്കു മിഴിച്ചുനോക്കി.

'സംശയിക്കേണ്ട. അമ്മാവൻ കൊണ്ടുപോകണം. ഞാൻ കാളേജിൽ ചേരാൻ പോകുകയാണ്.' കലേശൻ ചിരിച്ചുകൊണ്ടു പറഞ്ഞു,

'കുഞ്ഞിനു നന്നായിവരും'—ആ വൃദ്ധൻ അനുഗ്രഹിച്ചു.

* * * *

കലേശൻ കാളേജിൽ ചേർന്നു. വിജയമ്മയെ ആദ്യം കണ്ടപ്പോൾ അവളും മനോഹരമായി മന്ദസ്മിതം തൂകി. അവൻ ആനന്ദാവേശത്താൽ പുളകമണിഞ്ഞു. കലേശനു അവളുടെ കടാക്ഷങ്ങളും ഇടയ്ക്കിടയ്ക്കു ലഭിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം അവൻ നേടിയ നിർവൃതിക്കളവില്ല. അങ്ങനെ ദിനങ്ങൾ ഓരോന്നായി നീണ്ടുപോയിത്തുടങ്ങി.

കലേശൻ ചുരുങ്ങിയ ചെലവിൽ ഒരു മുറി വാടകയ്ക്കെടുത്ത് ഏകനായി താമസിച്ചു. ഏവരും അവന്റെ കൂട്ടുകാരാണെങ്കിലും ഉററമിത്രമെന്ന നിലയിൽ ആരേയും കൂട്ടുപിടിച്ചിട്ടില്ല. ചുരുങ്ങിയ കാലംകൊണ്ട് പ്രഫസർമാരിലും കൂട്ടുകാരിലും സദഭിപ്രായം ജനിപ്പിക്കാൻ കലേശനു കഴിഞ്ഞു. യൂണിയൻസിക്രട്ടറിയുടെ തരഞ്ഞെടുപ്പിൽ കലേശന്റെ എതിർസ്ഥാനാർത്ഥി നിശ്ശേഷം പരാജയപ്പെട്ടു.

അന്വേഷിക്കേണ്ട ആവശ്യമില്ലെന്നു എഴുതിയിട്ടുണ്ടെങ്കിലും തന്റെ ഉപകർത്താവാരാണെന്നുള്ള ജിജ്ഞാസയിൽ പ്രേരിതനായി കലേശൻ പേട്ടയിൽ പലപ്പോഴും പോയി പലരോടും അന്വേഷിച്ചു. വിജയൻ ആരെന്നറിയുന്ന ആരേയും കണ്ടുകിട്ടിയില്ല, അടുത്തമാസത്തിൽ ഐരൂപാ മണിയാർഡർ കിട്ടി. "ഭാസ്കരൻ പുരാതൻവീട്, കടയ്ക്കാവൂർ." ഓരോമാസത്തിലും കൃത്യമായി പണം ലഭിച്ചുവന്നു. ഓരോ ഫാറത്തിലും ഓരോ മേൽവിലാസം മാറിമാറികണ്ടു. തന്റെ ഉപകർത്താവ് ഏതെങ്കിലും സഞ്ചാരവ്യാപാരിയായിരിക്കാമെന്നു അയാൾക്കു ശങ്കജനിച്ചു. ആളറിയിക്കരുതെന്നു നിർബന്ധമുള്ള സ്ഥിതിക്ക് തന്റെ അന്വേഷണം വിഫലമാകാനേ തരമുള്ളു എന്നു കരുതി കലേശൻ ആ വൃഥാശ്രമത്തിൽനിന്നു വിരമിച്ചു.

കലേശൻ ഒരുദിവസം കാഴ്ചബംഗ്ലാവിൽ ചുററിസ്സഞ്ചരിക്കയായിരുന്നു. അവിചാരിതമായി വിജയമ്മയേയും രാമസ്സാരേയും കണ്ടുമുട്ടി.

'കലേശൻ കുഞ്ഞെന്താ ഞങ്ങടെ വീട്ടിൽ വരാത്തതു്'—രാമസ്സാർ ചോദിച്ചു.

'സൗകര്യമുള്ളപ്പോൾ വീട്ടിൽവരുന്നതു സന്തോഷമാണ്. എനിക്കു ചില സംശയങ്ങൾ പരിഹരിക്കയും ചെയ്യാം'—വിജയമ്മ പറഞ്ഞു.

വികടരായ കൂട്ടുകാർ ആരെല്ലാം ഈ സന്ദർശനവും ഭാഷണവും ശ്രദ്ധിക്കുന്നുണ്ടോ എന്നറിയാൻ കലേശൻ ചുററുംനോക്കി. അനാവശ്യമായ അപവാദം പരത്താൻ അതിവാസനയുള്ള അവർക്ക് വിജയമ്മയുടെ ക്ഷണം മതിയായ കാരണമാണെന്ന് അവർക്കറിയാം. ആരുമില്ലെന്നു നിശ്ചയംവന്നപ്പോൾ കലേശൻ പറഞ്ഞു:—

'കരുണകൊണ്ടോ, സ്നേഹംകൊണ്ടോ നിങ്ങൾ എന്നെ ക്ഷണിക്കുന്നു. ഞാനതു ഹൃദയപൂർവ്വം സ്വീകരിക്കയും ചെയ്തിരിക്കുന്നു. എന്നാൽ ലോകത്തിന്റെ വക്രഗതിയെ ഞാൻ ഭയപ്പെടുന്നു. വിജയമ്മയുടെ പേരിൽ കളങ്കലേശം ആരോപിതമാകുന്നതു് എനിക്കസഹ്യമാണ്.'

ഈ അവസരത്തിൽ രാമസ്സാർ അല്പം അകലെ ഒരു മയിലിന്റെ നൃത്തം നോക്കി രസിച്ചുകൊണ്ടിരിക്കയാണ്.

'നാം നാട്ടുകാരല്ലേ, വല്ലവരുടെ ദൃഷ്ടിയിൽ പെട്ടാലും അതൊരു നല്ല സമാധാനമല്ലേ.'

'അല്ല. അതുകൊണ്ടു കൂടുതൽ സൂക്ഷിക്കണം.'

'വിജയം! വിജയം!' ഒരു വിളി ദൂരെനിന്നു കേട്ടു. അവളുടെ സതീർത്ഥ്യയായ ഭാനുമതി ഓടി അവിടെ എത്തി. കലേശൻ അതിവേഗം മറ്റൊരിടത്തേയ്ക്കു മാറി.

ഭാനു ചോദിച്ചു. 'അതു കലേശനല്ലേ. നിങ്ങൾതമ്മിൽ വലിയ മമതയാണെന്നു തോന്നുന്നല്ലോ.'

'അദ്ദേഹം എന്റെ നാട്ടുകാരനാണ്. കണ്ടാൽ മിണ്ടാതിരിക്കുന്നതെങ്ങനെ? എന്തിനാ ഭാനു, ഈ ദുർവ്യാഖ്യാനം!'

'ഞാൻ കളി പറഞ്ഞതാണ്. എത്ര നല്ല മനുഷ്യൻ. എനിക്കദ്ദേഹത്തോടു വലിയ ബഹുമാനമാണ്.'

'നല്ല മനുഷ്യനായതുകൊണ്ടാണു ഞാനും സംസാരിച്ചതു്.'

'ഭാനു വലിയ പണക്കാരിയാണല്ലോ. കലേശന്റെ സ്ഥിതി എങ്ങനെയാ?

'പണമോ, ഗുണമോ ഭാനു വലുതു്.'

'ഭാനു, ഭാനു, ഒരു വിളികേട്ടു.

'വിജയം, എന്നെ അച്ഛൻ വിളിക്കുന്നു ഞാൻ പോകട്ടെ.'—ഭാനു ഓടി.

പെൻഷർഡ് എക്സൈസ് ഇൻസ്പെക്ടർ മധുസൂദനന്റെ മകളാണു ഭാനുമതി. അവൾ അടുത്തുചെന്നപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ കലേശനുമുണ്ട്.

ഭാനു പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. 'അച്ഛാ! അദ്ദേഹം എന്റെ ക്ലാസ്സിലാണു വായിക്കുന്നതു്. പേരു കലേശൻ എന്നു്. ആ പേരു യഥാർത്ഥമാണെന്നോ! സകലകലാവല്ലഭനാണദ്ദേഹം' 'ഓ! നിങ്ങളുടെ നാടകത്തിൽ നായകന്റെ പാർട്ടെടുത്തതു ഇദ്ദേഹമല്ലേ? പാട്ട് വളരെ നന്നായി എന്നു ഞാൻ പറകയായിരുന്നു'—മധുസൂദനൻ പറഞ്ഞു. 'പ്രസംഗത്തിനും ഇദ്ദേഹത്തെ ജയിക്കാനാരുമില്ല' ഭാനുമതി പറഞ്ഞു.

'അതു അതിസ്തുതിയാണു്'—കലേശൻ തടുത്തു. 'മഹാന്മാർ അങ്ങനെ പറയും'—ഭാനു പ്രതിവാദം ചെയ്തു.

കലേശനും മധുസൂദനനും ചിരിച്ചു. ആ യുവതീയുവാക്കൾ സ്വതന്ത്ര്യമായി സംസാരിച്ചു. മധുസൂദനൻ ശ്രോതാവു മാത്രമായിരുന്നു.

ചില അപശബ്ദങ്ങൾ കേട്ടു കലേശൻ തിരിഞ്ഞു നോക്കി. കൂട്ടുകാരിൽ ചിലർ ഒരു വൃക്ഷച്ചുവട്ടിൽ അങ്ങോട്ടു ദൃഷ്ടികളായി നിൽക്കുകയാണ്. ഭാനുവും അതു കണ്ടു എങ്കിലും അവഗണിച്ചുകൊണ്ടു സംസാരം തുടർന്നു. കലേശൻ മറുപടി പറയാതെ യാത്ര പറഞ്ഞു പിരിഞ്ഞു.

അടുത്ത ദിവസം ഭാനുവിനേയും കലേശനേയും ജോടിയാക്കിയുള്ള സംസാരം കാളേജു മുഴുവൻ പരന്നു. വിദ്യാർത്ഥികളുടെ ഭാഷണം ഒട്ടും കുറവുകൂടാതെ വിദ്യാർത്ഥിനികളും പകർത്തിത്തുടങ്ങി. കലേശൻ തനിക്കുനേരെ അമളിപിണഞ്ഞതുപോലെ വിഷണ്ണനായി. ഭാനുമതിക്കു ലേശംകൂസലില്ല. അതൊരു ഭൂഷണമെന്നാണവളുടെ ഭാവം. സങ്കോചലേശംകൂടാതെ കൂട്ടുകാരികളുടെ ആക്ഷേപങ്ങൾ കൗതുകത്തോടുകൂടിത്തന്നെ കേട്ടുവന്നു.

കലേശൻ വിചാരിച്ചു. 'പിതൃസന്നിധിയിൽ നടന്ന സംഭാഷണം ഇത്ര ബഹളത്തിനു കാരണമായ സ്ഥിതിക്ക് വിജയമ്മയുടെ ക്ഷണം സ്വീകരിച്ചാലുണ്ടാകുന്ന അപവാദം എത്രമാത്രമായിരിക്കും. ഇല്ല. ഞാൻ ഒരിക്കലും പോകുന്നില്ല.'

ഈ തീരുമാനത്തിനുശേഷം കലേശൻ വിജയമ്മയുമായുള്ള പരിചയഭാവപ്രകട

(ശേഷം നാലാംപേജിൽ)

(മൂന്നാംപേജിൽനിന്നും തുടർച്ച)

നങ്ങളെ നിശ്ശേഷം ഉപേക്ഷിച്ചു. അപവാദഭീരുവായ അയാളുടെ മുഖമുദ്ര ഒരു മ്ലാനത പരന്നു. ഭാനുമതീബന്ധം തനിക്കനേരിട്ട ഒരവമതിയായി ഗണിച്ചു. ഭാനുമതി കലേശനുമായി കൂട്ടിമുട്ടി അപവാദം വളർത്താൻ ഉൽസുകയായി ഭവിച്ചു. അത്ര ആവേശഭരിതമായ പ്രണയബന്ധമാണ് അവൾക്ക് കലേശനിലുദിച്ചിരിക്കുന്നത്.

ഭാനുമതിമൂലം കലേശനിലുദിച്ച ഉദാസീനതയും മ്ലാനതയും മറ്റെല്ലാവരിലും പകർന്നു. തന്റെ ക്ഷണം ഒരിക്കൽപോലും സ്വീകരിക്കാതിരുന്നതും, ഭാനുമതിയുടെ പേരുചേർത്തുള്ള പ്രസ്താവന ദിനംപ്രതി വളർന്നുവന്നതും വിജയമ്മയെ നിരന്വേഷയാക്കിത്തീർത്തു. അങ്ങനെ നാളുകളോരോന്നു നീണ്ടുപോയി.

പരീക്ഷകളും, ഒഴിവുകളും എല്ലാം കഴിഞ്ഞു നാലാംവർഷം സമാഗതമായി. ഭാനുവും, വിജയവും, കലേശനും സീനിയർ ബി. ഏ-യ്ക്ക് പഠിക്കുകയാണ്. ഒരു ദിവസം അഞ്ചൽമാർഗ്ഗം കലേശനു കിട്ടിയ കത്ത് ഭാനുമതിയുടെ ആയിരുന്നു.

പ്രിയ കലേശൻ,

അവിടത്തെ കാണാത്ത നിമിഷങ്ങൾ എനിക്കു നരകാനുഭവം നൽകുന്നു. ഭാവിജീവിതം പങ്കുകൊണ്ടനുഭവിക്കാൻ കനിവുദിക്കുമോ? സങ്കോചംവിട്ടു ഈവിധം എഴുതിയതിൽനിന്ന് എന്റെ പ്രേമത്തിന്റെ ആഴം അനുമിക്കാമല്ലോ. അനുകൂലമായ മറുപടി പ്രതീക്ഷിച്ചുകൊണ്ട്,

അവിടത്തെ ഭാനു (ഒപ്പ്)

അപ്രതീക്ഷിതമായ ഈ വഴിഞ്ഞുകയറ്റം കലേശനെ വല്ലാതെ വിഷമിപ്പിച്ചു. കത്തു കയ്യിൽവച്ചു ചിന്താമഗ്നനായിരിപ്പായി. മൂന്നുവിഷമം തന്നെ ഒന്നിച്ചുവലയംചെയ്തിരിക്കുന്ന വാസ്തവം അയാൾ മനസ്സിലാക്കി. അജ്ഞാതനായ ഒരാളുടെ പുത്രിയെ വിവാഹം ചെയ്യേണ്ടിവന്നേക്കാമെന്ന കർത്തവ്യം, തന്നിൽ പ്രേമവശയായിരിക്കുന്ന ഭാനുമതിയുടെ അഭ്യർത്ഥന. താൻ സ്നേഹിക്കുക മാത്രമല്ല, ആരാധിക്കുകകൂടി ചെയ്യുന്ന വിജയമ്മയുടെ മോഹനരൂപം. കലേശൻ മൂന്നുവലകളിലുംപെട്ടു വല്ലാതെ വലഞ്ഞു.

ഭാനുമതിയുടെ കാര്യത്തിൽ അയാൾ ഉദാസീനനാണ്. മററ രണ്ടുവിഷയങ്ങളുടെ ഇടയിൽ ചാടിക്കയറിവന്ന വെറും വിഷമമാണതെന്ന് അയാൾക്കുതോന്നി. ഈ വിഷയത്തിൽനിന്നൊഴിഞ്ഞുകിട്ടണമെന്നു മാത്രമാണ് അയാൾ ആശിച്ചത്.

അതിനുള്ള മാർഗ്ഗത്തെപ്പറ്റി മനസ്സുചുട്ടു ചിന്തിച്ചു. കേവലം നിരപരാധിയായിരുന്നിട്ടും ജനസംസാരം വിവാഹംവരെ വളർന്നെത്തി പരിതപിച്ചു. മറുകത്തെഴുതിയാൽപിന്നെ 'കിടക്കപ്പൊറുതി' ലഭിക്കയില്ലെന്നു അയാൾ നിശ്ചയിച്ചു. കത്തും കയ്യിൽവച്ചുകൊണ്ടു കലേശൻ അഗാധചിന്തയിലാണ്ടു.

'പാവം, ഭാനുമതി. എന്നെ യഥാർത്ഥമായി സ്നേഹിക്കയായിരിക്കണം. എന്റെ സ്ഥിതിക്കു ഈ ബന്ധം കാമ്യംതന്നെ. എന്തുചെയ്യാം. എന്റെ പ്രണയഗതി വിജയസന്നിധിയിലേക്കാണ്. പ്രാപ്യമായതുവിട്ട് അപ്രാപ്യമായതു കാമിക്കയാണു ഞാൻ......എന്റെ കൃതജ്ഞത! അതു് ആരോടു് എങ്ങനെ നിർവ്വഹിക്കണമെന്നറിഞ്ഞില്ല. ഏതോ ഒരു സൗജന്യനിധി പ്രതിഫലേച്ഛകൂടാതെ എനിക്കു പണമയച്ചുതരികയാണെന്നു എങ്ങനെ വിചാരിക്കാം. നിശ്ചയമായും ഒരു മകളുള്ള പിതാവായിരിക്കും അദ്ദേഹം. വിദ്യാഭ്യാസം കഴിയുന്നമുറയ്ക്ക് എന്നെ പിടികൂടുകയും ചെയ്യും. തീർച്ചയായും സ്വതന്ത്രനല്ല ഞാൻ......എന്തു ബുദ്ധിശൂന്യതയാണു ഞാൻ കാണിച്ചതു്. ആ മകൾ കുലീനയല്ലെങ്കിൽ — വിരൂപയാണെങ്കിൽ — എങ്കിലും ഞാൻ വിവാഹംചെയ്തേ മതിയാവൂ. എന്റെ ആധമർണ്യം അത്ര ബലവത്തരമാണ്......വിദ്യാഭ്യാസം അവസാനിക്കാൻ ഇനി ഏതാനും മാസങ്ങൾ മാത്രമാണുള്ളതു്. ഒന്നുകിൽ എന്റെ ആധമർണ്യം എത്രയെന്നറിയണം. അല്ലെങ്കിൽ അതിൽനിന്നൊഴിയണം.'

കലേശൻ ഈ നിശ്ചയത്തോടെ മലയാളരാജ്യത്തിനു താഴെകാണുന്ന പരസ്യം കൊടുത്തു.

എന്റെ കൃതജ്ഞത

ഏതാനും മാസങ്ങൾക്കകം എന്റെ വിദ്യാഭ്യാസം പൂർത്തിയാകുന്നതിനാൽ അജ്ഞാതനായ ഉപകർത്താവിനോടു എനിക്കുള്ള നിസ്സീമമായ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞാൻ സന്നദ്ധനാണെന്നുള്ളവിവരം അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനു മുമ്പ്, എന്റെ കൃതജ്ഞത ഏതുരൂപത്തിൽ ആവശ്യപ്പെടുന്നു എന്നറിയാത്തപക്ഷം എന്റെ ആധമർണ്യത്തിൽനിന്നും ഞാൻ സ്വയം മോചിതനാകുന്നതാണ്.

കലേശൻ (ഒപ്പ്)
കഴിമററം കാലടി.

ഈ പരസ്യം കണ്ടവർ കലേശനെ പരിഹസിക്കാനല്ല, പുകഴ്ത്താനാണ് നാവനക്കിയതു്.

ഭാനുവിന്റെ ചുണ്ടിൽ ഇരകൊത്തിയില്ല. തന്നിമിത്തം നിരാശാസാഗരത്തിൽ നിപതിച്ചു അവൾ സർവ്വദാ അവനമ്രമുഖിയായി വർത്തിച്ചു. ഈ ഭാവഭേദം കണ്ടു വിജയം ചോദിച്ചു.

'എന്താ ഭാനു, ഈയിടെ വല്ലാതിരിക്കുന്നതു'

ഭാനു വിജയമ്മയെ നിർന്നിമേഷയായി നോക്കി ഏദയരഹസ്യം പുറത്താക്കി അല്പം ആശ്വാസം നേടാമെന്നവൾ നിശ്ചയിച്ചു. എഴുത്തിന്റെ കാര്യം അഭിമാനത്തിനുവേണ്ടി സൂക്ഷിച്ചിട്ട് കലേശനിൽ തനിക്കുള്ള പ്രണയാതിരേകത്തെ തുറന്നു സമ്മതിച്ചു.

'കലേശനെ ലഭിച്ചാൽ ഭാനു ഭാഗ്യവതിയാണ്'. വിജയം പറഞ്ഞു.

നാളുകൾ ഓരോന്നായി പറന്നുപോയിട്ടും പരസ്യത്തിനു മറുപടിയൊന്നും ലഭിച്ചില്ല. അവസാനപരീക്ഷയും കഴിഞ്ഞു. രണ്ടുമൂന്നു ദിവസത്തിനകം തിരുവനന്തപുരം വിട്ടുപോകാനുള്ള ഒരുക്കങ്ങളിൽ കലേശൻ ഏർപ്പെട്ടു.

നാലുകൊല്ലത്തിനിടയിൽ ഒരുദിവസമെങ്കിലും വിജയമ്മയുടെ ക്ഷണം സ്വീകരിക്കാഞ്ഞകാര്യമാണ് ഒന്നാമതായി ഓർമ്മിച്ചതു്. അതു മര്യാദകേടു മാത്രമല്ല ഭാനുമതീബന്ധം പരസ്യമായ സ്ഥിതിക്ക് സ്നേഹവിഹീനതയെന്നു വ്യാഖ്യാനിക്കാനവകാശമുണ്ടെന്നും അയാൾക്കുതോന്നി. തിരുവനന്തപുരം വിട്ടുപോകുന്ന ഈ ഘട്ടം അതിനുചിതമാണെന്നു കലേശൻ നിശ്ചയിച്ചു.

ഭാനുമതിയുടെ ഉപദ്രവം ഇനിയുമുണ്ടാകയില്ലെന്നോർത്തു കലേശൻ ആശ്വസിച്ചു. അതോടുകൂടി അവൾക്കു മംഗളാശംസ ചെയ്യാനും അയാൾമറന്നില്ല. ഈ ഘട്ടത്തിൽ അവിചാരിതമായി ഒരാൾ കലേശന്റെ മുറിയിൽ കടന്നുവന്നു.

'എന്താ, എന്നെ ഓർമ്മിക്കുന്നില്ലേ' ആഗതൻ ചോദിച്ചു.

'ഓ, മനസ്സിലായി. ഭാനുമതിയമ്മയുടെ പിതാവ്. അന്ന് കാളൂബംഗ്ലാവിൽ വച്ചു കണ്ട ഓർമ്മയുണ്ട്.'

കലേശൻ ആഗതനെ യഥോചിതം സൽക്കരിച്ചു.

'നിങ്ങൾ പരീക്ഷകഴിഞ്ഞു് നാട്ടിലേയ്ക്കു പോകാൻ ഒരുങ്ങിയിരിക്കയായിരിക്കും'—മധുസൂദനൻ പറഞ്ഞു.

'അതെ, ഞാൻ രണ്ടുദിവസത്തിനകം പോകും'

'ഭാനുവിന്റെ ദൂതനായി വന്നിരിക്കയാണ്. നിങ്ങളുടെ പരസ്പരപ്രണയം സഫലമാകുന്നതിനു എന്റെ സമ്മതം നേരിട്ടു നൽകുകയും ചെയ്യാമല്ലോ.'

പരീക്ഷ കഴിഞ്ഞതല്ലേയുള്ളു. വിവാഹവിഷയത്തെപ്പററി ഞാൻ ചിന്തിച്ചിട്ടേയില്ല'

'ചിന്തയ്ക്കു വിഷയമാക്കുകയാണു ഞാൻ ചെയ്തതു്. നിങ്ങളുടെ വാക്കു ലഭിച്ചാൽ ഞാൻ കൃതാർത്ഥനായി.'

കലേശൻ വിഷമിച്ചു. ഈ ദുർഘടഘട്ടം എങ്ങനെ തരണംചെയ്യാമെന്നുള്ള ആലോചനയിൽ നിമഗ്നനായി കുറേനേരം മൗനം ഭജിച്ചു. മധുസൂദനൻ തുടർന്നു:

'നിങ്ങളുടെ സൽസ്വഭാവം എന്നെ ആകർഷിച്ചു. മാന്യമായ ഒരു ഉദ്യോഗം സമ്പാദിക്കുന്ന ഭാരവും ഞാനേററിരിക്കുന്നു. പണം എത്ര വേണമെങ്കിലും നിങ്ങൾക്കു സ്വാധീനമായിരിക്കും.'

ഈ അപകടത്തിൽനിന്നു വിട്ടുമാറാൻ ഒരു മാർഗ്ഗം മാത്രമേയുള്ളു എന്നു നിശ്ചയിച്ചുകൊണ്ടു കലേശൻ പറഞ്ഞു:—

'എന്നോടുള്ള സ്നേഹത്തിനും കാരുണ്യത്തിനും ഞാൻ കൃതജ്ഞനാണ്. ഞാൻ അസ്വതന്ത്രനാണ്. എന്റെ പരസ്യം കണ്ടിരിക്കുമല്ലോ'

'ഏതു പരസ്യം?'

കലേശൻ പത്രമെടുത്തു കാണിച്ചു. മധുസൂദനൻ മനോരാജ്യത്തിലായി. അല്പംകഴിഞ്ഞു പുഞ്ചിരിയോടുകൂടി പറഞ്ഞു:—

'പ്രിയകലേശൻ, ഗുണവാനായ കലേശൻ. പണം അയച്ചതു ഞാനാണെന്നും വിശ്വസിക്കുക. അതറിയാതെ ഇക്കാര്യം തീരുമാനിക്കാമെന്നാണു ഞാൻ ആശിച്ചതു്.'

'ഹാ! മഹാശയാ'

കലേശൻ മധുസൂദനനെ നമസ്കരിച്ചു. അനന്തരം കൃതജ്ഞതാഭാരത്തോടെ പറഞ്ഞു:—

'ഞാൻ സമ്മതിക്കുന്നു. സൗജന്യനിധിയായ അങ്ങയുടെ ഏതഭിമതവും അനുസരിക്കാൻ ഞാൻ സന്നദ്ധനാണ്.'

'ശരി. കാലടിക്കു നമുക്കൊന്നിച്ചു പോകാം. വിവാഹം ഉടനെതന്നെ നടത്തണം.'

'അങ്ങനെതന്നെ' കലേശൻ വീണ്ടും സമ്മതിച്ചു. മധുസൂദനൻ പിരിഞ്ഞു. കൃതജ്ഞത പ്രകടിപ്പിച്ചു കലേശൻ അന്നു നിരാഹാരനായും നിന്ദ്രനായും കഴിച്ചുകൂട്ടി.

പിറേറദിവസം പ്രഭാതത്തിൽ വിജയമ്മയുടെ വസതിയിലേക്കു പുറപ്പെട്ടു. അവിടെച്ചെന്നപ്പോൾ അവൾ രാമസ്വാമിയുമായി വീട്ടിലേയ്ക്കുള്ള യാത്രയെപ്പററി സംസാരിക്കയായിരുന്നു.

'കുഞ്ഞു ഞങ്ങളെ ഒക്കെ അറിയുമോ' രാമസ്വാമി ചോദിച്ചു.

'എന്റെ ക്ഷണം ഇന്നെങ്കിലും സ്വീകരിച്ചല്ലോ' വിജയം സന്തോഷഭരിതയായി ഇങ്ങനെ പറഞ്ഞുകൊണ്ടു കസേര കൊടുത്തു സൽക്കരിച്ചു. വിജയം സമീപത്തുനിന്നു. കലേശന്റെ വദനത്തിൽ വലിയ പാരവശ്യം പ്രത്യക്ഷപ്പെട്ടിരിക്കുന്നതെന്തെന്നു ചിന്തയായി.

'കാപ്പി കുടിച്ചില്ലേ' വിജയം കുശലമന്വേഷിച്ചു.

'ഇല്ല'

അതുകേട്ടതോടെ വിജയം അടുക്കളയിലേയ്ക്കോടി. 'കുഞ്ഞേ, ഞാൻ കൊണ്ടുവരാം' എന്ന വൃദ്ധന്റെ വാക്കുകൾ കേട്ടതേയില്ല. കാപ്പിയും പലഹാരവും മേശപ്പുറത്തു വന്നുകഴിഞ്ഞു.

'ഈ സൽക്കാരം ... ഞാൻ അർഹനല്ല. വിജയമ്മയും എന്നോടൊന്നിച്ചു കാപ്പികുടിക്കുമോ'

'നിങ്ങൾ വിഷമിക്കാതെയിരിക്കുക, ഞാൻ ഇരിക്കാം' എന്നു പറഞ്ഞുകൊണ്ടു രാമസ്വാമി അവിടെനിന്നുമാറി.

'അതിനെന്തു്? അതിഥിയുടെ ഹിതം അനുസരിക്കയല്ലേ ആതിഥേയിയുടെ കർത്തവ്യം'

വിജയമ്മ അടുത്തൊരു കസേരയിൽ ഇരുന്നു. അവൾ പേരിനുമാത്രം കാപ്പികഴിച്ചുകൊണ്ടു കലേശനെ സൂക്ഷിച്ചുകൊണ്ടിരിക്കയാണ്. ശിരസ്സു കുനിച്ചിരുന്നു കാപ്പികുടിക്കുന്ന കലേശന്റെ വൈവർണ്യം വിജയമ്മയെ ചിന്താകലുഷയാക്കി.

'അനേകകാലം ഒരേകളരിയിൽ പയററിയ നമ്മൾ ജീവിതത്തിന്റെ അഗാധതയിൽ ആഴവാനായി ഇതാ വേർപെടുന്നു.' കലേശൻ മന്ത്രിച്ചു. 'അതിനൊരനുവാദം — അഥവാ യാത്രചോദിക്കൽ — ആഗമോദ്ദേശമതാണ്.'

'എനിക്കു മനസ്സിലാകുന്നില്ല' വിജയം പറഞ്ഞു. 'നാം നാട്ടിലേക്കു പോകുകയല്ലേ? മറെറല്ലാവരും വേർപെട്ടാലും നമുക്കു വിരഹമില്ലല്ലോ.'

'എനിക്കപ്രാപ്യമായ ദിവ്യനക്ഷത്രമേ,' ഗൽഗദത്തോടെ കലേശൻ പറഞ്ഞു. 'ഒരുനാട്ടിലായാലും നാം അകലാൻപോകയാണ്'

'എന്തുകൊണ്ട്?'

'ഞാനൊരു ദരിദ്രൻ'

'അങ്ങു് ഏദയസമ്പന്നനാണ്'

'ഞാനൊന്നു ചോദിക്കട്ടെ. ഭവതിക്കെന്നെ സ്വീകരിക്കാൻ കഴിയുമോ?'

'ഉവ്വ്. നിശ്ചയമായും. പണം എനിക്കുണ്ട്. ഗുണം അങ്ങേയ്ക്കും'

ഹാ, ജഗദീശാ,!—കലേശൻ വിലപിച്ചു. തല മേശമേൽ ചാഞ്ഞു. അശ്രുക്കൾ ധാരധാരയായി പ്രവഹിച്ചു.

(ശേഷം ഒൻപതാംപേജിൽ)

ഡി വാൻഗാർഡ്
ഇൻഷുറൻസു കമ്പനി
ലിമിററഡ്, മദ്രാസ്.
ഒരു വലിയ പേരാലുപോലെ വളന്നുവരുന്നു.
ഒരു തലമുറയോളം പഴക്കമുള്ള ഈ കമ്പനി ഇപ്പോൾ ഇന്ത്യൻഇൻഷുറൻസിൽ ഒരു ഉന്നതസ്ഥാനം സമാർജ്ജിക്കുന്നു.
ഉദാരമായ പാലിസിവ്യവസ്ഥകളും ന്യായമായ പ്രീമിയതുകയുംകൊണ്ടു് ചുരുങ്ങിയ ചെലവിൽ ഏററവും കൂടിയ പ്രയോജനം സിദ്ധിക്കുന്നു,
വളരെക്കൂടുതലായ ബോണസ്സ്സാദ്ധ്യതകൾ.
ഏജൻറന്മാർ, ചീഫ്ഏജൻറന്മാർ, സ്പെഷ്യൽ ഏജൻറന്മാർ എന്നീസ്ഥാനങ്ങൾക്ക് ഏതാനുംചില ഒഴിവുകൾ ഉണ്ട്.
പരിചയമുള്ള ജോലിക്കാർക്കു ആകർഷകമായവ്യവസ്ഥകൾ.
ഞങ്ങളുടെ കമ്പനിയിലെ ജോലിനോക്കുന്നവരോടുചേർന്നു എല്ലാരംഗങ്ങളിലും പ്രശസ്തിസമ്പാദിക്കുവാൻ നിങ്ങളേയും ക്ഷണിച്ചുകൊള്ളുന്നു.
എച്ച്. ഡി. രാജാ,
ജനറൽ മാനേജർ.

## ഗവർണ്ണറന്മാരുടെ അലവൻസ് വർദ്ധിപ്പിക്കുന്നു

—o—

ലണ്ടൻ ആഗസ്റ്റ് ൧—ഇൻഡ്യയിലെ വിവിധപ്രാവിൻസുകളിലെ ഗവർണ്ണറന്മാർക്ക് ഇപ്പോഴത്തെ വർദ്ധിച്ച ജീവിതച്ചിലവുകൾ പരിഗണിച്ച് കൂടുതൽ അലവൻസു നൽകാൻ വ്യവസ്ഥചെയ്യുന്ന ഗവമ്മെൻറ് ഓഫ് ഇൻഡ്യാ (ഗവർണ്ണേഴ്സ് അലവൻസസ് ആൻഡ് പ്രിവിലേജസ്) ആർഡറിനു കാമൺസ് സഭ അംഗീകാരം നൽകിയിരിക്കുന്നു. (റായിർ)

—o—

## ഹൈദ്രബാദിലെ റെയിൽവേപ്രദേശങ്ങൾ

—o—

### നൈസാമിനു വിട്ടുകൊടുക്കുന്നു

ഹൈദ്രബാദ്, ആഗസ്റ്റ് ൧ ഇപ്പോൾ ബ്രിട്ടീഷ്ഇൻഡ്യൻ ഗവമ്മെൻറിൻെറ അധീനതയിലിരിക്കുന്നതും നൈസാമിൻെറ ഡോമിനിയനിൽപെട്ടതുമായ റെയിൽവേപ്രദേശങ്ങൾ നൈസാംഗവമ്മെൻറിനു വിട്ടുകൊടുക്കുവാൻ വൈസ്രായി സമ്മതിച്ചിരിക്കുന്നതായി നൈസാംഗവമ്മെൻറിൻെറ ഒരു നോട്ടിഫിക്കേഷനിൽ പറയുന്നു. (എ-പി)

## ടാക്കീസ്

കൊല്ലം S. M. P. പാലസിൽ

ആത്മമാല

പി. യു. ചിന്നപ്പാ, എം. എസ്. സരോജ, സന്താനലക്ഷ്മി, എൻ. എസ്. കൃഷ്ണൻ മുതലായവരഭിനയിച്ച പുതിയ കണ്ണർചിത്രം

കൊല്ലം ലക്ഷ്മിടാക്കീസിൽ

സൂര്യകുമാരി, ബേബികമല, ജ്ഞാനം, ബാലയ്യ, ആർ. ബാലസുബ്രഹ്മണ്യം, മുതലായവർ അഭിനയിച്ച

കാടകം

എന്ന തമിഴ്ചിത്രം പ്രദർശിപ്പിക്കപ്പെടും

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ

ശാന്താആപ്ടേ, പഹാരിസന്യാൽ, ജഗദീശ് അഭിനയിച്ച

മുഹബ്ബത്ത്

ഹിന്ദിചിത്രം

## 123-ലെ മനോജ്ഞമായ കലണ്ടർ

പഞ്ചാംഗവിവരങ്ങൾ, രാഹുകാലം, ഹിന്ദു ക്രസ്ത്യൻ മുസ്ലീം വിശേഷദിനങ്ങൾ, ഗവമ്മെൻറ് ഒഴിവു ദിവസങ്ങൾ എന്നിവയോടുകൂടിയ ദ്വിവർണ്ണമനോഹരമായ കലണ്ടറുകൾ വില്പനയ്ക്കു തയ്യാർ.

ഒററപ്രതി വില ൪ ണ.

ക...വ ക്കാക്ക ആകർഷണീയമായ പ്ര... കമ്മീഷൻ.

ആവശ്യപ്പെടുക

ഉദയാ ബുക്കുസ്റ്റാൾ, പുനലൂർ.

## സിൽക്കും കാട്ടണും

ചരക്കുകൾ

പുതിയ സ്റ്റാക്ക്

വളരെ ആദായ വില

പുതിയ കമ്പനി

നാഗലിംഗം സ്റ്റോഴ്സ്,

2. സൌത്ത് കാവൽക്കൂട്ടത്തെരുവു, മധുര.

# സംസ്കൃതലിപി

എ. എൻ. ശ്രീനിവാസരാഘവയ്യങ്കാർ എം. എ. എൽ. ടി.

ടീച്ചർ ഗവ: ഇംഗ്ലീഷ്ഹൈസ്ക്കൂൾ, കൊല്ലം

൧൧൨൨ മിഥുനം ൨൨-ാംനു തിങ്കളാഴ്ചത്തെ മലയാളരാജ്യത്തിൽ 'വിദേശങ്ങളിൽ സംസ്കൃതലിപി പ്രചരിപ്പിക്കണം' എന്ന തലക്കെട്ടിൽ ഇടപ്പള്ളി പത്മകുമാർ എഴുതിയിരുന്ന ലേഖനം ഞാൻ വായിക്കുന്നതിനിടയായി. അതു സംസ്കൃതലിപിയെപ്പററി ഒരു ലേഖനമെഴുതാൻ എന്നെ പ്രേരിപ്പിച്ചു. വിദേശങ്ങളിൽ സംസ്കൃതലിപി പ്രചരിപ്പിക്കണം ഹിന്ദിഅക്ഷരങ്ങളുടെ ജഗൽപ്രസിദ്ധമായ മേന്മ എന്നിവയെപ്പററിയുള്ള അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ വിമർശിക്കാൻ ഞാൻ ഒരുമ്പെടുന്നില്ല' എന്നാൽ ഹിന്ദിഅക്ഷരവും സംസ്കൃതാക്ഷരവും ഒന്നുതന്നെയാണെന്നുള്ള തെററിദ്ധാരണയെ മാററാൻമാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

ആദ്യമായി എനിക്കു പറവാനുള്ളതു പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായത്തിനു കൂടുതൽ പ്രാധാന്യം കല്പിക്കുന്ന മനഃസ്ഥിതി മാററണം; ഗ്രാക്ക്യൻവ്യാകരണഗ്രന്ഥങ്ങളിൽ ഹിന്ദിലിപിയുടെ മേന്മയെപ്പററി സ്തുതിക്കുകയോ നിന്ദിക്കുകയോചെയ്യുന്നതുകൊണ്ടു അതിൻെറ മേന്മ വർദ്ധിക്കുകയോ കുറയുകയോചെയ്യുന്നില്ല. ഏതു ലിപിയെ പ്രശംസിക്കുന്നതിലും എനിക്കു യാതൊരു വൈരാഗ്യവുമില്ല. ഈ ലിപികളെല്ലാം ചെവികൾകൊണ്ടുമാത്രം ഗ്രഹിക്കാൻ കഴിയുന്ന ആകാശാത്മകമായ ശബ്ദത്തെ കണ്ണുകൾകൊണ്ടു ഗ്രഹിക്കുന്നതിനു തൈജസാത്മകങ്ങളായ രൂപങ്ങളാണെന്നു മനസ്സിലാക്കണം. അപ്പോൾ ഓരോ ഭാഷയും അതതുഭാഷയിലെ ലിപികൾ എത്ര യോജിച്ചതാണെന്നു നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കും. ലിപികളിൽ ഏതു ലിപി ശ്രേഷ്ഠം എന്ന ചോദ്യം മതങ്ങളിൽ ഏതുമതമാണു ഉൽകൃഷ്ടം എന്ന ചോദ്യത്തിനു വളരെ സാമ്യമുള്ളതാണ്.

'മാം എന്ന ശബ്ദത്തിനുള്ള യഥാർത്ഥരൂപം ആകാശാത്മകമാകയാൽ അതിനെ യഥാവത്തായി ഗ്രഹിക്കുവാൻ ശ്രോത്രേന്ദ്രിയങ്ങൾക്കുമാത്രമേ കഴിയൂ. ബധിരന്മാർ ഒഴിച്ചു മറെറല്ലാവരും ഈ ശബ്ദത്തെ ഒന്നുപോലെ ഗ്രഹിക്കുന്നു. ആ ശബ്ദത്തെ ചക്ഷുരിന്ദ്രിയമാക്കുന്നതിനുവേണ്ടി ഓരോ ഭാഷയിലും തൈജസാത്മകമായ കൃത്രിമലിപികൾ ഉപയോഗിക്കുന്നുവെന്നുമാത്രമല്ല ആ ലിപികളിൽ ആ ഭാഷ സംസാരിക്കുന്നവർ അവയെ മനസ്സിലാക്കുകയും ആ ലിപികളുടെ രൂപംകൊണ്ടു ആ ശബ്ദത്തെ പ്രത്യക്ഷീകരിക്കുകയുംചെയ്യുന്നു. അതുപോലെ പ്രകൃത്യതീതനായ നിർഗ്ഗുണബ്രഹ്മം പ്രകൃത്യന്തർഗ്ഗതരായ മനുഷ്യർക്ക് അവേദ്യമാകയാൽ ആ ബ്രഹ്മത്തോടുവളരെ അടുത്തുനിൽക്കുന്നതും പ്രകൃതിയുടെ ഉൽകൃഷ്ടഭാഗവുമായ ആകാശത്തിൻെറ സ്വരൂപമായ ശബ്ദത്തിനു കൃത്രിമരൂപം കൊടുക്കുമ്പോൾ അതു ശബ്ദബ്രഹ്മമായി ബ്രഹ്മജ്ഞാനികൾക്കു ഗോചരമാകുന്നു. അതുകൊണ്ടാണു അഥർവ്വണശ്രുതിയിൽ.

> "ദ്വേ ബ്രഹ്മ നീ വേദിതവ്യേ
> ശബ്ദബ്രഹ്മപരംചയത്
> ശബ്ദബ്രഹ്മണിനിഷ്ണാതഃ
> പരംബ്രഹ്മാധിഗച്ഛതി"

എന്നു കാണുന്നതു (പരബ്രഹ്മം ശബ്ദബ്രഹ്മം എന്ന രണ്ടുതരത്തിലുള്ള ബ്രഹ്മത്തെ അറിയേണ്ടതാണ്. എന്നാൽ ശബ്ദബ്രഹ്മത്തെ നന്നായി അറിയുന്നവൻ ക്രമേണ പരബ്രഹ്മത്തെ അറിയുന്നു.)

ആ നിർവ്വികാരമായ പരബ്രഹ്മം ശബ്ദബ്രഹ്മമാകുന്ന സമയത്തു ഓരോ ഋഷിയുടേയും മനസ്സിനു യോജിച്ച പല രൂപങ്ങൾ ഉണ്ടാകുകയും ഓരോ ഋഷിക്കും അതു സുകരമായി തീരുകയും ചെയ്യുന്നു. ഈ സൂക്ഷ്മത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

> "ചിന്മയസ്യാ ദ്വിതീയസ്യനിഷ്കളസ്യാശരീരിണഃ
> ഉപാസകാനാം കാര്യാർത്ഥം
> ബ്രഹ്മണോരൂപകല്പനാ"

എന്നു ഉപനിഷത്തിൽ പറഞ്ഞിരിക്കുന്നതു.

(ജ്ഞാനസ്വരൂപനായും അദ്വിതീയനായും നിഷ്കളനായും അശരീരിയായുമുള്ള ബ്രഹ്മത്തിനു ഉപാസകന്മാരുടെ ഉപാസനയ്ക്കുവേണ്ടിമാത്രം രൂപം കല്പിക്കപ്പെട്ടിരിക്കുന്നു.)

എന്നാൽ

> "ശബ്ദബ്രഹ്മസുദുർബ്ബോധം
> പ്രാണേന്ദ്രിയമനോമയം
> അനന്തപാരം ഗംഭീരം
> ദുർവ്വിഗാഹ്യം സമുദ്രവൽ"

(പ്രാണൻ, മനസ്സ്, ഇന്ദ്രിയം എന്നീ സൂക്ഷ്മതത്വങ്ങളോടുകൂടിയതും അഗാധവും അതിവ്യാപ്തവുമായുള്ള ശബ്ദബ്രഹ്മം ദേവന്മാരാൽപോലും പ്രയാസപ്പെട്ടുമാത്രമേ അറിയപ്പെടുന്നുള്ളു.)

അജ്ഞന്മാർക്കു ഈ ശബ്ദബ്രഹ്മംപോലും പ്രയാസഗ്രാഹ്യമാകയാൽ ദൃഷ്ടിക്കു ഗോചരങ്ങളായ വിഗ്രഹാദികളും ലിപികളുമുണ്ടായിട്ടുള്ളതാണ്. ഓരോ ഭാഷയിലെ ലിപികളും ആ ഭാഷാഭിജ്ഞന്മാർക്കു ശബ്ദസ്വരൂപത്തെ കാണിക്കുന്നതുപോലെ വിഗ്രഹങ്ങൾ ശബ്ദസ്വരൂപത്തെയും നിർഗ്ഗുണബ്രഹ്മത്തെയും കാണിക്കുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ലിപികളും മതങ്ങളും താരതമ്യപ്പെടുത്തുന്നതു ശരിയല്ലെന്നു സ്പഷ്ടമാകുന്നു. എങ്കിലും ഈ സൂക്ഷ്മത്തെ ഇത്ര വ്യക്തമായിപ്പറയുന്ന ശ്രുതിയെ ആദരിക്കുന്ന ഹിന്ദുമതത്തിനു ഒരു ഉൽകൃഷ്ടത സിദ്ധിക്കേണ്ടതുപോലെ മന്ത്രാക്ഷരങ്ങളായ സംസ്കൃതലിപികൾക്കു ഒരു ശ്രേഷ്ഠത സിദ്ധിക്കേണ്ടതാണെന്നുള്ളതിൽ സംശയമില്ല.

അപ്പോൾ സംസ്കൃതലിപിയേതാണെന്നു ഒരു ചോദ്യം ഉദിക്കുന്നു. പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായം എന്തുതന്നെയായിരുന്നാലും അതു ദുരഭിമാനനിറഞ്ഞതാണെങ്കിൽ ത്യജിക്കേണ്ടതാണ്.

സംസ്കൃതാക്ഷരങ്ങളുടെ ശബ്ദസ്വരൂപം നിർഗ്ഗുണബ്രഹ്മത്തിൻെറ ശബ്ദസ്വരൂപമാണ്. അക്ഷരാരംഭദിനത്തിൽ വിശിഷ്യ ബ്രാഹ്മണർ ഹരിഃ ഓം നമോ നാരായണായ സിദ്ധം അ, ആ, ഇ, ഈ, ഉ, ഊ, ഋ ൠ, ഌ, എ, ഏ, ഐ, ഒ, ഓ, ഔ, അം, അഃ ക മുതൽ ക്ഷ അ ങ് എന്നാണ് അക്ഷരാരംഭം നടത്തുന്നതു. ഈ അക്ഷരങ്ങളെല്ലാം ഓരോ തത്വത്തെ കുറിക്കുന്നവയാണ്. ഈ തത്വം മനസ്സിലാക്കിയാൽ ഈ അക്ഷരമാലതന്നെ തൈത്തരീയോപനിഷൽസാരമാകുന്നു എന്നു മനസ്സിലാക്കാം.

തത്വങ്ങളെ കുറിക്കുന്ന ഈ ശബ്ദസ്വരൂപങ്ങൾക്കു ചക്ഷുരിന്ദ്രിയ ഗ്രാഹ്യമായ രൂപങ്ങൾ നൽകുമ്പോൾ പൃഥിവി, അപ്, തേജസ്സ്, വായു, ആകാശം എന്നീ ഭൂതേന്ദ്രിയാദികളായ സൂക്ഷ്മതത്വങ്ങൾ മനുഷ്യശരീരത്തിൽ ഏതു സ്ഥൂലരൂപത്തിൽ കാണപ്പെടുന്നുവോ ആ രൂപമുള്ള ലിപികളെയല്ലെ ശാസ്ത്രീയലിപികളായി കരുതേണ്ടതു.

> 'ഭൂതാനിച കവർഗ്ഗേണ
> ചവർഗ്ഗേണേന്ദ്രിയാണിച
> ടവർഗ്ഗേണ തവർഗ്ഗേണ
> ജ്ഞാനഗന്ധാദയോസ്തഥാ
> മനഃപകാരേണൈവോക്തം
> ഫകാരേണത്രിഗുണാത്മികാ
> ബകാരേണ ഭകാരേണ
> മഹാൻപ്രകൃതിരുച്യതെ.'

(അക്ഷരങ്ങളിൽ കവർഗ്ഗംകൊണ്ടു ഭൂതങ്ങളേയും ചവർഗ്ഗംകൊണ്ടു കർമ്മേന്ദ്രിയങ്ങളേയും ടവർഗ്ഗംകൊണ്ടു ജ്ഞാനേന്ദ്രിയങ്ങളേയും തവർഗ്ഗംകൊണ്ടു ഗന്ധതന്മാത്രാദികളെയും പകാരംകൊണ്ടു മനസ്സിനേയും ഫകാരംകൊണ്ടഹങ്കാരത്തെയും ബകാരംകൊണ്ടു മഹത്തത്വത്തേയും ഭകാരംകൊണ്ടു പ്രകൃതിയെയും അറിയണം)

എന്ന പ്രമാണപ്രകാരം ടവർഗ്ഗം പഞ്ചാത്മകമായ ജ്ഞാനേന്ദ്രിയങ്ങളെ കുറിക്കുന്നു. അതായതു ട കാരം നാസികയേയും ഠ കാരം ജിഹ്വയേയും ഡകാരം കണ്ണിനേയും ഢ കാരം ത്വക്കിനേയും ണ കാരം ചെവിയേയും കുറിക്കുന്നു. അതുകൊണ്ടു ഏതു ലിപിയിൽ ഈ ഇന്ദ്രിയങ്ങൾക്കു യോജിച്ച അക്ഷരങ്ങൾ കാണുന്നുവോ അതുതന്നെയാണു സംസ്കൃതലിപി എന്നതു നിസ്സംശയമാണ്. അങ്ങനെയുള്ള ലിപി ഗ്രന്ഥാക്ഷരമാകുന്നു. ഈ കാരണംകൊണ്ടുതന്നെയാണു ക്രിസ്തുവബ്ദം ൧൫-ാം ശതാബ്ദത്തിൽ സംസ്കൃതപദങ്ങളെഴുതാൻ ഗ്രന്ഥാക്ഷരങ്ങളാകുന്ന സംസ്കൃതാക്ഷരങ്ങളെ ആദ്യം എഴുത്തായി എഴുത്തച്ഛൻ സ്വീകരിച്ചതു. അവയാണു ഇപ്പോൾ മലയാളാക്ഷരങ്ങളായിത്തീർന്നിരിക്കുന്നതു.

ക്ഷരങ്ങളായ അകാരാദിക്ഷകാരാന്തമായ അക്ഷരങ്ങൾ എങ്ങനെ അക്ഷരങ്ങളായിതീർന്നു എന്നും ലോകത്തിൽ നടപ്പിലിരിക്കുന്ന ലിപികളുടെ സാമ്യംകൊണ്ടു അവയെല്ലാം ഒരു പൊതുലിപിയിൽ നിന്നുമുണ്ടായതാണെന്നും ആ പൊതുലിപി ഗ്രന്ഥാക്ഷരമാണെന്നുമുള്ള കാര്യം ഞാൻ എഴുതിയിട്ടുള്ള Philosphy of the Hindu alphabet എന്ന ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നതിനാലും വിസ്തരഭയത്താലും ഈ ലേഖനം തൽക്കാലം ഉപസംഹരിച്ചുകൊള്ളുന്നു.

> അകാരാദിക്ഷകാരാന്ത
> ഏകപഞ്ചാശദക്ഷരാഃ
> യദ ഗാനീതികീർത്ത്യന്തേ
> ശബ്ദബ്രഹ്മനമോസ്തുതെ.

—o—

## സർദാർ പട്ടേലിൻെറ സന്ദേശം

—o—

### പൂർവ്വബംഗാൾ ഹിന്ദുമഹാസഭാസമ്മേളനം

കൽക്കട്ടാ, ആഗസ്റ്റ് ൨—ഇനു ഇവിടെവച്ചു ആരംഭിച്ച പൂർവ്വബംഗാൾ ഹിന്ദുമഹാസമ്മേളനത്തിൽ സർദാർ പട്ടേൽ അയച്ച ഒരു സന്ദേശത്തിൽ ഇപ്രകാരം പറയുന്നു:—നമുക്കു ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം അതു ഉത്തരബംഗാളിലെയും പൂർവ്വബംഗാളിലെയും ഹിന്ദുക്കൾ കൂടി പങ്കുചേരാത്തപക്ഷം പൂർണ്ണമായി ആസ്വദിക്കുവാൻ സാദ്ധ്യമല്ല. മഹാസമ്മേളനാദ്ധ്യക്ഷനായ ഡാ. എസ്. പി. മുക്കർജിക്കു അയക്കപ്പെട്ട ഈ സന്ദേശത്തിൽ വിദേശാധിപത്യത്തിൽനിന്നും മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അവർ സസന്തോഷം സഹിച്ച യാതനകളും ത്യാഗങ്ങളും ആർക്കും വിസ്മരിക്കത്തക്കതല്ലെന്നു പ്രസ്താവിച്ചിരിക്കുന്നു. അവരെ സഹായിക്കുവാനും ഫലപ്രദമാംവണ്ണം സംഘടിപ്പിക്കുവാനും ഉള്ള ഏതു ശ്രമത്തിനും എൻെറ അകംനിറഞ്ഞ ആശംസകളുണ്ടു എന്നു സർദാർ പട്ടേൽ ഉപസംഹരിക്കുന്നു. (എ-പി)

## മി: ജിന്നായ്ക്കു സൽക്കാരം

—o—

### ൧൦൦൦ അതിഥികൾ പങ്കെടുക്കുന്നു

ന്യൂഡെൽഹി ആഗസ്റ്റ് ൨—ഇനു പാകിസ്ഥാൻഗവമ്മെണ്ടുമന്ത്രിമാർ മി: ജിന്നായെ പാകിസ്ഥാൻഗവർണ്ണർജനറലായി നിയമിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കാൻ ഡെൽഹി ഇംപീരിയൽ ജിംഖാനയിൽവെച്ചു കൊടുത്ത ഒരു സൽക്കാരത്തിൽ വൈസ്രായി, മൌണ്ട്ബാററൻപ്രഭ്വി, ശ്രീ: സി. രാജഗോപാലാചാരി, ഡാ: ജോൺമത്തായി എന്നിവരടക്കം ആയിരം അതിഥികൾ പങ്കെടുക്കുകയുണ്ടായി. (എ-പി)

## പാണ്ടിച്ചേരി ഗവ: മന്ദിരത്തിൽ

—o—

### ആഗസ്റ്റ് ൧൫-നു പതാകകൾ ഉയർത്തും

പാണ്ടിച്ചേരി, ആഗ: ൧—ആഗസ്റ്റ് ൧൫-ാംനു പാണ്ടിച്ചേരി ഗവമ്മെൻറ മന്ദിരത്തിൻെറ മുകളിൽ ഇൻഡ്യൻ ഡൊമിനിയൻെറ ത്രിവർണ്ണപതാകയും പാകിസ്ഥാൻപതാകയും ഉയർത്തുവാൻ ഫ്രഞ്ച് ഇൻഡ്യാഗവർമ്മെൻറ് തീരുമാനിച്ചിരിക്കുന്നു. (എ-പി)

# പുതിയ ഗവർണ്ണറന്മാരുടെ നിയമനം

## ഇന്ത്യയിലും പകിസ്ഥാനിലും

### ഇന്ത്യാ ആഫീസിൽനിന്നുള്ള പ്രസ്താവന

(റായിട്ടർ)

ലണ്ടൻ ആഗസ്റ്റ് ൩.

ആഗസ്റ്റ് ൧൫-ാംനു-ക്കുശേഷം ഇന്ത്യാ ഡൊമിനിയന്റെ ഭാഗങ്ങളായി വരുന്ന പ്രവിശ്യകളിൽ ഗവർണ്ണറന്മാരായിരിക്കുന്ന താഴെ പറയുന്നവരെ അവരുടെ തുടർന്നുള്ള സേവനങ്ങൾക്കുവേണ്ടി ക്ഷണിക്കുകയും അതതു പ്രവിശ്യകളിൽ ഗവർണ്ണർമാരായിരിക്കാമെന്നു അവർ സമ്മതിക്കയും ചെയ്തിട്ടുള്ളതായി നിയമനങ്ങൾ പ്രഖ്യാപിച്ചുകൊണ്ടു ഇന്നു രാത്രി പുറപ്പെടുവിച്ചിട്ടുള്ള ഒരു ഇൻഡ്യാആഫീസ് പ്രസ്താവനയിൽ പറയുന്നു.

സർ ആർച്ചിബാൾഡ് എഡ്വർഡ് നൈ-മദ്രാസ് ഗവർണർ. സർ ഡേവിഡ് ജാൺകാൾവിൽ-ബാംബെ ഗവർണ്ണർ. സർ അക്ബർഹൈദരി-ആസ്സാം ഗവർണ്ണർ.

താഴെ പറയുന്നവർ ആഗസ്റ്റ് ൧൫-ാംതീയതിമുതൽ മററു പ്രവിശ്യകളിലെ ഗവർണ്ണർമാരായി നിയമിക്കുന്നതിനും രാജകീയാനുമതി ലഭിച്ചിരിക്കുന്നു.

ഇന്ത്യൻഡൊമിനിയൻ പശ്ചിമബംഗാൾ—മി. ചക്രവർത്തി രാജഗോപാലാചാരി.

പൂർവ്വപഞ്ചാബ്—സർ ചന്ദുലാൽ മാധവലാൽ ത്രിവേദി.

സെൻട്രൽപ്രവിൻസും ബീറാറും—മി. മംഗൾദാസ് പക്വാസ.

ബീഹാർ—മി. ജയറാംദാസ് ദൌലത്റാം. യുണൈറഡ് പ്രാവിൻസിലെ ഗവർണറായി ഡാ. ബി. സി. റായിയെ നിയമിച്ചിരിക്കുന്നതിനു പിന്നീടു ഔപചാരിക അനുമതിനൽകുന്നതാണെന്നു പ്രസ്താവിച്ചിരിക്കുന്നു. ഡാ. റായി ഇപ്പോൾ അമേരിക്കയിലാണു. ഒരു ആക്ടിംഗ് ഗവർണ്ണരുടെ നിയമനം ആവശ്യമായിരിക്കുന്നു. ഇതു സംബന്ധിച്ചു ഒരു പ്രത്യേക പ്രഖ്യാപനം ഉണ്ടായിരിക്കുന്നതാണു. പൂർവ്വബംഗാളിലെ ഗവർണ്ണർസ്ഥാനത്തെസംബന്ധിച്ചു വേറൊരു പ്രഖ്യാപനംകൂടി ഉണ്ടാകുമെന്നു ഇൻഡ്യാആഫീസ് പ്രഖ്യാപിക്കുന്നു.

ഒറീസ്സാഗവർണറായി ഡ: കൈലാസ് നാഥകട്ജുവിനെ നിയമിച്ചതിനും രാജകീയാനുമതി ലഭിച്ചതായി ഇൻഡ്യാആഫീസ് അറിയിക്കുന്നു.

### പകിസ്ഥാൻ ഡൊമിനിയൻ

പശ്ചിമപഞ്ചാബ് സർ റാബർട്ട് ഫ്രാൻസിസ് മൂഡി

സിൻഡ് മി: ഗുലാം ഹുസ്സെയിൻ ഹിദായത്തുള്ള.

അതിർത്തിപ്രാവിൻസ് സർ ജാർജ് കന്നിങ്ങാം.

### ഗവർണ്ണർ ജനറലന്മാരുടെ നിയമനം

ലണ്ടൻ, ആഗസ്റ്റ് ൩—ഇൻഡ്യാ ഡൊമിനിയന്റെ ഗവർണ്ണർ ജനറലായി റിയർ അഡ്മിറൽ വൈക്കൌണ്ട് മൌണ്ട്ബാററനേയും പാകിസ്ഥാൻ ഡൊമിനിയൻ ഗവർണ്ണർ ജനറലായി മി. മഹമ്മദാലി ജിന്നയേയും ആഗസ്റ്റ് ൧൫-ാംനു-മുതൽ നിയമിച്ചിട്ടുള്ളതിനു ചക്രവർത്തി തിരുമനസ്സുകൊണ്ടു ഔപചാരിക അംഗീകരണം നൽകിയിരിക്കുന്നു. (റായിട്ടർ)

## പൗരപ്രഭ നിരോധിച്ചു

തിരുവനന്തപുരം, ആഗസ്റ്റ് ൩ കോട്ടയം പൌരപ്രഭപ്രസ്സിൽ അച്ചടിച്ചു മി. ഇസഡ് എ. പാററ പ്രസിദ്ധപ്പെടുത്തുന്ന പൌരപ്രഭ എന്ന വർത്തമാനപ്പത്രത്തിന്റെ ൧൯൪൭ ജൂലൈ ൧൯-ാംനു-യിലെ ലക്കത്തിൽ തിരുവിതാംകൂർ അടിയന്തിരാധികാരനിയമം ൨-ാം വകുപ്പു ജെ. ഉപവകുപ്പിൽ വിവരിക്കുന്ന തരത്തിലുള്ള വിദ്വേഷജനകമായ റിപ്പോർട്ടുകൾ അടങ്ങിയിട്ടുള്ളതായി ഗവർമ്മെൻറിനു അഭിപ്രായം ഉള്ളതിനാൽ പ്രസ്തുത പത്രത്തിന്റെ വീണ്ടുമുള്ള പ്രസിദ്ധീകരണം വിൽപന മുതലായവ നിരോധിക്കയും പ്രസ്തുത ലക്കം ഗവർമ്മെൻറിലേക്കു കണ്ടുകെട്ടുകയും ചെയ്തിരിക്കുന്നതായി ഗവർമ്മെൻറ ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുന്നു. (സ്വ-ലേ)

# വെടിനിർത്താൻ ഡച്ചു സൈന്യങ്ങൾക്കു ഉത്തരവു്

## ഡാക്ടർ വാൻമൂക്കിന്റെ പ്രക്ഷേപണം

### ഇൻഡൊനീഷ്യന്മാക്കും രക്ഷാസമിതിയുടെ നിർദ്ദേശം ലഭിച്ചു

(റായിട്ടർ)

ബററേവിയാ ആഗസ്റ്റ് ൩—ഇൻഡൊനീഷ്യയിലെ ഡച്ചുപ്രവർത്തനങ്ങൾ ആഗസ്റ്റ് ൪-ാംനു- അർദ്ധരാത്രി അവസാനിപ്പിക്കുവാൻ ഉത്തരവുനൽകിയിട്ടുള്ളതായി ഡച്ചുലഫ്: ഗവർണ്ണർജനറൽ ഡാം ഹ്യൂബർട്ട്സ് വാൻമുക്ക് ഇന്നുരാത്രി ഒരു പ്രക്ഷേപണത്തിൽ പ്രഖ്യാപിക്കയുണ്ടായി.

ഇന്നുരാത്രി ബററേവിയായിൽവച്ചു ഡാ: ഗനിയേയും മററു പ്രമുഖറിപ്പബ്ളിക്കന്മാരെയും തടങ്കലിൽനിന്നും മോചിപ്പിച്ച ഉടൻതന്നെ ഇൻഡൊനീഷ്യയിൽ യുദ്ധം അവസാനിപ്പിക്കുവാൻ റിപ്പബ്ളിക്കൻഗവർമ്മെൻറിനോടു ഐക്യരാഷ്ട്രരക്ഷാസമിതി നൽകിയിട്ടുള്ള കേബിൾ ഡാ. വാൻമൂക്കിന്റെ മന്ത്രിസഭയിലെ പ്രധാനിയായ ഡാ: പി. ജെ. കോററ്സ് ഡാക്ടർ ഗനിയെ ഏല്പിക്കയുണ്ടായി.

#### ഇൻഡൊനീഷ്യ തയാറാണു്

ബററേവിയ, ആഗസ്റ്റ് ൨—ഇൻഡൊനീഷ്യൻ റിപ്പബ്ളിക്കൻ ഗവർമ്മെണ്ട് സെക്യൂരിററികൌൺസിലിന്റെ ഉപദേശങ്ങൾ സ്വീകരിക്കാൻ തങ്ങൾ തയ്യാറാണെന്നും ഉടനടി യുദ്ധം നിറുത്തുന്നതിനു തങ്ങൾക്കു വിരോധമില്ലെന്നും പ്രസ്താവിച്ചിരിക്കുന്നു.

ഒരു ജോഗ് ജക്കാർത്ത പ്രക്ഷേപണത്തിൽ പറയുന്നതു് അതിനുമുമ്പു് 1946-അക്ടോബറിൽ ഡച്ച്-ഇൻഡൊനീഷ്യൻ സൈന്യനിര നിന്നിരുന്നിടത്തേക്കു മടങ്ങാൻ ഇരുകൂട്ടരും തയ്യാറാകകൂടിചെയ്യേണ്ടതു് അത്യാവശ്യമാണെന്നാണു്.

#### ഇൻഡോനീഷ്യൻ സമരത്തെപ്പററി റഷ്യൻപത്രം

മാസ്കോ, ആഗസ്റ്റ് ൨—റഷ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ മുഖപത്രമായ പ്രാവ്ദാ പ്രസ്താവിക്കുന്നതു് ബ്രിട്ടീഷും അമേരിക്കനും ഗവർമ്മെൻറുകൾ പല രാജ്യങ്ങളിലും പ്രതിലോമവാദത്തിന്റെ പക്ഷംപിടിച്ചും തെക്കുകിഴക്കെ ഏഷ്യയിൽ ട്രൂമൻതത്വം എന്നു പറയപ്പെടുന്നതു് പ്രചരിപ്പിക്കാൻ വേണ്ടിയും ഇടപ്പെടുന്നതു് ഇൻഡൊനീഷ്യൻ റിപ്പബ്ളിക്കിനു എതിരായി ആയുധം എടുക്കുവാൻ ഡച്ചുകാരെ പ്രോത്സാഹിപ്പിച്ചു എന്നും അവരുടെ കൈയേററത്തിനു സഹകരണം നൽകിയെന്നും ആണു്. ഇൻഡൊനീഷ്യൻ സമരം ഇൻഡൊനീഷ്യൻ ജനങ്ങൾക്കെതിരായുള്ള സ്വദേശീയപ്രതിലോമവാദത്തിന്റെ സമരമാണു്. ഡച്ചുകാർ മാത്രമല്ല ആംഗ്ലോ അമേരിക്കൻ പ്രതിലോമകേന്ദ്രങ്ങൾകൂടി അതിന്റെ തയ്യാറെടുപ്പിൽ പങ്കെടുത്തു. ഇൻഡൊനീഷ്യൻ ജനതയുടെ സ്വധീരമായ എതിർപ്പും അമേരിക്കൻ മുതലാളിത്വത്തിനു ഒരു വിപത്തായി പരിണമിച്ചേനുവരാം. ആ മുതലാളിത്വം ഇപ്പോൾ അസംസ്കൃതസാധനങ്ങളുടെ ഈ വൻകമ്പോളത്തിലേക്കു വ്യാപിച്ചു വരികയാണു്.

യുണൈറഡ്സ്റ്റേററ്സിനു് ഇൻഡൊനീഷ്യയിൽ പ്രവേശനം നൽകാമെന്നു് ഡച്ചുഗവർമ്മെൻറ് ആവർത്തിച്ചുപറഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു് ഇൻഡൊനീഷ്യൻവിഭവങ്ങളുടെ ചൂഷണത്തിൽ മത്സരിക്കുന്ന ബ്രിട്ടനും യുണൈറഡ്സ്റ്റേററ്സും ഇൻഡൊനീഷ്യൻറിപ്പബ്ളിക്കിനെതിരായി യോജിച്ചിരിക്കുന്നതു്.

#### ഡച്ചുപരാജയം

ബററേവിയ, ആഗസ്റ്റ് ൨ ഗാരംഗിനുസമീപംവച്ചു ഒരു യുദ്ധത്തിൽ വ്യവ ഡച്ചുഭടന്മാരെ വധിച്ചതായി ഒരു ഇൻഡൊനീഷ്യൻറിപ്പബ്ളിക്കൻകമ്യൂണിക്കെ പറയുന്നു. ശത്രുക്കളെ പരാജയപ്പെടുത്തുകയും ഒരിടത്തു് കീഴടക്കുകയും രണ്ടു ഡച്ചുടാങ്കുകൾ നശിപ്പിക്കുകയുംചെയ്തതായും കമ്യൂണിക്കെ പറയുന്നു.

ഡച്ചുസേനയുടെ ഭാഗത്തു് ഉണ്ടായിട്ടുള്ള അപായസംഖ്യയെപ്പററി ഡച്ചുനിയന്ത്രണത്തിലുള്ള ബററേവിയാറേഡിയോ പറയുന്നതു് ൯൯ പേർ വധിക്കപ്പെടുകയും ൧൫൭ പേക്കു് മുറിവുഏൽക്കുകയും ൧൩ പേരെ കാണാതാകുകയും ചെയ്തിട്ടുണ്ടെന്നാണു്.

#### പാർലമെൻറംഗങ്ങളെ തിരിച്ചുവിളിക്കുന്നു

ഹേഗ് ആഗസ്റ്റ് ൨—ഇൻഡൊനീഷ്യൻ റിപ്പബ്ളിക്കൻ പാർലമെൻറ വർക്കിംഗ്കമ്മിററി അംഗങ്ങളെ ഇന്നലെ രാത്രി ജോഗ്ജക്കാർട്ടായിലേക്കു തിരിച്ചുവിളിച്ചിരിക്കുന്നതായി ഡച്ചുന്യൂസ് ഏജൻസി റിപ്പോർട്ടുചെയ്യുന്നു. അമേരിക്കൻഗവർമ്മെൻറ് സഹകരണം നൽകാമെന്നേററിട്ടുള്ളതിനെപ്പററി ചർച്ചചെയ്യുകയാണു് ഇതിന്റെ ഉദ്ദേശമെന്നു് കരുതപ്പെടുന്നു.

#### കമ്മിഷന്റെ ജനറൽ അംഗങ്ങൾ

ആംസ്റ്റർഡാം ആഗസ്റ്റ് ൨—ഡച്ചുഗവർമ്മെൻറുമായി ആലോചനനടത്താൻ നെതർലൻഡ്സ് ഈസ്റ്റിൻഡീസിലെ ഡച്ച് കമ്മിഷന്റെ ജനറലിലെ രണ്ടംഗങ്ങൾ ബററേവിയായിൽനിന്നു് വിമാനമാർഗ്ഗം ഇവിടെയെത്തിയിരിക്കുന്നു.

## രാഷ്ട്രപതി കറാച്ചിയിൽ

—ഠ—

### കാൺഗ്രസ്സുകാർക്കു നൽകുന്ന ഉപദേശം

—*—

കറാച്ചി ആഗസ്റ്റ് ൩—ഇന്നിവിടെവച്ചു നടന്ന ഒരു പ്രസ്സ്കാൺഫറൻസിൽ കാൺഗ്രസ്സ്പ്രസിഡൻറ് ആചാര്യകൃപലാനി പറഞ്ഞതു് സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ ഇൻഡ്യാഐക്യം എന്ന ആദർശം കൈവരുത്തുവാൻവേണ്ടി കാൺഗ്രസ്സ് പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുമെന്നാണു്. ഇൻഡ്യയുടെ രണ്ടു വിഭാഗങ്ങളും ഒരുമിച്ചു യോജിക്കാത്തപക്ഷം രണ്ടു പ്രദേശങ്ങളിലും സമാധാനമൊ സംതൃപ്തിയൊ ഉണ്ടായിരിക്കുന്നതല്ല. എല്ലാസ്ഥലങ്ങളിലെയും പൌരന്മാർ ഭരണകൂടത്തിനോടു അനുസരണയുള്ളവരായിരിക്കണമെന്നും ഭരണകാര്യങ്ങളിൽ പരിപൂർണ്ണസഹകരണം നൽകണമെന്നും കാൺഗ്രസ്സ് പ്രസിഡൻറ പ്രസ്താവിച്ചു.

—ഠ—

## ശ്രീമതി വി. ജെ. പണ്ഡിററ്.

—ഠ—

### റഷ്യയിലേയ്ക്കു തിരിച്ചു

കറാച്ചി, ആഗസ്റ്റ് ൩—ഇന്നുകാലത്തു ഡെൽഹിയിൽനിന്നു റഷ്യയിലേക്കു തിരിച്ച ശ്രീമതി വിജയലക്ഷ്മിപണ്ഡിററ് വിമാനമാർഗ്ഗം യാത്രാമദ്ധ്യേ ഇവിടെ എത്തിയിരിക്കുന്നു.

മാസ്കോ ആഗസ്റ്റ് ൨—സോവിയററ്യൂണിയനിലെ ഇൻഡ്യൻ അംബാസഡർസ്ഥാനം ഏറെറടുക്കുവാൻ മിസ്സിസ് വിജയലക്ഷ്മിപണ്ഡിററ് ആഗസ്റ്റ് ൭-ാംതീയതി ൮-ാംതീയതിയോ ഇവിടെ വന്നുചേരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. അവരുടെകൂടെ അവരുടെ ൧൮-വയസ്സുള്ള പുത്രി മിസ്സ് ചന്ദ്രലേഖാപണ്ഡിററും എംബസി സ്റ്റാഫ് അംഗങ്ങളും ഉൾപ്പെടെ ഇരുപതുപേർ ഉണ്ടായിരിക്കും.

മാസ്കോയിൽ എംബസിക്കുള്ള സ്ഥലസൗകര്യങ്ങൾ നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല. എന്നാൽ സോവിയററ അധികൃതർ ഇതിലേക്കു വേണ്ടതു പ്രവർത്തിക്കുമെന്നു ഇവിടെയുള്ള ഇൻഡ്യൻപ്രതിനിധികൾ കരുതുന്നു.

### വിജയലക്ഷ്മിക്കു അനുമോദനം

#### ഗിരിജാശങ്കർബാജ്പായ് പാർട്ടികൊടുക്കുന്നു

ന്യൂഡെൽഹി ആഗസ്റ്റ് ൨—ശ്രീമതി വിജയലക്ഷ്മിപണ്ഡിററിനു്, വിദേശകാര്യവകുപ്പിന്റെ സെക്രട്ടറി ജനറൽ സർ ഗിരിജാശങ്കർ ബാജ്പെ, അനുമോദനാർത്ഥം തന്റെ ഭവനത്തിൽവച്ചു് ഒരു സൽക്കാരം കൊടുക്കുകയുണ്ടായി. ആ സൽക്കാരത്തിൽ പണ്ഡിതനെഹ്റു, രാജേന്ദ്രപ്രസാദ്, ഡാ. ഗ്രാഡി (അമേരിക്കൻ അംബാസഡർ) മി. ടെറൻസ്ഷോൺ (ബ്രിട്ടന്റെ ഹൈക്കമ്മീഷനർ) എന്നിവർ പങ്കെടുക്കുകയുണ്ടായി. (എ. പി)

—ഠ—

### അഡ്വക്കേററ് മി. കെ. ഏ. രാമൻപിള്ളയുടെ രാജി

—ഠ—

തിരു: ആഗസ്റ്റ് ൩—അഡ്വക്കേററ് മി: കെ. ഏ. രാമൻപിള്ള ഫ്രാഞ്ചൈസും ഡിലിമിറേറഷനും കമ്മിററിയിലെയും വില്ലേജ് അപ്ലിഫ്ററ് ബോർഡിലേയും മെംബർസ്ഥാനം രാജിവച്ചിരിക്കുന്നതായറിയുന്നു. (സ്വ. ലേ)

—ഠ—

## സിൽഹററിൽനിന്നു്

—ഠ—

### പാകിസ്താൻ അസംബ്ളിയിലേക്കു്

ഷില്ലോംഗ്, ആഗസ്റ്റ് ൨—സിൽഹററിൽനിന്നു് പാകിസ്ഥാൻ കാൺസ്റ്റിററുവൻറ് അസംബ്ളിയിലേക്കു് ഇന്നു നടന്ന തിരഞ്ഞെടുപ്പിൽ വിജയികളായവർ മി. അബ്ദുൾഹമീഡ്, മി. അബ്ദുമതീൻചൌധുരി, ശ്രീ അക്ഷയകുമാർദാസ് എന്നിവരാണു്. (എ-പി)

# ഭാവിയിൽകാൺഗ്രസ്സ് മുമ്പത്തേതിലും ആവശ്യമാണ്

## ജനങ്ങളുടെ അചഞ്ചലമായ ഭക്തിയും സ്വമനസ്സാലെയുള്ള അനുസരണയും ആർജ്ജിച്ചിട്ടുള്ള സംഘടന കാൺഗ്രസ്സ മാത്രം

### കാൺഗ്രസ്സ് ജനറൽസെക്രട്ടറിയുടെ വിശദീകരണം

ന്യൂഡെൽഹി, ആഗസ്റ്റ് ൮—കാൺഗ്രസ്സിന്റെ ഭാവിപരിപാടി വിശദീകരിച്ചുകൊണ്ടു കാൺഗ്രസ്സ് ജനറൽ സെക്രട്ടറി മി. ശങ്കർറാവുദേവ് ഒരു പ്രസ്താവനയിൽ പറയുന്നതു് ഇൻഡ്യയുടെ കർത്തവ്യം നിറവേററുകയും രാഷ്ട്രസമൂഹത്തിൽ ഇൻഡ്യ യഥാർഹമായ സ്ഥാനം കരസ്ഥമാക്കുകയും ചെയ്യണമെങ്കിൽ ഇൻഡ്യയുടെ ഐക്യം അത്യാവശ്യമാണെന്നും അതിനു കാൺഗ്രസ്സിനെക്കാൾ പ്രയോജനകരമായ മറെറാരു സംഘടനയില്ലെന്നും അതിനാൽ അതിന്റെ ആവശ്യം മുൻപത്തേതിലും കൂടുതലാണെന്നും ആണ്. മാത്രമെങ്കിൽ ഇൻഡ്യയുടെ ഈ പ്രതിസന്ധിഘട്ടത്തിൽ ക്രമപ്രവൃദ്ധമായ രാഷ്ട്രീയ—സാമൂഹ്യ - സാമ്പത്തിക പുരോഗതിക്ക് ഒരു ഉറച്ച ഗവൺമെൻറായിരിക്കത്തക്ക ഉറപ്പു നൽകാൻ കഴിയുന്ന ഒരു വലിയ രാഷ്ട്രീയകക്ഷി ആവശ്യമാണ്. സ്വാതന്ത്ര്യത്തിനു വേണ്ടിയെന്നതുപോലെതന്നെ ഐക്യത്തിനുവേണ്ടിയും കാൺഗ്രസ്സ് പ്രയത്നിച്ചു. അതു സ്വാതന്ത്ര്യം സമ്പാദിച്ചുവെങ്കിലും ഐക്യം നമ്മുടെ കൈയിൽനിന്നു വഴുതപ്പോയി. ഇതു് താൽക്കാലികമായിരിക്കട്ടെ എന്നു നമുക്ക് ആശിക്കാം. ഈ ഐക്യം കൈവരുത്താതെ കാൺഗ്രസ്സിന്റെ കർത്തവ്യം പൂർത്തിയാക്കപ്പെട്ടതായി കരുതാൻ നിവൃത്തിയില്ല.

കാൺഗ്രസ്സിനെ പിരിച്ചുവിടണമെന്ന വാദത്തെ വിമർശിച്ചുകൊണ്ടു മി. ദേവ് ഇപ്രകാരം പ്രസ്താവിച്ചു. മാറിക്കൊണ്ടിരിക്കുന്ന കാലഗതിയനുസരിച്ചു മാറുവാനുള്ള കഴിവു കാൺഗ്രസ്സ് തെളിയിച്ചിട്ടുണ്ട്. കാൺഗ്രസ്സിന്റെ തുടർച്ചയ്ക്കു ഹാനിക്കുടാതെ ഒരു പുതിയ കർത്തവ്യം അതു് ഏറെറടുക്കേണ്ടിയിരിക്കുന്നു. കാൺഗ്രസ്സിനെപ്പോലെ ജനസമൂഹത്തിന്റെ ഒട്ടാകെ അചഞ്ചലമായ ഭക്തിയും സ്വമനസ്സാലെയുള്ള അനുസരണയും ആർജ്ജിച്ചിട്ടുള്ള മറെറാരു സംഘടന രാജ്യത്തില്ല.

ബ്രിട്ടൻ ഇന്ത്യയ്ക്കു് അധികാരം കൈമാറുന്നതിനെ പരാമർശിച്ചുകൊണ്ടു ദേവ് ഇങ്ങനെ തുടരുന്നു. നാം ബുദ്ധിയുള്ളവരാണെങ്കിൽ വെളിയിൽനിന്നുള്ള നിയന്ത്രണങ്ങൾ നീക്കിയതുകൊണ്ടു സംതൃപ്തരായി കഴിയാതെ നമുക്കു ലഭിച്ച സ്വാതന്ത്ര്യം സാധാരണക്കാരുടെ ഭേദപ്പെട്ട ജീവിതം നയിക്കത്തക്കവിധം നമ്മുടെ കാര്യങ്ങളെ ശരിപ്പെടുത്തുകയാണുവേണ്ടതു്.

രാഷ്ട്രീയമായ പ്രജാധിപത്യത്തിനു് കാൺഗ്രസ്സ് പ്രതിജ്ഞചെയ്തിരിക്കയാണു്. നമ്മുടെ സ്വരാജ് ജനകീയമായിരിക്കും. അതു് ജനങ്ങൾക്കുവേണ്ടി ജനങ്ങൾതന്നെ നടത്തുന്ന ജനങ്ങളുടെ ഭരണമായിരിക്കും. കാൺഗ്രസ്സിന്റെ ലക്ഷ്യം പരിമുടക്കു് സത്യാഗ്രഹം എന്നിവ ഉൾപ്പെടെ സമാധാനപരവും ജനകീയവും ആയ എല്ലാമാർഗ്ഗങ്ങളിൽക്കൂടിയും ഇൻഡ്യയിൽ ഒരു സോഷ്യലിസ്ററ് ഡെമോക്രസി ഏർപ്പെടുത്തുകയാണ്. അതിൽ അധികാരം സ്ഥിതിചെയ്യുന്നതു് കർഷകരിലും തൊഴിലാളികളിലും കൂട്ടത്തിലും ബുദ്ധികൊണ്ടു ജോലിചെയ്യുന്നവരിലും ആയിരിക്കും സ്ഥിതിചെയ്യുന്നതു്. അതായതു് ജനസമൂഹത്തിൽ മുട്ടവനും ആയി അധികാരം സ്ഥിതിചെയ്യുന്ന ഒരു സോഷ്യലിസ്ററ് ഡെമോക്രസി (എ-പി)

—o—

# അമൃതസരസ്സിൽ

—o—

## വീണ്ടും ലഹളകൾ

അമൃതസരസ്സ്, ആഗസ്റ്റ് ൮—അമൃതസരസ്സിലെ ഗ്രാമങ്ങളിൽ വീണ്ടും അവിടവിടെയായി ലഹളകളുണ്ടാകുന്നു. ആശങ്കാവഹമായ ഒരു സ്ഥിതിയിലെത്തിയിരിക്കുന്നുവെന്നു ഔദ്യോഗികമായ പ്രസ്താവനയുണ്ട്. ഹാൾബസാറിൽ ഒരു ബോംബുപൊട്ടിത്തെറിക്കുകയുണ്ടായി. ഒരു 'ജീപ്പ്' കാറിൽ പോയിരുന്ന ഒരു പോലീസുദ്യോഗസ്ഥൻ ഭാഗ്യംപോലെ ഈ ബോംബു പൊട്ടിയ ആപത്തിൽ നിന്നു രക്ഷപ്പെട്ടു. (എ-പി)

—o—

# ഇന്നത്തെ രാഷ്ട്രീയനില മാറിവരുന്നു

—o—

## സ്വാതന്ത്ര്യത്തിനു സമരമാണെന്നു നമുക്കു തെളിയിക്കുക

—o—

### സുഹ്രവാർദിയുടെയും, പി. സി. ഘോഷിന്റെയും സംയുക്തപ്രസ്താവന

കൽക്കത്ത, ആഗസ്റ്റ് ൮—"ഇന്നത്തെ രാഷ്ട്രീയനില ഇപ്പോൾ മാറിവരുകയാണ്. നമുക്കു സ്വാതന്ത്ര്യം കൈവരുകയായി. ഈ അന്തരീക്ഷത്തിൽ ആ സ്വാതന്ത്ര്യത്തിനു് നാം തികച്ചും അർഹരാണെന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു" എന്നു ബങ്കാൾ പ്രധാനമന്ത്രി മി. സുഹ്രവാർദിയും പശ്ചിമബംഗാൾ പ്രധാനമന്ത്രി ഡാ. പി. സി. ഘോഷും ഒരു സംയുക്തപ്രസ്താവന ചെയ്തിരിക്കുന്നു.

കൽക്കത്തയിൽ ഇന്നു നടന്ന സമുദായികലഹളകളുടെ ഫലമായി ൪ പേർ മരിക്കയും പുറമെ ൨൫ പേർക്കു പരുക്കേല്ക്കുകയുമുണ്ടായി. ഹൌറാ മുനിസിപ്പൽകൗൺസിൽ പരിസരങ്ങളിൽ ലഹളകളെത്തുടർന്നു നാലുപേർ മരിക്കയും ആറുപേർക്കു പരുക്കേല്ക്കുകയുമുണ്ടായി. (എ-പി)

—o—

# സൗഹൃദ സമ്മേളനം

—o—

## കാമൺസിൽവച്ചു്

—o—

### മി. വി. കെ. കൃഷ്ണമേനോന്റെ പ്രസംഗം

ലണ്ടൻ ആ. ൮—അൻപതു ഇന്ത്യാക്കാരും പാർലമെൻറംഗങ്ങളും ഉൾപ്പെട്ട ഒരു സമ്മേളനത്തിൽ ഗ്രേറബ്രിട്ടനുമായി ഒരു അടുത്ത സൗഹാർദ്ദം പുലർത്തുവാനും സൃഷ്ടിപരമായ പദ്ധതിയിൽക്കൂടി ഇന്ത്യയുടെ സ്വാതന്ത്ര്യം ഉപയോഗിക്കുവാനും ഇന്ത്യ ആഗ്രഹിക്കുന്നുവെന്നു പണ്ഡിത നെഹ്റുവിന്റെ യൂറോപ്പിലെ പ്രതിനിധിയായ മി. വി. കെ. കൃഷ്ണമേനോൻ പ്രസ്താവിക്കയുണ്ടായി. കാമൺസ്സഭയിൽവച്ചു് ഇന്ത്യൻ സ്വാതന്ത്ര്യദിനത്തെ ആഘോഷിക്കുന്നതിനു് കൂടിയ ഒരു പ്രൈവററ് പാർട്ടിയിൽ പ്രസംഗിച്ചുകൊണ്ടു മി: മേനോൻ വൈസ്രായി മൌണ്ട്ബാററൻപ്രഭുവിന്റെയും ഇൻഡ്യാ സ്റ്റേററ് സെക്രട്ടറിയായിരുന്ന പെത്തിക്ലാറൻസ്പ്രഭുവിന്റെയും പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. ഇവർ രണ്ടുപേരും ഇൻഡ്യൻജനതയുടെ വിശ്വാസവും അഭിനന്ദനവും ആർജ്ജിച്ചിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു. ഇൻഡ്യാലീഗു ഇംഗ്ലണ്ടിൽ അതിന്റെ പ്രവർത്തനം തുടരുമെന്നും ഇപ്പോഴുള്ള സുദൃഢമായ സൌഹാർദ്ദബന്ധത്തെ പുലർത്തുവാൻ ശ്രമിക്കുമെന്നും മി: മേനോൻ പ്രസ്താവിച്ചു. ഈ സമ്മേളനത്തിൽ പാർലമെൻറംഗമായ മി. വില്യം ഡോബി അദ്ധ്യക്ഷതവഹിക്കുകയും ഇൻഡ്യാ സ്റ്റേററ് അണ്ടർസെക്രട്ടറി മി: ആർതർ ഹെൻഡേഴ്സൻ പാർലമെൻറംഗമായ ഇൻഡ്യാലീഗിന്റെ പാർലമെൻററി സെക്രട്ടറി റവ: ആർ. ഡബ്ളിയു. സോറൻസൺ പാർലമെൻറംഗമായ കേണൽ ഡേവിഡ് റീഡ്‌വില്യംസ് എന്നിവർ സംബന്ധിക്കയും ചെയ്തിരുന്നു. (റായിട്ടർ)

—o—

# ആചാര്യകൃപലാനി

കറാച്ചി ആഗസ്റ്റ് ൮—കാൺഗ്രസ്സ് പ്രസിഡൻറ് ആചാര്യകൃപലാനിയും സിൻഡ് പ്രൊവിൻഷ്യൽ കാൺഗ്രസ്സ കമ്മിററി എക്സിക്യൂട്ടീവ് കൗൺസിലിന്റെയും കാൺഗ്രസ്സ് അസംബ്ലി പാർട്ടിയുടേയും ഒരു സംയുക്തയോഗത്തിൽ പ്രസംഗിച്ചു. ഇൻഡ്യയുടെ വിഭജനത്തിലേക്കു നയിച്ച ഇൻഡ്യൻ രാഷ്ട്രീയനിലയെ അദ്ദേഹം പരാമർശിക്കയും ഭാവിപരിപാടി വിശദീകരിക്കയും ചെയ്തു. പക്കിസ്ഥാനിൽ ന്യൂനപക്ഷങ്ങളുടെ താൽപര്യസംരക്ഷണത്തെപ്പററിയും പ്രതിപാദിക്കപ്പെട്ടു.

വൈകുന്നേരം അതിർത്തിപ്രവിശ്യയിൽനിന്നും പശ്ചിമപഞ്ചാബിന്റെ മററുഭാഗങ്ങളിൽ നിന്നുമുള്ള അഭയാർത്ഥികളുടെ ഒരു നിവേദകസംഘം കാൺഗ്രസ്സ് പ്രസിഡൻറിനെ സന്ദർശിച്ചു. (എ. പി)

—o—

# ഇന്ത്യയും ചൈനയും തമ്മിലുള്ള സംസ്കാരികബന്ധം

## എന്നും കളങ്കമററതും ദുരുദ്ദേശരഹിതവുമാണ്

### ഇന്ത്യയിലെ ചൈനാ അംബാസഡരുടെ പ്രസംഗം

ന്യൂഡെൽഹി ആഗസ്റ്റ് ൮—ഇന്ത്യയിലെ ചൈനീസ് അംബാസഡർ ഡാക്ടർ ലോചിയലുവെൻ ഓറിയൻറൽ ലേണിംഗ് ഇൻസ്റ്റിററ്യൂട്ടിൽ, ഡാ: ഡയുട് ഷ്ലെസ്സിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽചെയ്ത പ്രസംഗത്തിന്റെ ഒരു സംഗ്രഹമാണ് ചുവടെ ചേർത്തിരിക്കുന്നതു്.

ഇന്ത്യയും ചൈനയും തമ്മിലുള്ള സംസ്കാരികബന്ധം ഏററവും തൃപ്തികരമായിട്ടേ ഇരുന്നിട്ടുള്ളു. അതിനുകാരണം അതു് എന്നും കളങ്കമില്ലാത്തതും ദുരുദ്ദേശരഹിതവുമായിട്ടാണ് വളരാൻ സംഗതിയായതെന്നാണ്. പരസ്പരം അടിമപ്പെടുത്തണമെന്ന വിചാരം ഈ രണ്ടുരാജ്യങ്ങൾക്കും ഒരിക്കലും ഉണ്ടായിട്ടില്ല. സമാധാനപരമായ വ്യാപാരബന്ധം വഴിക്കാണ് ഇന്ത്യയും ചൈനയും തമ്മിലുള്ള സംസ്കാരികബന്ധം ആരംഭിച്ചതു്. ആ സംസ്കാരികബന്ധം സുന്ദരമായ വസ്തുക്കളിൽ തുടങ്ങി മാന്യതരങ്ങളായ ഉദ്ദേശങ്ങളിലൂടെ ഉത്തമങ്ങളായ ആദർശങ്ങളിലേയ്ക്കും തത്വബോധത്തിലേയ്ക്കും, ആത്മീയസംതൃപ്തിയിലേക്കും പുരോഗമിക്കയാണുണ്ടായതു്.

വേണ്ടുംപോലെയുള്ള സൌകര്യങ്ങൾ ഉണ്ടാകുന്നതോടുകൂടി ഇൻഡ്യയും ചൈനയും തമ്മിലുള്ള സംസ്കാരികബന്ധം വളർപ്പിക്കേണ്ടതിന്നാവശ്യമായ നടപടികൾ എടുക്കുമെന്നാശിക്കാം. ഈ നവീനലോകത്തിൽ സാർവലൌകികകാര്യങ്ങളിലും വ്യാപാരവ്യവസായങ്ങളിലും പരസ്പരഗുണത്തിനു് ആവശ്യമുള്ള ഗതാഗതം തുടങ്ങിയ മററുള്ള വിഷയങ്ങളിലും ഇൻഡ്യയും ചൈനയും തമ്മിലുള്ള സഹകരണം ഒരു വലിയ അത്യാവശ്യമായിട്ടുണ്ടെന്നു മാത്രമല്ല, നമുക്കു് അതിനുവേണ്ട സകല സൌകര്യങ്ങളും ഇന്നു കൈവരുകകൂടി ചെയ്തിട്ടുണ്ട്. (എ-പി)

# ഷൺമുഖംചെട്ടി സർസ്ഥാനമുപേക്ഷിക്കും

മദ്രാസ്, ആഗസ്റ്റ് ൯—സർ ഷൺമുഖംചെട്ടിയെ ഡൊമിനിയൻമന്ത്രിസഭയിലെ അംഗമായി നിയമിക്കുവാനുള്ള നിർദ്ദേശം ജൂലൈ ൩൧-ാംനു മദ്രാസ് ഗവർണ്ണർമുഖാന്തിരം അദ്ദേഹത്തെ അറിയിച്ചുവെന്നും അതിനുശേഷം മി. സി. രാജഗോപാലാചാരി ടെലിഫോൺവഴി സർ ഷൺമുഖംചെട്ടിയുമായി രണ്ടു സംഭാഷണങ്ങൾ നടത്തിയതായും അറിയുന്നു. സർ ഷൺമുഖം അദ്ദേഹത്തിന്റെ സർസ്ഥാനം ഉപേക്ഷിക്കുന്നതും ആഗസ്റ്റ് ൧൫-ാംനു-ക്കുമുമ്പ് ന്യൂഡെൽഹിയിലേക്കു പുതിയ ഡൊമിനിയൻഗവൺമെൻറിന്റെ ഉൽഘാടനത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി പുറപ്പെടുന്നതുമാണെന്നറിയുന്നു. എം. പി. ഐ. ലേഖകന്റെ അഭിമുഖസംഭാഷണത്തിൽ ഈ വാർത്ത സ്ഥിരീകരിക്കുവാനോ നിഷേധിക്കുവാനോ സർ ഷൺമുഖംചെട്ടി വിസമ്മതിച്ചു. (എ. പി)

—o—

# സിനിമാപ്രദർശനം നിരോധിക്കുന്നു

—o—

## പ്രദർശനവേളയിലുണ്ടായ ഫലം

ബോംബെ ആഗസ്ററ ൮—'ആംബ് കാസിതാറാ' എന്ന സിനിമാപടം പ്രദർശിപ്പിക്കുന്ന സമയത്തു് ഒരു ബോംബു് പൊട്ടിത്തെറിച്ചതിനെത്തുടർന്നു് ഒരുമാസക്കാലത്തേക്കു ആ പടം ബോംബെ നഗരത്തിൽ പ്രദർശിപ്പിച്ചുകൂടാ എന്നു് പോലീസ് കമ്മീഷണർ കല്പിച്ചിരിക്കുന്നു. ആ ചിത്രം പൊതുസമാധാനഭഞ്ജകമാണെന്നു് കാരണം പറഞ്ഞാണ് അങ്ങിനെ ചെയ്തതു്.

ശനിയാഴ്ച ഉച്ചതിരിഞ്ഞശേഷം ബോംബെനഗരത്തിൽ സാമുദായികലഹളകളെ സംബന്ധിച്ചു് യാതൊരു സംഭവവുമുണ്ടായിട്ടില്ലെന്നു ബോംബെഗവൺമെന്റിന്റെ പ്രചരണാലയം പ്രസ്താവിച്ചിരിക്കുന്നു. (എ-പി)

—o—

# വസ്ത്രക്ഷാമത്തെപ്പററി

—o—

## ശ്രീ. സി. രാജഗോപാലാചാരിയുടെ പ്രസ്താവന

ന്യൂഡെൽഹി, ജൂലൈ ൩൦—വസ്ത്രക്ഷാമം തീർക്കാൻവേണ്ടി ഉൽപാദനം വർദ്ധിപ്പിക്കാനുതകുന്ന മാററങ്ങൾ മാത്രമാണ്. ഇന്നത്തെ വസ്ത്രനയത്തിൽ വല്ല മാററവും വരുത്തുന്നുണ്ടെങ്കിൽത്തന്നെ ഉണ്ടാകുക എന്നു് ശ്രീ സി. രാജഗോപാലാചാരി ഉറപ്പു പറഞ്ഞിരിക്കുന്നു. ന്യൂഡെൽഹിയിൽ നാട്ടുരാജ്യപ്രതിനിധികളും സംസ്ഥാനപ്രതിനിധികളും ചേർന്നുകൂടിയ യോഗത്തിലാണ് അദ്ദേഹം ഈ പ്രസ്താവന ചെയ്തതു്. (എ-പി)

—o—

# ഇൻസ്പെക്ടർ ജനറൽ

—o—

## ആഗസ്റ്റ് ൧൫-നു് ഉദ്യോഗത്തിൽനിന്നു വിരമിക്കുന്നു

തിരു: ആഗസ്റ്റ് ൯—ഇവിടത്തെ ഉദ്യോഗത്തിൽനിന്നു വിരമിക്കുന്ന ഇൻസ്പെക്ടർജനറൽ ഓഫ് പോലീസ് മി: പാർത്ഥസാരഥിഅയ്യങ്കാർ ആഗസ്റ്റ് ൧൫-ാംനു-യോടുകൂടി ഇവിടെനിന്നു മദ്രാസിലേക്കു തിരിക്കുന്നതാണെന്നറിയുന്നു. (സ്വ-ലേ)

—o—




## സൈക്കിൾ

ഗ്രന്ഥകർത്താ,
പോഞ്ഞിക്കര റാഫി
മംഗളോദയം ലിമിറ്റഡ്—തൃശ്ശൂർ
വില രൂ ൧.

മലയാളത്തിൽ ഗ്രന്ഥരചന ഒരു ജീവിതവൃത്തിയായി അംഗീകരിച്ചിട്ടുള്ളവർ ചുരുക്കം. അതിനുള്ള പ്രധാന കാരണം സാഹിത്യകാരന്നു സാമ്പത്തികമായ പ്രോത്സാഹനം ലഭിക്കപ്പെടുന്നില്ലെന്നുള്ളതുതന്നെ. സാഹിത്യപ്രവർത്തനത്തിനു ചില പ്രത്യേക യോഗ്യതകൾ വേണമെന്നുള്ള നമ്മുടെ ഇടയിലെവയ്പു സാധാരണക്കാരെ അങ്ങോട്ടു നോക്കുന്നതിനുപോലും ഭയപ്പെടുത്താതെയിരുന്നില്ല. ശക്തിർനിപുണതാ, എന്നു തുടങ്ങുന്ന സാഹിത്യകാരയോഗ്യതകൾ അഭ്യാസസിദ്ധമായിട്ടല്ലാതെ വെറുതെ തട്ടിയെടുക്കാവുന്നവയല്ലെന്നും അതിൽ കുറച്ചൊക്കെ ഇടപെട്ടവരെ നല്ലവണ്ണം ബോധ്യപ്പെടുത്താതെയുമിരുന്നില്ല. ഇക്കാരണങ്ങളാൽ കേരളീയന്നുഭാഷാവങ്കാട്ടു കവികുഞ്ജരന്മാരുടെയും സാഹിത്യപഞ്ചാനനന്മാരുടെയും സൈരവിഹാരകേന്ദ്രമായ റിസർവ് വനങ്ങളായി സൂക്ഷിക്കപ്പെട്ടിരുന്നു. ഭാഷാവങ്കാടിന്റെ ഈ ഭയങ്കരതയെ വകവെയ്ക്കാതെ ചില ഊടുവഴികളിൽക്കൂടി അതിലേയ്ക്കു കടക്കുന്നതിനു ചില ധൈര്യശാലികൾ ഇപ്പോൾ ശ്രമിച്ചു തുടങ്ങിയിട്ടുണ്ട്. സുരക്ഷിതമായ ആ പ്രദേശം ഇവരുടെ പ്രവേശനംകൊണ്ട് കണ്ടമാനമായി ആ പ്രകൃതിവിഭവങ്ങൾ അപഹരിക്കപ്പെട്ടുപോകുമെന്നു ഭയപ്പെടുന്നവരും ധാരാളം ഉണ്ട്.

ശ്രീ പോഞ്ഞിക്കര റാഫിയെ ഒരു തൊഴിലാളി സാഹിത്യകാരനാക്കി അവതരിപ്പിച്ചിരിക്കുകയാണ്. ഇന്നു രാജ്യാധിപത്യം നേടിയിരിക്കുന്ന തൊഴിലാളി പ്രസ്ഥാനത്തിനു സാഹിത്യത്തിൽമാത്രം അതു വരുതല്ലെന്നു വന്നുകൂടുന്നില്ല. അല്ലെങ്കിൽതന്നെയും അക്കാരണത്താൽ വിമർശകൻ ദാക്ഷിണ്യവിധേയനാകണമെന്നും വരുന്നില്ല. അവതാരികാകാരനല്ലാതെ ഗ്രന്ഥകാരനു അങ്ങനെയൊരുദ്ദേശ്യമുള്ളതായി യാതൊരു മുഖവുരയും തരുന്നുമില്ല. ഏഴു ചെറുകഥകളെക്കൊണ്ടു ഈ ഗ്രന്ഥം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. അതിലെ ആദ്യകഥയാണു സൈക്കിൾ. അവതാരികാകാരനു കൂടുതൽ ബോധ്യമായതും അതിനോടാണ്. ഒരു പണക്കാരന്റെ കുട്ടി മൂന്നുചക്രമുള്ള സൈക്കിളിൽ കേറി കളിച്ചുനടക്കുന്നതു കണ്ടിട്ടു അയൽവീട്ടിലെ തൊഴിലാളിച്ചെറുക്കൻ അതുപോലൊന്നു വാങ്ങിക്കൊടുക്കണമെന്നു അവന്റെ അമ്മയെ അലട്ടുന്നു. അമ്മ അതു കേൾക്കാൻ ഭാവമില്ലെന്നായപ്പോൾ സത്യഗ്രഹവും അതിനോടുകൂടെ നിരാഹാരവ്രതവും അവൻ ആരംഭിക്കുന്നു. തള്ള കണക്കിനു പ്രഹരിച്ചുവിടുന്നു. നമ്മുടെ എളിയ വീടുകളിൽ ഇത്തരം അനുഭവങ്ങൾ സാധാരണം. ആ സാധാരണസംഭവത്തെ സ്വാഭാവികപ്പെടുത്തിയെന്നുള്ളതിൽ കവിഞ്ഞു ആ കഥയ്ക്കു മെച്ചം കല്പിക്കാനില്ല. എന്നാൽ അവതാരികാകാരൻ പറയുന്നു, തൊഴിലാളി കുടുംബത്തിലെ അമ്മയ്ക്കു മകനെയോ മകനു അമ്മയെയോ ശരിയായവിധം സ്നേഹിക്കുവാൻ കഴിയുന്നില്ല എന്ന്. ഒരു ജന്തുവിനും സ്വപുത്രരിൽ പക്ഷപാതം, വിധി നൽകുന്നില്ല എന്ന ലോകോക്തിയെ ഇതു ചെറുത്തുനിൽക്കുമെന്നുള്ളതോ പോകട്ടെ, കുട്ടികളുടെ വെറും ശാഠ്യങ്ങളും നിർബന്ധങ്ങളും അതേപടിക്കു സാധിച്ചുകൊടുത്തു അവരെ നിർബന്ധം പഠിപ്പിക്കുന്ന മൂഢവാത്സല്യം, തത്തദ്ദേശമായ-നാഗരികതയുടെ ഏത്തായ്കനീയെളിന്നതിക്കിൽ എന്നു പ്രാർത്ഥിക്കുവാനാണ് ഇങ്ങനത്തുകൾക്കു അതുകേട്ടു തോന്നിപ്പോകുക.

റെജീനായുടെ മരണം അതു കരളുരുകിപ്പിക്കുന്ന ഒരു സംഭവംതന്നെയാണ്. പതിനാറുപതിനേഴുവയസ്സുപ്രായമായ റെജീനാ ഉതളങ്ങാ പറിച്ചുതിന്നു മൃത്യുവശഗയാകുന്നു. ആ ശവശരീരം പോസ്റ്റ്മാർട്ടം ചെയ്തപ്പോൾ അവൾക്കു നാലുമാസം ഗർഭമുണ്ടായിരുന്നുവെന്ന രഹസ്യം വെളിപ്പെട്ടു. വികാരിഅച്ചൻ, സെമിറ്ററിക്കകത്തു ആ ശവം അടക്കംചെയ്യാൻ അനുവദിക്കുന്നില്ല. അവളുടെ പിതാവിനും സ്വജനങ്ങൾക്കും വികാരി അച്ചന്റെ ഈ കല്പന പുണ്ണിൽതിരുകിയതീക്കൊള്ളിയായി. വികാരി അച്ചന്റെ കല്പനയെ അരമനയിൽനിന്നും ശരിവച്ചുകൊണ്ടു സെമറ്ററിക്കു പുറത്തുതന്നെ റെജീനയെ അടക്കം ചെയ്യാനാരംഭിച്ചു. ആ സമയം റെജീനായുടെ മച്ചുമപുത്രനായ സ്റ്റീഫൻ (ആറുമാസമായി ഇദ്ദേഹം വിദേശത്തിൽ പാർത്തുവരികയാണ്. റെജീനായുടെ ഒടുക്കത്തെ കുറിപ്പുകണ്ടിട്ടു അദ്ദേഹം വ്യഗ്രിച്ചു യാത്ര പുറപ്പെട്ടതായിരുന്നു.) അവിടെ വന്നുചേർന്നു. റെജീനായുടെ എഴുത്തു വായിക്കുന്നു. ആ എഴുത്തു ആ സന്ദർഭത്തിൽ അവിടെവച്ചു വായിച്ചതു് അവതാരികാകാരനു രസിച്ചിട്ടില്ല. ഈ എഴുത്തു പരസ്യംചെയ്യാൻ പാടില്ലാത്തതാണെന്നു അദ്ദേഹം വിധി എഴുതാത്തതല്ലെ ഭാഗ്യം. റെജീനായ്ക്കു സ്റ്റീഫൻസനോടുണ്ടായിപ്പോയ മനസ്സംഗം കമ്പസാരത്തിനിടയിൽ ഏററുപറഞ്ഞു. ആ സാധ്വിയുവതി ആ പാപത്തിന്റെ പ്രായശ്ചിത്തത്തിനു വികാരി അച്ചനെ സമീപിച്ചതിൽവച്ചുണ്ടായ കുഴപ്പം ഗർഭിക്കയാണെതിൽ. എന്റെയീ വയററിലെ പൈതലിൻ പിതാവ് ആ വികാരി അസ്സനാണെന്നു, അങ്ങിനെ പൌരോഹിത്യത്തിന്റെ കാമരൂപം ബീഭത്സവും ജുഗുപ്സാവഹവുമായി ചീഞ്ഞളിഞ്ഞു തുടങ്ങിയെന്നു ശ്രീ പൊൻകുന്നം വർക്കിയെപ്പോലെതന്നെ മി. റാഫിയും ധീരമായ തന്റെ തൂലികയെ പ്രവർത്തിച്ചു പ്രത്യക്ഷമാക്കിത്തരുന്നു. മണിഓർഡർ, എന്ന ഇതിലെ മറ്റൊരു കഥയും വൈദികമാനികളുടെ ഹൃദയമില്ലായ്മയുടെ അസൽ ചിത്രമാണ്. നിത്യവും കുടുംബൈകഭരണപരിശ്രമശ്രദ്ധായാൽ വലയുന്ന സാധുക്കളുടെ പൊരുതിമുട്ടലുകളും, ആത്മഹത്യകൊണ്ടുപോലും അതിൽനിന്നു രക്ഷനേടാൻ പാടില്ലാതെ അതിൽ പെട്ടതിയിട്ടിരിക്കുന്ന രാജ്യനിയമങ്ങളും പാവങ്ങളെ ഇഞ്ചിഞ്ചായി കൊല്ലുന്ന സമുദായവ്യവസ്ഥിതിയും നാം ഉന്നു ചിന്തിക്കേണ്ട കാലം വൈകിയിരിക്കുന്നുവെന്നു് ഈ കഥ വെളിവാക്കുന്നു. ത്യാഗിനിയെക്കൊണ്ടു കഥാകൃത്തു സാധിക്കുന്നതു സാമുദായികാസമത്വങ്ങൾ പ്രേമത്തിനുതരുന്ന പരാജയകഥയാണ്. പ്രേമത്തിന്റെ ഈ നാനാവാദങ്ങൾ കേട്ടു തഴമ്പിച്ചു കഴിഞ്ഞ നമുക്കു ഇതിൽ ഒരു പുതുമയ്ക്കുവകാശമില്ല. എന്നാൽ അയലുടെ ഏഴൈയകപ്പോതം പൂവ്സ്വരണകളുടെ പൂങ്കാവനങ്ങളിലേക്കും നെല്പാടങ്ങളിലേക്കും പച്ചക്കുന്നുകളിലേക്കും പറന്നുതുടങ്ങി.........മധുരമനോഹരമായ ആയിരം ആയിരം ആശകളുടെ തളിരും താരും കിളുർന്നും വിടർന്നും മററിനിന്നു പരിമളം പരത്തിയ വസന്തോത്സവം. വിഭാവനകളുടെ കുഞ്ഞലകളുയർന്നു മർമ്മരം മൂളിയ ഒരു കൊച്ചുതരംഗിണിയായിരുന്നു അയാളുടെ ജീവിതം. ഈവിധത്തിൽ പ്രതിപാദനാസുഭഗമായ പ്രസാദമാധുര്യം ആ തൊഴിലാളിസാഹിത്യകാരന്റെ ഭാവനയിൽ നിന്നു അവിച്ഛിന്നമായി പ്രവഹിക്കുന്നില്ലെങ്കിലും കോരകത്തിൽ മധുവെന്നപോലെ നമുക്കു അനുഭവഗോചരമാകുന്നു. ഈ കഥാപ്രപഞ്ചത്തിൽ ഒരു വാസന്തകവിഭൂതി കൈവളർത്തുന്നതിനു കഥാകൃത്തിനുള്ള കഴിവിനെ ഉച്ചൈസ്തരം വിളംബരം ചെയ്യുന്നു.

തൊഴിലാളികളുടെ ജീവിതാനുഭവങ്ങളുടെ യഥാർത്ഥസ്ഥിതി വെളിപ്പെടുത്തുക എന്ന കഥാകൃത്തിന്റെ ഉദ്ദേശ്യം സഫലമായിട്ടുണ്ടെന്നുവേണം പറയുവാൻ. പദവാക്യപരമായ ദോഷങ്ങളെ ചികഞ്ഞുനോക്കി ഗ്രന്ഥകാരന്റെ മനസ്സു മടിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. എന്നാൽ താൻ പ്രതിനിധീകരിക്കുന്ന തൊഴിലാളിസംഘത്തിന്റെ സാമൂഹ്യസ്ഥിതിയെ ഉയർത്തുന്നതിനും അവരെ ഉശിർകൊള്ളിക്കുന്നതിനും ഉൽക്കർഷോന്മുഖമായ ഒരു പരിവർത്തനം സാധിക്കുന്നതിനും ഉതകുന്ന മാർഗ്ഗത്തിൽക്കൂടി ആ തൂലിക പ്രവർത്തിച്ചുകാണ്മാൻ ആഗ്രഹിക്കുന്നു. സി. എം. പി.

—ഠ—

## ബാഷ്പതരംഗിണി

—ഠ—

(ഒരു വിലാപകാവ്യം)
ഗ്രന്ഥകർത്താ,
കെ. കേശവൻ ബി. എ
പ്രസാധകൻ
പി. ഐ. കെ. വൈദ്യൻ, പേരൂർ
വില രൂ. ൧.

പരേതനായ ശ്രീ. ജോസഫ് വെള്ളപ്പള്ളി അവർകളുടെ ഏകാന്തനിർമ്മലമായ വ്യക്തിമാഹാത്മ്യം, ഒരു സുദീർഘകാലം സൂക്ഷിച്ചറിയുന്നതിനു ഇടവന്നിട്ടുണ്ടെന്നു അവകാശപ്പെടുന്ന മി. കേ. കേശവന്റെ വിലാപസ്വരമാണു ഈ കാവ്യത്തിൽ പ്രതിധ്വനിക്കുന്നതു്. ഈ കാവ്യനിർമ്മാണത്തിനു പ്രചോദനമരുളിയ സജ്ജനൈകവത്സതിഃകൃതജ്ഞതാ എന്നു് ആഷസൂക്തിയെ കവിയെപ്പോലെതന്നെ അനുവാചകനും അഭിനന്ദനപൂർവം അനുസ്മരിക്കപ്പെടും. എന്നാൽ കഥാവൃക്ഷനോട്ടുള്ള കടപ്പാടുതീർക്കുന്ന ഈ കാവ്യംകൊണ്ടു മറ്റൊരു കടം വരുത്തിപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നോ എന്നു നമുക്കു ചോദിച്ചുപോകാൻ തോന്നും, വഴിയിൽകിടന്ന തേങ്ങയെടുത്തു ഗണപതിക്കടിക്കുന്ന ഈ പ്രവൃത്തികണ്ടാൽ.

മഹാകവി കുമാരനാശാന്റെ പ്രരോദനം നല്ലപോലെ കവി ഉപസ്ഥിതിവരുത്തിയിട്ടുള്ളതു് സന്തോഷിക്കേണ്ട ഒരു കാര്യമാണ്. ആ മഹാകവിയെ അനുകരിക്കാൻ ആഗ്രഹം തോന്നിപ്പോകുന്നതു് അതിലും ആദരണീയമായിട്ടുള്ളതാണ്. സന്ദർഭോചിതമായി ആശയങ്ങൾക്കു പൊരുത്തം വരികയെന്നതു സാധാരണസംഭവിച്ചുകാണുന്നതുമാണ്. എന്നാൽ ആദ്യന്തം ഒരുകരുവിൽ വാർത്തെടുക്കുക. ലോഹങ്ങളുടെ ചേരുവയിൽ ചില ചില്ലറ കൂട്ടിക്കുറപ്പുകൾ വരുത്തി ആ പാത്രസൃഷ്ടി തന്റേതാണെന്നു ഭാവിപ്പിച്ചുകൊണ്ടും സഹൃദയർക്കു ഉദ്വേഗകരമായിട്ടില്ലേ തോന്നിപ്പോവുക

ചാരുമണ്ഡലമെന്നു കാൺമൂ ഇവിടെൻ
ബിംബത്തിനുള്ളിൽപ്പവൻ
മാറുംപാറിന്റെചുഴെയങ്ങവിലസും
മോഹാഹിയാം വേടിപോൽ

ഇതു കവിയുടെ സ്വന്തമായിട്ടുള്ള ഒരാശയ പ്രതിപാദനമാണ്. സർപ്പങ്ങൾ നിധികാത്തു കിടക്കുമെന്നു പ്രസിദ്ധിയെ പ്രകടീകരിക്കയാണു ഇതെന്നു ഒരു കെ. പി. ബാലകൃഷ്ണൻ മഹോപാദ്ധ്യായൻ ഇതിനെ വ്യാഖ്യാനിക്കുന്നുമുണ്ട്. വേടി എന്ന പദം ഈ അർത്ഥത്തിനു ശക്തി കൂട്ടുന്നുവെന്നാ വ്യാഖ്യാതാവ് ഒരുന്നും കൊടുക്കുന്നുണ്ട്.

ഒരു വിലാപ കാവ്യം എന്ന പേർ വഹിച്ചിരിക്കുന്ന നിലയ്ക്കു അതിനനുഗുണമായ സന്ദർഭങ്ങൾ കവി സ്വീകരിച്ചിട്ടുണ്ടോ എന്നാണെങ്കിൽ അതു് അശേഷം ഇല്ലെന്നു ധൈര്യപൂർവംതന്നെ പറയാവുന്നതാണ്. പ്രരോദനത്തിന്റെ പേരിൽ ചിലർ ഉന്നയിച്ചു കണ്ടിട്ടുള്ള അപവാദമാണല്ലോ ഇതു്. എന്നാൽ, ജീവേശപ്രിയതാതേയിങ്ങനെയഹോസൗധസ്ഥരാം രാജ്ഞിമാർ എന്നു തുടങ്ങുന്ന പദ്യങ്ങളിൽ ശോകനിർഭരമായ വിലാപസ്വരം മർമ്മഭേദകമായി പൊട്ടിപ്പുറപ്പെടാതിരിക്കുന്നില്ല. മഹാകവിയുടെ ഭാവനയിൽ ആ സന്ദർഭംപെട്ടിരുന്നില്ല എന്നു ആക്ഷേപം അപലപിക്കുവാനും സാധിക്കയില്ല. എന്നാൽ പ്രരോദനത്തെ പ്രതിധ്വനിപ്പിക്കാൻപോയ ശ്രീ കേശവൻ ഇത്തരം സന്ദർഭങ്ങളിൽ മൗനമവലംബിച്ചു വിലാപകാവ്യത്തിന്റെ ജീവഹത്യ ചെയ്യുകയുണ്ടായിരിക്കുന്നു. അദ്ദേഹത്തിന്റെ വിലാപപ്രകൃതിയെ ഉദ്ധരിച്ചുകാണിച്ചില്ലെങ്കിൽ അതു പക്ഷപാതംകൊണ്ടാണെന്നു വരുമല്ലോ.

മററിൽത്തച്ചതിശോകമോട്ടുമറയിട്ടീ
ട്ടുംവിധംവെള്ളിടി
സ്ഫാരോഗ്രാഹതിയാലലച്ചുമകതാർ
പൊന്നമട്ടിമ്മഹി
ആറിൻവ്യാജമെഴും പ്രവാഹതതിയെ
കണ്ണീരിനാൽച്ചേർത്തുമി
പ്പാരാവാരവപ്രലാപമൊട്ടമേമാഴ്
കന്നമന്ദേതരം

ഇതിൽ കവി, കവിതാദേവിയെ പിടിച്ചിരുത്തി കരയിപ്പിക്കയാണെന്നുവെന്നല്ലേ തോന്നുക.

എന്നാൽ ഒരു കാര്യം സന്തോഷപൂർവം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ശ്രീമാൻ കെ. കേശവനു കവിതാവാസനയും ശിക്ഷണബോധവും സാമാന്യാതീതമായി സംഭവിച്ചിട്ടുണ്ട്. കവിതയിൽ അദ്ദേഹം നിരന്തരമായി പരിശ്രമിക്കുന്നപക്ഷം വരുമാനമായ പ്രശസ്തി വിദൂരവുമല്ല. ഇന്നു ലുപ്തപ്രായമായിരിക്കുന്ന സംസ്കൃതവൃത്തങ്ങളെ സമുദ്ധരിപ്പിക്കുന്നതിനു സമർത്ഥമായ പ്രതിപാദനപ്രഗത്ഭതയും ഉൽകൃഷ്ടാശയങ്ങളെ ഉദ്ഗ്രഹിക്കുന്നതിനുള്ള പ്രതിഭയും ആ മാർഗ്ഗത്തിൽക്കൂടി അദ്ദേഹം പ്രവർത്തിപ്പിക്കുമെന്നു നമുക്കു വിശ്വസിക്കാം. (സി. എം. പി.)

—ഠ—

## GENERAL KNOWLEDGE QUIZ

1. Of what tree is a branch the emblem of peace?
   a) Maple; b) Oak; c) Olive.
2. Who wrote "A Doll's House"?
   a) Dryden; b) Ibsen; c) Priestley.
3. "Aar" is the name of a —
   a) Town; b) River; c) Island.
4. King John signed the Magna Carta at —
   a) Runnymede; b) Windsor; c) Johnshaven
5. Which is the highest Cathedral in England?
   a) Ripon; b) Winchester; c) Salisbury.
6. Mr. Clement Attlee is the M. P. for —
   a) Whitehaven; b) Limehouse; c) Oldham.
7. "Albacore" is a kind of —
   a) Fish; b) Bird; c) Reptile.

General Knowledge Quiz
ANSWERS
1. (c); 2. (b); 3. (b); 4. (a); 5. (c); 6. (b); 7. (a).

(നാലാംപേജിൽനിന്നു തുടച്ച്)

വിജയം വിഷാദകലുഷയായി. അടുത്തുചെന്നു ശുശ്രൂഷിക്കാൻ അവൾക്കാശയുണ്ടെങ്കിലും അതിനെ നിയന്ത്രണംചെയ്തുകൊണ്ടു പറഞ്ഞു.

'എന്താണിതു്? പ്രിയകലേശൻ, അങ്ങൊരു പുരുഷനല്ലേ? എനിക്കൊന്നും മനസ്സിലാകുന്നില്ല. മററുള്ളവർക്കെങ്കിലും വരാക്കുകൊട്ടുത്തുവോ?'

ഉവ്വ്. വാക്കുകൊടുത്തു. ഭാനുമതിയെ വിവാഹംചെയ്യാമെന്നു്—'

'എന്തു്! ഭാനുമതിയെ! അതെ, എന്റെ സംശയം ശരിതന്നെ. അവൾക്കു് അങ്ങയോടു് അതിരററ പ്രണയമുണ്ടു്. നിങ്ങൾക്കു രണ്ടുപേർക്കും എന്റെ ഹൃദയംഗമമായ ആശംസ!' വിജയമ്മയുടെ സ്വരം ഇടറിയിരുന്നു. കണ്ണുകൾ നിറയുകയും ചെയ്തു.

'ഭവതി ആശംസിക്കയാണോ?'

'അതെ, കലേശന്റെ കാമിതത്തിനു ഞാൻ എതിരല്ല'

'വിജയം, പുണ്ണിലമ്പുതറയ്ക്കരുതു്. ഞാൻ എന്റെ കടം വീട്ടുകയാണു്. കൃതജ്ഞത കാണിക്കുകയാണു്.'

'എന്തു കടം! എന്തു കൃതജ്ഞത!'—വിജയം ആശ്ചര്യത്തോടെ ചോദിച്ചു.

'ഭാനുമതിയുടെ പിതാവു് മധുസൂദനൻ നാലുവർഷമായി എന്റെ വിദ്യാഭ്യാസച്ചെലവു നിർവഹിക്കുന്നു. ഉപകർത്താവാരെന്നും, എന്റെ അധമർണ്യം എത്രയെന്നും അറിയാൻ ഞാൻ പരസ്യംചെയ്തു. ഇപ്പോൾ മകളുടെ നിർബ്ബന്ധം, സാധിക്കാൻ നിവൃത്തിയില്ലാഞ്ഞതുകൊണ്ടുമാത്രം ആ സൗജന്യനിധി സത്യം വെളിവാക്കിയതാണു്. ഞാൻ എന്തുചെയ്യട്ടെ!

വിജയം കസേരയിൽനിന്നു ചാടിഎഴുന്നേററു. അവളുടെ പുരികം ചുളിഞ്ഞു വദനം കോപാരുണമായി. ഈ ഭാവഭേദം കലേശനെ അമ്പരപ്പിച്ചു.

'എന്തു്! മധുസൂദനൻ നിങ്ങൾക്കു പണമയച്ചുതന്നു എന്നോ?'

'അതെ, അദ്ദേഹത്തിന്റെ സൗജന്യബുദ്ധിയെ സംശയിക്കയാണോ, വിജയമ്മ.'

'അയാൾതന്നെയാണോ ഇതു പറഞ്ഞതു്.'

'അതെ, എന്റെ വസതിയിൽ വന്നു പറഞ്ഞു. മകളുടെ വിവാഹത്തിനു സമ്മതം മൂളുകയില്ലെന്നു നിശ്ചയംവന്നപ്പോൾ മാത്രമേ സത്യം വെളിപ്പെടുത്തിയുള്ളു.'

'കൊള്ളാം. പണമയച്ചതിനു തെളിവെന്തു്?

'തെളിവോ?'

'അതെ, തെളിവു്!' തെളിവുകൂടാതെ വിശ്വസിച്ചുകൂടാ.

'ഇങ്ങനെ കളവുപറയുമോ, ആരെങ്കിലും'—

'ശുദ്ധബുദ്ധിയായ അങ്ങു് ലോകത്തിന്റെ വക്രത അറിയുന്നില്ല.

'എനിക്കൊന്നും മനസ്സിലാകുന്നില്ല, വിജയമ്മേ! എന്താണിതിന്റെ അർത്ഥം?'

'മകൾക്കു ഭർത്താവിനെ കിട്ടാൻ വ്യാജവേഷംകെട്ടിയ ദുഷ്ടൻ'—ആ ലളിത കാമിനിയപ്പോൾ അലറി ഉടനെ ശാന്തയായി പറഞ്ഞു.

'പ്രിയപ്പെട്ട കലേശൻ! വഞ്ചനവലയിൽ കുടുങ്ങാൻ പോകുന്ന ഈ സമയത്തു് ആ രഹസ്യം ഞാൻ മറച്ചുവയ്ക്കുന്നില്ല. ഇക്കാര്യം ഒരിക്കലും അങ്ങു് അറിയരുതെന്നു ഞാൻ ആശിച്ചു. വിധിഹിതം മറിച്ചാണു്.'

കലേശൻ അത്ഭുതസ്തബ്ധനായി മിഴിച്ചു നോക്കിയിരുന്നു.

'ആദ്യം പണമയച്ചയാളിന്റെ പേരെന്താണു്'—വിജയമ്മ ചോദിച്ചു.

'വിജയൻ എന്നു്'—കലേശൻ പറഞ്ഞു.

'അമ്മാവാ'—വിജയം വിളിച്ചു.

'എന്താ'—രാമഗുപ്തൻ അടുത്തുവന്നു.

'ഇദ്ദേഹത്തിനു പണമയച്ചതാരാണു്'

'കുഞ്ഞു തന്നയച്ചിട്ടു ഞാനല്ല്യോ നാടോടിനടന്നു മണിയോർഡറയച്ചതു്'

'ഹാ, ദൈവമേ! കലേശൻ വികാരവിക്ഷുബ്ധനായി നിലവിളിച്ചു.

'കലേശൻ ഞങ്ങളുടെ ഈ വെറും വാക്കുകൾ വിശ്വസിക്കേണ്ട'—വിജയം അകത്തുപോയി പെട്ടിതുറന്നു രസീതുകളെല്ലാം എടുത്തുകൊണ്ടുവന്നു മേശപ്പുറത്തിട്ടു.

'നോക്കണം; രസീതുകളെല്ലാമുണ്ടോ എന്നു്' കലേശൻ രസീതു കെട്ടു തൊട്ടില്ല. ആഹ്ലാദഭാരത്താൽ മതിമറന്നു ചാടി എഴുന്നേററു. വിജയമ്മയെ ആശ്ലേഷിക്കാനായിരുന്നു ആശ. അതിനെ നിയന്ത്രിച്ചു് 'എന്റെ അമ്മാവാ' എന്നു പറഞ്ഞുകൊണ്ടു് രാമഗുപ്തരെ ആശ്ലേഷിച്ചു.

'എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾക്കു് ദൈവം തുണ' വൃദ്ധൻ അവരെ ആശീർവദിച്ചു.

കലേശൻ വിജയമ്മയോടടുത്തു നിന്നു പറഞ്ഞു. 'ദേവീ എന്റെ വിജയം!)

'എന്റെ കലേ'

'ഇതാണെന്റെ കൃതജ്ഞത' കലേശൻ കൈകൾ കൂപ്പി.

—o—


# വായിച്ചുവോ?

| | | | ക. | ണ. |
|---|---|---|---|---|
| 1. | കതിക്കററ (ചെറുകഥാസമാഹാരം) | പി.സി.കുട്ടികൃഷ്ണൻ | 1 | 4 |
| 2. | നാഴികമണി | നാഗവള്ളി | 1 | 4 |
| 3. | തുറന്ന വാതിൽ | റാഫി | 1 | 4 |
| 4. | സൌന്ദര്യനിരീക്ഷണം | എം. പി. പോൾ, എം. ഏ. | 0 | 12 |
| 5. | പതിതപങ്കജം—(രണ്ടാംപതിപ്പ്) | തകഴി | 1 | 4 |
| 6. | ധനശാസ്ത്രപ്രവേശിക | കെ. ദാമോദരൻ | 1 | 0 |
| 7. | ഉരപ്പിക | ,, | 1 | 8 |
| 8. | പ്രവാഹം | കേശവദേവ് | 1 | 0 |
| 9. | നഖലാളനങ്ങൾ | കോവൂർ | 1 | 8 |
| 10. | വഴിവിളക്കുകൾ | ,, | 1 | 8 |
| 11. | രാജാങ്കണം | കുട്ടികൃഷ്ണമാരാർ | 4 | 0 |
| 12. | വൈജയന്തി (രണ്ടാംപതിപ്പ്) | പൊററെക്കാട്ട് | 1 | 8 |

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.



# ക്ഷൌരത്തിന് നിങ്ങൾക്കെന്തു് ചെലവാകുന്നു?





കൂടുതലായി—ഈ മനുഷ്യനെപ്പോലെ?

● ആഴ്ചയിൽ മൂന്നു ക്ഷൌരത്തിന്നു് ഇയാൾ 6 ണയോളം ചെലവാക്കുന്നു. അതുകൊണ്ടു് അയാൾ ഏഴുദിവസങ്ങളിൽ നാലുദിവസം ഇതുപോലെ കാണപ്പെടുന്നു—താടി പരുപരുത്തതായിരിക്കുന്നു. ക്ഷൌരത്തിന്നായി ആഴ്ചയൊന്നുക്കു് 6 ണ ചെലവാക്കുന്നതു് വളരെ കൂടുതൽ തന്നെ.

കുറവായി—ഈ മനുഷ്യനെപ്പോലെ?


● എല്ലാദിവസവും സെവനോക്ലാക്കു് ബ്ളേഡുകൾകൊണ്ടു് ഇയാൾ തന്നത്താൻ ഷേവുചെയ്യുന്നു. 5 ബ്ളേഡുകൾ അടങ്ങിയ ഒരു പാക്കററു് വാങ്ങുവാൻ 6 ണ ചെലവാക്കുന്നു. അതുകൊണ്ടു് മൂന്നു ക്ഷൌരത്തിനു മറേറയാൾ ചെലവാക്കുന്ന തുക കൊണ്ടുതന്നെ ഇയാൾക്കു് നിരവധി പ്രാവശ്യം ക്ഷൌരം സാധിക്കുന്നു. തന്നത്താൻ ക്ഷൌരം ചെയ്യുന്നതാണു് കൂടുതൽ നല്ലതും വൃത്തിയുമായിരിക്കുന്നതു്. ചിലവു ചുരുങ്ങിയിരിക്കുകയും ചെയ്യും.

നിങ്ങൾ സെവനോക്ലാക്ക് സ്ലാറ്റഡ് ബ്ളേഡുകൾ ഉപയോഗിച്ചു് നിത്യവും ക്ഷൌരംചെയ്യുന്നതായാൽ നിങ്ങളുടെ പണച്ചിലവു് ലാഭിക്കാം

**7 o'clock**

**SLOTTED BLADES**

ചുരുങ്ങിയ ചെലവിൽ അനവധിതവണ ക്ഷൌരംചെയ്യുന്നതിനുള്ള ബ്ളേഡുകൾ




5 എണ്ണം അടങ്ങിയ പാക്കററിന്നു് 6 ണ

# ഹൈദരാലിയുടെ നീതിനിഷ്ഠ

പത്മകുമാർ, ഇടപ്പള്ളി.

ഇന്നു ഭാരതത്തിൽ പ്രചാരത്തിൽ ഇരിക്കുന്ന ചരിത്രഗ്രന്ഥങ്ങളിൽ അധികവും ഭാരതീയരാൽ എഴുതപ്പെട്ടവയല്ല. വിദേശീയരാൽ വിരചിതമായ ഇൻഡ്യാചരിത്രഗ്രന്ഥങ്ങളിൽ, വിദേശീയഭരണത്തെ എതിർക്കുകയും, വിദേശികളെ ബഹിഷ്കരിക്കുവാൻ അക്ഷീണം പ്രയത്നിക്കുകയും, അതിനുവേണ്ടി ആജീവനാന്തം പോരാടുകയുംചെയ്ത ഉത്തമന്മാരായ ഭാരതഭരണാധിപന്മാരെപ്പററി അനർഹമായ ആരോപണങ്ങളും, അക്ഷന്തവ്യമായ അവാസ്തവപ്രസ്താവനകളും അടങ്ങിയിരിക്കുന്നു. ധിഷണാശാലികളായ ഇന്ത്യൻ യുവചരിത്രകാരന്മാരുടെ ഗവേഷണഫലമായുംമറം, യാഥാർത്ഥ്യങ്ങളുടെമേൽ വെളിച്ചം വീണുതുടങ്ങിയിട്ടുണ്ടെന്നുള്ളതു് ആശ്വാസകരമാണ്. ദക്ഷിണഭാരതത്തിലെ സുപ്രസിദ്ധ ഭരണാധിപനായിരുന്ന ഹൈദരാലി, ജാതിയിൽ മുസൽമാനായിരുന്നെങ്കിലും, മതസഹിഷ്ണുതയുടെ വിളനിലമായിരുന്നു. അക്കാലത്തെ രാജ്യസ്നേഹികളിൽ അഗ്രഗണ്യനായിരുന്ന അദ്ദേഹം ഭാരതത്തിൻ്റെ പാരതന്ത്ര്യാവസ്ഥ കാലേക്കൂട്ടി ദർശിക്കുകയും, അതിനെ നിവാരണംചെയ്യുന്നതിനായി നിരന്തരം പ്രവർത്തിക്കുകയുംചെയ്തു. ജഹാംഗീർചക്രവർത്തിയുടെകാലത്തു കേവലം വ്യാപാരത്തിനായി, ഇന്ത്യാക്കാരുടെ ദയവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു് സൂറാട്ടുറമുഖത്തിൽ കപ്പലിറങ്ങിയ ബ്രിട്ടീഷുകച്ചവടക്കാർ, കാലക്രമത്തിൽ ഭാരതഭരണാധിപന്മാരായി ഭവിക്കാൻ ഇടയാക്കിയ വിചിത്രചരിത്രം ഹൈദരെ അതീവ അസ്വസ്ഥനാക്കി. സ്വദേശാഭിമാനിയായ ഹൈദർ ഇംഗ്ലീഷുകാരുടെ ജൈത്രയാത്രയ്ക്കു ദക്ഷിണഭാരതത്തിൽ മുഖ്യമായ പ്രതിബന്ധമായിത്തീർന്നു. ഹൈദരുടെ വീരപരാക്രമങ്ങൾകൊണ്ടു് ഇംഗ്ലീഷുകാർ പരവശരായി. തന്നിമിത്തം അവർ എഴുതിയ ഹൈദരാലിയുടെ ചരിത്രത്തിൽ കറുത്തഭാഗങ്ങൾ കലർത്തുന്നതിൽ അതിശയത്തിനു വഴിയില്ല. ഹൈദരുടെ നിഷ്പക്ഷമായ ന്യായപരിപാലനത്തിനുദാഹരണമായ ചില സംഗതികൾ താഴെ ചേർക്കുന്നു.

മാന്യവും സുഖപൂർണ്ണവുമായ ജീവിതത്തിനുള്ള സുഗമമായ മാർഗ്ഗം സർക്കാരുദ്യോഗസ്ഥനാവുകയാണ്. എന്നാൽ, പ്രജാക്ഷേമത്തിൽ അത്യന്തം താല്പര്യമുള്ള ഒരു ഗവമ്മെൻ്റാണെങ്കിൽ, ആ ഗവമ്മെൻ്റിൻ്റെ കീഴിലുള്ള ഉദ്യോഗം കുസുമശയ്യോപമം സുഖദായകമായിരിക്കയില്ല. ഹൈദരാലിയുടെ ഗവമ്മെൻ്റ് അങ്ങിനെയുള്ളതായിരുന്നു. അദ്ദേഹത്തിൻ്റെ കീഴുദ്യോഗസ്ഥന്മാർ കൃത്യപരിപാലനത്തിൽ ജാഗരൂകരായിരുന്നു. യാതൊരുവിധമായ അശ്രദ്ധയും, തെററും ഉണ്ടാകാതിരിക്കുവാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സാധാരണക്കാരനായ ഒരു പൗരൻ എന്തെങ്കിലും കുററംചെയ്താൽ ഒരുപക്ഷെ ഹൈദർ അയാൾക്കു മാപ്പുകൊടുത്തെന്നുവരാം. എന്നാൽ ഒരു സർക്കാരുദ്യോഗസ്ഥൻ്റെ അപരാധത്തിനു അയാൾക്കു യാതൊരുകാരണവശാലും മാപ്പുലഭിക്കുമായിരുന്നില്ല. കഠിനശിക്ഷയ്ക്കു അയാൾ പാത്രമാവുകതന്നെചെയ്യും. ഒരവസരത്തിൽ തൻ്റെ കർത്തവ്യം ശരിയാംവണ്ണം അനുഷ്ഠിച്ചതിനു സമ്മാനവും, സ്ഥാനമാനവും ലഭിച്ച ഉദ്യോഗസ്ഥനോ, ജാഗീർദാരോ പിന്നീടൊരിക്കൽ അശ്രദ്ധയായി പെരുമാറുകയോ, ഏതെങ്കിലും പ്രജയെ ഉപദ്രവിക്കുകയോ ചെയ്കയാണെങ്കിൽ ഹൈദർ അയാളെ വധിക്കുകയോ, അഥവാ അയാളുടെ സർവ്വസ്വവും പിഴയായി കണ്ടുകെട്ടിയിട്ടു അയാളെ ദരിദ്രനാക്കിത്തീർക്കുകയോ ചെയ്തുവന്നിരുന്നു. ഹൈദരുടെ സേവകന്മാരെന്നു അഹങ്കരിച്ചുനടന്നിരുന്ന ചിലർ അവരുടെ അപരാധംമൂലം അവസാനത്തിൽ വിശന്നുമരിക്കാനും ഇടയായിട്ടുണ്ട്. താൻ ജീവിച്ചിരിക്കുന്നതുവരെ രാജ്യത്തിൽ യാതൊരുവിധമായ അനീതിയുമുണ്ടാകാതിരിക്കുവാൻ ഹൈദർ ബദ്ധശ്രദ്ധനായിരുന്നു. അപരാധികളായ ഉദ്യോഗസ്ഥന്മാരുടെ ദൃഷ്ടിയിൽ ഹൈദർ അക്രമിയായ ഒരുഭരണാധിപനായിരുന്നു. അദ്ദേഹത്തിൻ്റെ ശിക്ഷാരീതി സുപ്രസിദ്ധമായിരുന്നു.

ന്യായപരിപാലനവിഷയത്തിൽ ഹൈദർ തൻ്റെ പുത്രനായ ടിപ്പുവിനോടുപോലും ദാക്ഷിണ്യമായി പെരുമാറിയിരുന്നില്ല. ചരിത്രകാരന്മാർ ആ സംഗതി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ നഗര എന്ന സ്ഥലത്തിനടുത്തുവച്ചു ടിപ്പു ത്ര്യംബകമാമയുടെ സൈന്യത്തെ കൊള്ളചെയ്തു. അതിൽനിന്നും വളരെ ദ്രവ്യവും, വസ്തുക്കളും ടിപ്പുവിനു ലഭിച്ചു. എന്നാൽ അവയൊന്നും രാജഭണ്ഡാരത്തിൽ അടയ്ക്കുകയുണ്ടായില്ല. ഈ സംഗതി ഹൈദർ അറിഞ്ഞപ്പോൾ ടിപ്പുവിനോടു സമാധാനം ആവശ്യപ്പെട്ടു. കുററംസമ്മതിക്കാതെ ടിപ്പുവിനു ഗത്യന്തരമില്ലായിരുന്നു. ഹൈദരുടെ വദനം കോപത്താൽ ചുവന്നു. വിശ്വാസവഞ്ചന അദ്ദേഹത്തിനു തീരെ അസഹ്യമായിരുന്നു. ദർബാറിൽവച്ചു അദ്ദേഹം ഇപ്രകാരം ഗർജ്ജിച്ചു:—"ടിപ്പു! നിനക്കു മാപ്പു നൽകുവാൻ എനിക്കു കഴിയുന്നതല്ല. എൻ്റെ ദൃഷ്ടിയിൽ പുത്രനും, പ്രജയും തുല്യമാണ്. ന്യായം ശാശ്വതമാക്കിത്തീർക്കാനാണ് ഞാൻ ഈ സ്ഥാനത്തു ഇരിക്കുന്നതു്. ആരുടേയും അനീതി ഞാൻ സഹിക്കുന്നതല്ല. ഞാൻ മഹാരാജാവിൻ്റെ ആജ്ഞാപാലകനാണ്. മുമ്പൊരിക്കൽ ഞാൻ കർണ്ണൂൽ ജയിച്ചു നാസർജംഗിൻ്റെ സൈന്യത്തെ കൊള്ളചെയ്ത അവസരത്തിൽ അൻപതു ഒട്ടകങ്ങൾക്കു ചുമക്കാവുന്നത്ര സ്വർണ്ണനാണയം ലഭിക്കുകയുണ്ടായി. എനിക്കു വേണമെങ്കിൽ ആ പണമെല്ലാം എടുക്കാമായിരുന്നു. ചോദ്യംചെയ്യാൻ ആരും ഉണ്ടായിരുന്നതും ഇല്ല. എന്നാൽ ഞാൻ അതിൽനിന്നു ഒന്നുംതന്നെ എടുത്തില്ല. എന്നെസംബന്ധിച്ചിടത്തോളം ആ ധനം നിഷിദ്ധമായിരുന്നു. ഇന്നു എൻ്റെ മകൻ ഇപ്രകാരം പ്രവൃത്തിക്കാൻ ഇടയായതിൽ ഞാൻ അത്യന്തം ഖേദിക്കുന്നു. പത്തുദിവസത്തിനകം ഒരു ലക്ഷം 'വരാഹ' (ഒരു 'വരാഹ' മൂന്നരരൂപ) പിഴയായി നീ ഖജനാവിൽ അടയ്ക്കണമെന്നു ഞാൻ ആജ്ഞാപിക്കുന്നു. അല്ലെങ്കിൽ നിൻ്റെ ഭൂസ്വത്തു (ജാഗീർ) കണ്ടുകെട്ടുന്നതാണ്." ഈ കല്പന കേട്ടു ആളുകൾ സ്തബ്ധരായിപ്പോയി. ടിപ്പു ആ സംഖ്യ ഗവമ്മെണ്ടുഖജനാവിൽ അടച്ചു.

* * * * *

മറെറാരു സംഭവം:—

കോയമ്പത്തൂർചന്തയിൽ വലിയ കോലാഹലമായിരിക്കുന്നു. ഹൈദരാലി ആ സ്ഥലത്തേയ്ക്കു ആഗമിക്കുന്നതാണ് അതിനു കാരണം. ആ വിവരം സന്ദേശവാഹകൻ ഉച്ചൈസ്തരം ഉൽഘോഷണംചെയ്തുകൊണ്ടിരിക്കുന്നു. ആളുകൾ പരിഭ്രമിച്ചു അങ്ങുമിങ്ങും പായുന്നു. കച്ചവടക്കാർ വ്യാപാരശാലകൾ ഭംഗിയായി അലങ്കരിക്കുന്നു. സർക്കാരുദ്യോഗസ്ഥന്മാർക്ക് വലിയ ജോലിത്തിരക്കുതന്നെ.

അനവധി കുതിരപ്പടയാളികൾ അവിടെ എത്തിക്കഴിഞ്ഞു. ഒരു വെള്ളക്കുതിരപ്പുറത്തു ഹൈദർ ഇരിക്കുന്നു. മററുള്ളവർ ഹൈദരുടെ പരിവാരങ്ങളാണ്. കറുത്തതെങ്കിലും, ഹൈദരുടെ വദനം ഗാംഭീര്യദ്യോതകമാണ്. ദിവസേന കുതിരസ്സവാരി അദ്ദേഹത്തിൻ്റെ വ്യായാമമാണ്. അദ്ദേഹത്തിൻ്റെ ശരീരം സുദൃഢമാണ്.

ഈ സമയത്തു്—'ന്യായം, ന്യായം' എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടു് ഒരു കിഴവി അവിടെ വന്നെത്തി. ആളുകൾ അവളെ മുൻവരിയിലേയ്ക്കു തള്ളിവിട്ടു. അവൾ അശ്വാരൂഢനുടെ മുൻപിൽ ചെന്നുനിന്നു. ഹൈദരുടെ ദൃഷ്ടി അവളിൽ പതിഞ്ഞു. വൃദ്ധ പറഞ്ഞു:—'ദൈവഭക്തനായ നവാബേ! ന്യായം നടത്തുക. എൻ്റെ—ഈ വിധവയായ എൻ്റെ സങ്കടം കേൾക്കണേ! എന്നിൽ അന്യായം കാണിക്കപ്പെട്ടിരിക്കുന്നു.'

ഹൈദർ കുതിരപ്പുറത്തുനിന്നിറങ്ങി. അദ്ദേഹത്തിൻ്റെ അനുചരസംഘാംഗങ്ങളും അപ്രകാരം ചെയ്തു. ഹൈദർ അവളോടു ചോദിച്ചു:—

'അമ്മേ! കാര്യമെന്താണ്? നിങ്ങൾ ഇത്ര ബുദ്ധിമുട്ടിയതെന്തിനു്? ഒരു കുറിപ്പു കൊടുത്തയച്ചിരുന്നെങ്കിൽ നിങ്ങളുടെ കാര്യം സാധിക്കുമായിരുന്നല്ലോ'.

വൃദ്ധ—മകനേ! നിൻ്റെ ഭാഗ്യം ഉൽക്കർഷം പ്രാപിക്കട്ടെ! നീ ആയിരം കൊല്ലം വാഴുവാൻ ദൈവം അനുഗ്രഹിക്കട്ടെ!! നിനക്കെന്നിൽ ദയവു തോന്നേയല്ലോ.

ഹൈദർ—അമ്മേ കാര്യമെന്താണെന്നു പറയൂ. ഏതു കാര്യത്തിലാണു നിങ്ങൾക്കു ന്യായം ലഭിക്കേണ്ടതു?

വൃദ്ധ—ഈ ലോകത്തിൽ വലിയ അക്രമം നടക്കുന്നു. പാവങ്ങളുടെ കാര്യം നോക്കാൻ ആരുമില്ല. കേൾക്കൂ മകനേ! എനിക്കു് ഒരേ ഒരു മകളേ ഉണ്ടായിരുന്നുള്ളു. അവളായിരുന്നു എൻ്റെ ജീവിതാവലംബം. അവളെ നിൻ്റെ ഭടസംഘത്തിൽ പെട്ട ആഗാമുഹമ്മദ് കബളിപ്പിച്ചു തട്ടിക്കൊണ്ടുപോയി.

ആ ഭടൻ ഹൈദരുടെ അടുക്കൽനിന്നും പിരിഞ്ഞുപോയിട്ടു ഒരുമാസം കഴിഞ്ഞിരുന്നു. വിവരം അറിയിക്കാൻ ഇത്ര വൈകിപ്പോയതു് എന്തുകൊണ്ടാണെന്നു ഹൈദർ കിഴവിയോടു ചോദിച്ചു. ഹൈദരുടെ ശിപായിമാരായ ഹൈദർഷാ എന്ന ഭടൻ്റെ കൈയിൽ ആ വൃദ്ധ പരാതി ഹർജികൾ എഴുതിക്കൊടുത്തയയ്ക്കുകയുണ്ടായിരുന്നു, അവയൊന്നും ആ ഭടൻ ഹൈദരുടെ കൈയിൽ കൊടുക്കുകയുണ്ടായില്ലെന്നും തെളിഞ്ഞു. അപരാധിയായ ഹൈദർഷാ ഹൈദരാലിയുടെ പാദങ്ങളിൽ പതിച്ചു മാപ്പിരന്നു. ഹൈദർ പെട്ടെന്നു പിൻമാറി നിന്നുകൊണ്ടു പറഞ്ഞു:—നാണംകെട്ടവനേ! നീ ഹൈദരെ മനസ്സിലാക്കിയിട്ടില്ല. നിന്നെപ്പോലെയുള്ള തെമ്മാടികളും സാധുക്കളായ പ്രജകളെ ഉപദ്രവിക്കുന്നതു കണ്ടുകൊണ്ടിരിക്കുന്നവനല്ല ഞാൻ. അനാഥരേയും, അശക്തരേയും രക്ഷിക്കുന്നതിനാണ് ഈശ്വരൻ രാജാവിനെ സൃഷ്ടിച്ചിട്ടുള്ളതു്. ഈ കർത്തവ്യത്തെ ശരിയായി നിറവേററുവാൻ സാധിക്കാത്തവനും, അക്രമികളെ യഥാവിധി ശിക്ഷിക്കാൻ കഴിയാത്തവനും ആയ രാജാവ് പരിശുദ്ധമായ സിംഹാസനത്തിൽ ഇരിക്കാൻ അർഹനല്ല. അങ്ങിനെയുള്ള രാജാവ്, പ്രജകളുടെ സ്നേഹത്തിനോ, ഭക്തിക്കോ അവകാശിയുമല്ല. തെമ്മാടിയായ ഹൈദർഷാ! എൻ്റെ പ്രജ എൻ്റെ അടുക്കൽ വരുന്നതിനെ നീ തടഞ്ഞു. അതിനായി നിനക്കു എന്തു വലിയ ശിക്ഷതന്നാലും അതു മതിയാകയില്ല. ആരെപ്പററിയുള്ള പ്രത്യേക സ്നേഹംകൊണ്ടാണോ നീ ഈ വൃദ്ധയുടെ പരാതി എന്നെ അറിയിക്കാതിരുന്നതു്. അയാളുടെ—നിൻ്റെ സ്നേഹിതനായ ആഗാ മുഹമ്മദിൻ്റെ തല ഉടൻ എൻ്റെ മുൻപിൽ ഹാജരാക്കുക; വൃദ്ധയുടെ പുത്രിയെക്കൊണ്ടുവന്നു ഇവളെ ഏല്പിക്കുക. അതിനുശേഷം തുറസ്സായ അങ്ങാടിയിൽവച്ചു് നിൻ്റെ പുറത്തു ഇരുനൂറടി അടിപ്പിക്കപ്പെടുന്നതാണ്.'

അനന്തരം ഹൈദർ കിഴവിയോടായി ഇപ്രകാരം പറഞ്ഞു—അമ്മേ! നിങ്ങൾ സമാധാനമായിരിക്കുക ഞാൻ കാരണം നിങ്ങൾക്കു ബുദ്ധിമുട്ടുണ്ടായി. ഇപ്പോൾ തന്നെ എൻ്റെ കൂടെവന്നു കൊട്ടാരത്തിൽ താമസിക്കുക. ഇന്നു മുതൽ നിങ്ങളും എനിക്കമ്മയാണ്.'

വൃദ്ധയുടെ കണ്ണുകളിൽനിന്നും അശ്രുക്കൾ പൊഴിഞ്ഞു. ഹൈദരുടെ കല്പന അക്ഷരംപ്രതി പാലിക്കപ്പെട്ടു എന്നു എടുത്തു പറയേണ്ട ആവശ്യം ഇല്ല.

* അവലംബം ഹിന്ദി

—o—

## ബി. ബി. സി. യുടെ ചെയർമാൻ



ഇൻമാൻ പ്രഭുവിൻ്റെ സ്ഥാനത്തു സൈമൺപ്രഭു ബി. ബി. സി. യുടെ ചെയർമാനായി നിയമിക്കപ്പെട്ടിരിക്കുന്നു. ലിബറൽകക്ഷി അംഗമായിരുന്ന സൈമൺപ്രഭു കഴിഞ്ഞവർഷമാണ് തൊഴിലാളി കക്ഷി അംഗമായതു്. പത്രപ്രവർത്തനം സംബന്ധിച്ചുള്ള റോയൽ കമ്മീഷനിലെ ഒരംഗവും മാഞ്ചെസ്റ്റർ സർവ്വകലാശാലാ കൗൺസിലിൻ്റെ ചെയർമാനുമാണ്.

(പന്ത്രണ്ടാംപേജിൽനിന്നും തുടർച്ച്)

ജി കാലഗതി പ്രാപിച്ചു. അദ്ദേഹത്തിന്റെ മരണത്തെപ്പററി ആശ്രമത്തിലെ ഒരു സോദരൻ ഇങ്ങനെ എഴുതുന്നു. 'ഇന്നലെ (ജൂൺ ൪-ാംനു-) ഉച്ചയ്ക്ക് ൧-ാം മണിക്ക് കൌശാംബിജി മരണമടഞ്ഞു. ൧൦ മണിക്ക് ശ്രീ കാകാസാഹിബ്ബ് വന്നിരുന്നു. ധ്യാനത്തിൽ ഇരുന്നുകൊണ്ട് അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കെല്ലാം കൌശാംബിജി ഉത്തരം പറഞ്ഞു. 'അങ്ങയുടെ കുട്ടികളെ കൂട്ടിക്കൊണ്ടുവന്നാൽ കൊള്ളാമെന്നു തോന്നുന്നു' എന്ന് അദ്ദേഹം പറഞ്ഞു. അതിനുത്തരമായി നിഷേധാർത്ഥത്തിൽ കൌശാംബിജി ആംഗ്യം കാണിച്ചു. തന്റെ യാത്രക്കെന്നവണ്ണം മൃത്യുവിനു ൧൦ മിനിട്ടു മുൻപേ അദ്ദേഹം കതകു തുറന്നു ഇട്ടുവിച്ചു. ശകർജി അദ്ദേഹത്തിന്റെ നാഡി പരിശോധിച്ചു. അദ്ദേഹത്തെ ആശീർവദിക്കുന്നവണ്ണം കൌശാംബിജി അദ്ദേഹത്തിന്റെ കയ്യിൽ തലോടി. ദേഹി ദേഹത്തെ വേർവിട്ടു. അദ്ദേഹത്തിന്റെ അന്ത്യനിമിഷം ആശ്രമത്തിൽവെച്ചു കഴിഞ്ഞതു് ആശ്രമത്തിന്റെ മഹാഭാഗ്യമായി കരുതണം. ആർക്കും ശോകത്തിന്റെയും ദുഃഖത്തിന്റെയും ഭാവഭേദപോലും ഉണ്ടായില്ല. ഒരുമിത്രം തീർത്ഥയാത്ര

# കാട്ടുതീ

വി. കെ. രാമൻമേനോൻ
ബി. എ. ബി. എൽ.

ഭംഗിയേറിയ കാവ്യസമാനമാ
പർവ്വതം പുരു നീലനിറത്തൊടെ
കണ്ടുഞാൻ കുറെ ദൂരെയനന്തമായ്
നീണ്ടുനില്പത, തങ്ങിനെയാദ്യമായ്.
മീനമാണതി കോപനനാമിനൻ
മേദിനീരുജക്കേററംവരുത്തുവാൻ
താൻറച്ചരുണാരുണരശ്മിയാം
തീയെറിഞ്ഞുമറഞ്ഞു മഹാഖലൻ
ന്തിടങ്ങളിലായിജ്ജനിക്കിലും
നീണ്ടുനീണ്ടുവളൻടൻകാട്ടുതീ
ഐക്യമാർന്നു, ധരയ്ക്കുധരിക്കുവാൻ
തങ്കമാലയായ്ത്തിൻതിളങ്ങലായ്!
ഏതുതാപമലങ്കാരമാകയി-
ലൊതുസവ്വംസഹയ്ക്കു മാതാവിനു്?

---

## ഒരു അനുമോദനം

പി. എസ്സ്. നായർ

വിജയിച്ചാലും! വിശ്വ
വിശ്രുതയശസ്വിനീ!
വിജയലക്ഷ്മീ തവ
വിജയം വിശേഷാത്തരം!
ഭാരതമാതാവുതാൻ
ദുസ്സഹപാരതന്ത്ര്യ
ഭാരത്തെയിറക്കിയാ
അമ്മയെശ്ശുശ്രൂഷിക്കാൻ
ആനന്ദഭവനത്തിൽ
സ്വർഗ്ഗീയസുഖങ്ങളിൽ
വീണടിയാതെ ധീര
മിറങ്ങിപ്രവർത്തിച്ചു
മാതൃദേശത്തിന്നഭി-
മാനത്തെവളർത്തുന്ന
മാതൃക തെളിയിച്ച
മഹതീജനങ്ങൾക്കായ്
ഇന്ത്യയോടത്യന്തസൌ
ഹാർദ്ദസമ്പർക്കം, റഷ്യ-
ക്കന്തരംഗത്തിലാക്കി
ത്തീക്കുവാൻതവശ്രമം
വിജയംപ്രാപിച്ചീടും!
വിശ്വവിശ്രുതയാകും
വിജയലക്ഷ്മി! തവ
വിജയംവിശേഷാത്തരം?

—:*:—

പോയി എന്നാണ് എല്ലാവർക്കും തോന്നിയതു്. ശബ്ദമാനമോ മററു കുട്ടിയും ഒന്നും സംഭവിച്ചിട്ടില്ലാത്തവണ്ണം, ശാന്തരായി അവിടെ ഇരുപ്പുണ്ടായിരുന്നു.

വർദ്ധാ ആശ്രമത്തിൽ ആദ്യം മരിക്കുന്നതു് കൌശാംബിജിയാണ്. മരണത്തെ സ്നേഹിതനെപ്പോലെ സ്വാഗതം ചെയ്യുവാൻ അദ്ദേഹം പഠിപ്പിച്ചു. അദ്ദേഹത്തെപ്പോലെ മൃത്യു ആത്മമിത്രമായി കരുതി മഹായാത്ര തുടർന്നു് ആത്മനിവൃതി നേടുവാൻ സാധകന്മാർക്കു് അതിൽപരം ആശിക്കാൻ മററൊന്നുമില്ല. ഞങ്ങൾക്കും അത്തരത്തിൽ യാത്ര പറയുവാനുള്ള ശക്തി തരേണമേ എന്നു് ഈശ്വരനോടു പ്രാർത്ഥിക്കുന്നു.'

'സന്ധ്യക്കു് ൭ മണിക്കു് സംസ്കാരകർമ്മം നടന്നു. കാകാസാഹിബും വിനോബായും ഉണ്ടായിരുന്നു. ധാരാളം ആളുകൾ പങ്കുകൊണ്ടു. സംസ്കാരക്രിയകൾക്കുശേഷം അദ്ദേഹത്തിന്റെ ചരിത്രത്തെപ്പററി കാകാകലേൽക്കർ എല്ലാവരോടും പ്രസംഗിച്ചു.

കൌശാംബിയുടെ മരണവാർത്ത, കമ്പിമുഖാന്തരം അറിഞ്ഞതിനുശേഷം ജൂൺ ൭-ാംനു-യിലെ പ്രാർത്ഥനായോഗത്തിൽ കൌശാംബിജിയുടെ മരണവാർത്ത അറിയിച്ചുകൊണ്ടു് ഗാന്ധിജി ഇങ്ങനെ പ്രസംഗിച്ചു. 'രാഷ്ട്രീയലോകത്തു് വലിയ കാര്യങ്ങൾ സാധിക്കുന്നവർ തങ്ങളുടെ പേരു വളർത്തുകയും പ്രശസ്തി ഉണ്ടാക്കുകയും ചെയ്യുന്നു. ആഡംബരരഹിതരായി ശരിയായ മതസേവനം നടത്തുന്ന ആചാര്യകൌശാംബിയെപ്പോലെയുള്ളവരെ നാം അറിയുന്നപോലുമില്ല. അദ്ദേഹം ഗോവായിൽ ജനിച്ചു. അന്ത്യകാലംവരെ ഗോവായുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുന്നതിനു് അദ്ദേഹം ആഗ്രഹിച്ചു.'

'ഹിന്ദുമതത്തിൽനിന്നും സംജാതമായ ബുദ്ധമതം ഏററവും സാർവത്രികമായി അദ്ദേഹത്തിനു തോന്നി. അഹിംസയുടെ കാര്യത്തിൽ അതു് ഹിന്ദുധർമ്മത്തെയും മുന്നിട്ടു നില്ക്കുന്നു.

ബുദ്ധമതതത്വങ്ങളിലും, പാലിഭാഷയിലും അപാരമായ ജ്ഞാനം അദ്ദേഹം ആർജ്ജിച്ചു. അദ്ദേഹം എന്നെപ്പോലെ ദരിദ്രനല്ലായിരുന്നു. വിചാരിച്ചിരുന്നുവെങ്കിൽ അദ്ദേഹം നല്ല സമ്പാദ്യക്കാരനാകുമായിരുന്നു. എന്നാൽ ഒരു ഫക്കീർ ആയി ജീവിതം കഴിക്കുന്നതിനായിരുന്നു അദ്ദേഹം അഭിലഷിച്ചതു്. കാശി വിദ്യാപീഠത്തിലും ഗുജറാത്ത് വിദ്യാപീഠത്തിലും അദ്ദേഹം അദ്ധ്യാപകനായിരുന്നു. ആർഷഭാരതത്തിന്റെ മഹാവിദ്വാന്മാരായ സന്താനങ്ങളിൽ ഒരാളാണദ്ദേഹം. എന്നെപ്പോലെ വിദ്യാവിഹീനനല്ലായിരുന്നു കൌശാംബിജി. ലോകം എന്നെ മഹാത്മാവെന്നു പറയുന്നതു് എന്റെ പാണ്ഡിത്യംകൊണ്ടല്ല. സത്യവും അഹിംസയും ആയുധമാക്കി ഞാൻചെയ്തിട്ടുള്ള സമരംകൊണ്ടുമാത്രമാണ്. ഞാൻ ബാരിസ്റ്ററാകാൻ പരിശ്രമിച്ചു. അദ്ദേഹം വളരെ ശ്രമിച്ചു ജ്ഞാനം ആർജ്ജിച്ചു.'

'തന്റെ അന്തിമദിവസങ്ങളിൽ അദ്ദേഹം സേവാഗ്രാമആശ്രമത്തിൽ ആയിരുന്നതു് ആശ്രമത്തിന്റെ മഹാഭാഗ്യമാണ്. ഭാരതത്തിലെ വലിയവലിയ ഡാക്ടർമാർ അദ്ദേഹത്തെ ചികിത്സിക്കുന്നതു് തങ്ങൾക്കു അഭിമാനകരമായി കരുതിയെങ്കിലും അദ്ദേഹം അതു് ഇഷ്ടപ്പെട്ടില്ല.'

'അദ്ദേഹം ഇന്നലെ നമ്മെ വിട്ടുപിരിഞ്ഞുപോയി. ബുദ്ധമതമെന്നു പറഞ്ഞുംകൊണ്ടുതന്നെയാണ് പരലോകം പൂകിയതു്. നാം അദ്ദേഹത്തിന്റെ മരണവാർത്തയറിഞ്ഞു് അത്യധികം സന്താപപ്പെടുന്നു. വാസ്തവത്തിൽ ഏററവും നല്ല സ്നേഹിതൻ മരണം മാത്രമാണ്. സകല ദുഃഖത്തിൽനിന്നും മോചനം നേടിത്തരുന്നതു് മരണമാണ്. ജനിക്കുന്നതിൽ മാത്രം പിതാക്കന്മാർക്കു പങ്കുണ്ട്. മരിക്കുന്നതിനു് അപ്രകാരം ആരുടെയും സഹായം ആവശ്യമല്ല. ഒരു വലിയ ശ്വാസം വിടുന്നുവെന്നുമാത്രം. പകൽമുഴുവനും വേലചെയ്തു വിവശരായ നാം കുറച്ചുനേരം ഉറങ്ങുമ്പോൾ വീണ്ടും ഉന്മേഷമുള്ളവരായിത്തീരുന്നു. പിന്നെ ഒരു ദീർഘശ്വാസം വിടുന്നതിനെപ്പററി എന്തുപറയുവാനാണ്?'

'അദ്ദേഹം എനിക്കു എഴുതി' എന്റെ ശരീരം ദഹിപ്പിക്കണമെന്നുണ്ടെങ്കിൽ അ

(രണ്ടാംപേജിൽനിന്നും തുടർച്ച്)

ഗംഭീരമായ സ്വീകരണങ്ങൾ നൽകി. ഒരു നല്ല നിരീക്ഷണപടുവായിരുന്ന ഹ്യൂയൻ തനിക്കു് കാണാനും പെരുമാറാനും ഇടയായ ആളുകളെപ്പററി സൂക്ഷ്മമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. പാടലീപുത്രത്തിൽനിന്നും അധികം ദൂരെയല്ലാത്ത നളന്ദ സർവ്വകലാശാലയിൽ ചെന്നു് ഈ ചീനൻ അനേകനാൾ അഭ്യസനം നടത്തി. ബുദ്ധകേന്ദ്രത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികളെ ആകർഷിച്ചുകൊണ്ടിരുന്ന ഒരുൽകൃഷ്ടവിദ്യാനിലയനമായിരുന്നു നളന്ദ. വിജ്ഞാനത്തിന്റെ എല്ലാ ശാഖകളിലും ഇവിടെ അദ്ധ്യയനവും ഉണ്ടായിരുന്നു. അവിടെ അന്നു് റസിഡൻഷ്യൽ സിസ്റ്റം ഉണ്ടായിരുന്നു. വിദ്യാർത്ഥികളും ഗുരുജനങ്ങളും ഒന്നിച്ചായിരുന്നു താമസം. അനേകം ബുദ്ധസന്യാസിമാരും അവിടെ ഉണ്ടായിരുന്നു. ഏതാണ്ടു് പതിനായിരത്തോളം വിദ്യാർത്ഥികൾ നളന്ദയിൽ താമസിച്ചു് പഠിക്കുന്നുണ്ടായിരുന്നു. നോക്കണെ അന്നത്തെയും ഇന്നത്തെയും വിദ്യാഭ്യാസസമ്പ്രദായത്തിലുള്ള വ്യത്യാസം. എന്തൊരധഃപതനമാണ് ഇന്നു് സംഭവിച്ചിട്ടുള്ളതു്. ഈ ഇരുപതാംനൂററാണ്ടിൽ പോലും ആയിരംവിദ്യാർത്ഥികൾ മാത്രമുള്ള സർവ്വകലാശാലകൾക്കു റസിഡൻഷ്യൽ പദ്ധതി ഏർപ്പെടുത്തുന്നതിനു് ഇന്നു് പ്രയാസമാണല്ലോ. നളന്ദയിൽ പഠിച്ചു് അവിടെനിന്നും മാസ്റ്റർ ആഫ് ദിലാ എന്ന ഉൽകൃഷ്ടബിരുദം നേടിയ ഹ്യൂയൻ ഒടുവിൽ ആ വിദ്യാപീഠത്തിന്റെ ഉപാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. അതുതന്നെ അയാളുടെ പാണ്ഡിത്യത്തിനും വ്യക്തിമാഹാത്മ്യത്തിനും മതിയായ തെളിവാണല്ലോ. അയാളെ ബഹുമാനിക്കുന്നതിനുവേണ്ടി മാത്രം അങ്ങനെയൊരു സ്ഥാനം അയാൾക്കു് കൊടുത്തതാണെന്നു് വിചാരിക്കുന്നതിൽ അർത്ഥമുണ്ടെന്നു് തോന്നുന്നില്ല.

ഇന്ത്യയെപ്പററി ഹ്യൂയൻ രചിച്ചിട്ടുള്ള ഉത്തമഗ്രന്ഥമാണ് സെ—യു—യികീ. ഇതു് ചീനഭാഷയിലാണ്. വിജ്ഞാനത്തിലും കലാശാസ്ത്രാദികളിലും ചീന ഉൽകൃഷ്ടമായിരുന്ന കാലത്തു് ഏതൽകാര്യങ്ങളിൽ ഭാരതവർഷവും ഉത്തുംഗകോടിയിൽ എത്തിയിരുന്നു. അങ്ങിനെ അനുഗ്രഹീതമായിരുന്ന ഒരു കാലത്താണ് ഹ്യൂയന്റെ പുറപ്പാടു്. പോരെങ്കിൽ ഒരഖിലേന്ത്യാ പര്യടനംകൂടി നടത്തിയ ഹ്യൂയനു് ഇന്ത്യയുടെ യഥാർത്ഥരൂപവും ഗ്രഹിക്കുവാൻ കഴിഞ്ഞു. യഥാർത്ഥമായ ചീനസംസ്കാരത്തിന്റെ യഥാർത്ഥ പ്രതിപുരുഷനായി ഇന്ത്യയിൽ വന്നു് യഥാർത്ഥ ഭാരതീയസംസ്കാരം പഠിച്ച ഹ്യൂയന്റെ നിരീക്ഷണങ്ങൾക്കും അഭിപ്രായങ്ങൾക്കും യഥാർത്ഥത്തിൽ അതർഹിക്കുന്നതിലും കവിഞ്ഞ പ്രാധാന്യമാണുള്ളതു്. നളന്ദയിലെ അഭ്യസനസമ്പ്രദായത്തെ എത്രകണ്ടു് ഈ ചീനസഞ്ചാരി പ്രശംസിച്ചുവോ അതിൽ പതിന്മടങ്ങു് ബഹുമാനം അയാൾക്കു് ഇന്ത്യൻജനതയുടെ ജീവിതരീതിയെപ്പററിയും അവരുടെ സ്വഭാവാദികളെക്കുറിച്ചും ഉണ്ടായിരുന്നു. ഇന്ത്യയിലെ സാമാന്യജനങ്ങൾക്കുപോലും ഉണ്ടായിരുന്ന വിജ്ഞാനകൌതുകം ഇയാളെ അത്ഭുതപ്പെടുത്തിയിട്ടുണ്ടു്. ഭാരതീയരുടെ സ്വഭാവശുദ്ധിയിലും, സത്യസന്ധതയിലും ഹ്യൂയനു് ആത്മാർത്ഥമായ ബഹുമാനം തോന്നിയിരുന്നു. ഇയാൾ വന്ന വഴയേ തന്നെയാണ് മടങ്ങിയതും. ഒട്ടനവധി സംസ്കൃതഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപകർപ്പുകളും ഈ പണ്ഡിതൻ കൊണ്ടുപോയി. പ്രസിദ്ധനായ ഈ സഞ്ചാരിയുടെ അഭിപ്രായത്തിൽ സിറിയായുടെ അതിർത്തിവരെയും അന്നു് ബുദ്ധമതത്തിനു് പ്രചാരം ഉണ്ടായിരുന്നു. എന്നാൽ പിന്നീടുണ്ടായ ഇസ്ലാംമതപ്രവാഹത്തിൽപെട്ടു് ബുദ്ധമതം അവിടെ നാമാവിശേഷമായിത്തീർന്നു. സുദീർഘമായ വിദേശസഞ്ചാരത്തിനുശേഷം നാട്ടിൽ തിരിച്ചെത്തിയ ഹ്യൂയൻസാങ്ങിനു് തന്റെ ചക്രവർത്തിയും നാട്ടുകാരും ഗംഭീരമായ സ്വീകരണങ്ങൾ നൽകി അയാളെ ബഹുമാനിച്ചു. ഒട്ടേറെ സംസ്കൃതഗ്രന്ഥങ്ങൾ ഇയാൾ ഇന്ത്യയിൽനിന്നും ശേഖരിച്ചു് കൊണ്ടുപോയിരുന്നു. ശിഷ്ടകാലംമുഴുവനും ഗ്രന്ഥനിർമ്മാണത്തിനായി ഹ്യൂയൻ വിനിയോഗിച്ചു. ഇന്ത്യയിലേക്കു് തിരിക്കുന്നതിനുമുമ്പു് ഹ്യൂയൻ ചീനചക്രവർത്തിയോടു യാത്ര ചോദിക്കാനായി ചെന്നപ്പോൾ അയാളുടെ ബഹുമാനാർത്ഥം ചക്രവർത്തി ഒരു ചായസൽക്കാരം നടത്തിയതിനെപ്പററി രസകരമായ ഒരു കഥയുണ്ടു്: പ്രശസ്തനായ തന്റെ അതിഥിക്കു് കുടിക്കാൻ കൊടുത്ത പാനീയത്തിൽ ചക്രവർത്തി ഒരു പിടി മണ്ണു് വാരി ഇട്ടുവെന്നും, ആ വെള്ളം ഹ്യൂയനു് ചക്രവർത്തി തന്നെ എടുത്തു കൊടുത്തശേഷം 'ഈ ഒരു കപ്പവെള്ളം കുടിക്കുന്ന കാര്യത്തിൽ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും, വിദേശികളുടെ പതിനായിരം പവനേക്കാളും വിലയുള്ളതാണ് അവനവന്റെ ജന്മദേശം എന്നും കേട്ടില്ലേ' എന്നും പറഞ്ഞിട്ടുള്ളതായി ചരിത്രം ഉണ്ടു്. ഏതായാലും ജന്മദേശത്തെപ്പററി ഒരുവനെ ഓർമ്മിപ്പിക്കുന്നതിനു് കുടിക്കാൻ കൊടുത്ത വെള്ളത്തിൽ മണ്ണുവാരികലക്കിയതു് കഷ്ടമായിപ്പോയി.

(തുടരും)

തിനു് വിരോധമില്ല. കുഴിച്ചുമൂടുകയാണെങ്കിൽ അതും നല്ലതുതന്നെ. ഏതിനു് ഏററവും കുറഞ്ഞ ചിലവു മതിയാകുന്നു, അതു ചെയ്യുന്നതാണുത്തമം.' പാലിഭാഷ പഠിക്കുന്നതിനു് ആരെയെങ്കിലും സിലോണിൽ അയയ്ക്കണമെന്നും അദ്ദേഹം എഴുതിയിരുന്നു.

'ഞാൻ അതു ചെയ്യാം. എന്നാൽ ശരിയായ ബുദ്ധമതം പ്രചരിക്കുന്നതു് ശ്രീബുദ്ധദേവന്റെ ജന്മഭൂമിയായ ആർഷഭാരതത്തിൽ ആണെന്നാണ് എന്റെ വിശ്വാസം. ബുദ്ധമതം വൈദികമതത്തിൽനിന്നു് ഉത്ഭവിച്ചതല്ലേ? ശങ്കരാചാര്യരും ഹിന്ദുവാണ്. അദ്ദേഹം പ്രച്ഛന്നവേഷധാരിയായ ബുദ്ധമതവിശ്വാസിയാണെന്നു് പറയപ്പെടുന്നതു്. ബുദ്ധമതത്തിൽ അനുകരണീയമായി നോക്കിയതെല്ലാം ശങ്കരാചാര്യർ സ്വീകരിച്ചു. ബുദ്ധമതത്തിന്റെ ജന്മഭൂമി ഹിന്ദുസ്ഥാനംതന്നെയാണ്.'

'കൌശാംബിജി വലിയ ഭക്തനായിരുന്നു. അദ്ദേഹത്തെപ്പററി ഞാൻ നിങ്ങളെ ധരിപ്പിച്ചു. ഈശ്വരകാരുണ്യമുണ്ടായി നമുക്കും അദ്ദേഹത്തെ അനുകരിക്കാം.'

—*—

ദേശീയവും സാഹിത്യപരവുമായ പ്രമുഖവാരിക

പ്രതിധ്വനി

മതം, സമുദായം, ശാസ്ത്രം, സാഹിത്യം തുടങ്ങിയവയെപ്പററിയുള്ള ഉജ്ജ്വല വിമർശനങ്ങൾ, രാഷ്ട്രീയമായ സജീവപ്രശ്നങ്ങളെപ്പററിയുള്ള സ്വതന്ത്രനിരൂപണങ്ങൾ, ജീവിതത്തിന്റെ തനിപ്പകർപ്പുകളായ ചെറുകഥകൾ, മധുരങ്ങളായ കവിതകൾ എന്നിവകൊണ്ടു് ഓരോ ലക്കവും അലംകൃതമായിരിക്കും.


123 ചിങ്ങമാദ്യം പുറപ്പെടുന്നു


മലയാളികൾ നിവസിക്കുന്ന എല്ലാസ്ഥലങ്ങളിലും ഏജൻറന്മാരെയും ലേഖകന്മാരെയും ആവശ്യമുണ്ടു്. കൂടുതൽ വിവരങ്ങൾക്കു ആഫീസിലേക്കു എഴുതുക.

മാനേജർ,
പ്രതിധ്വനി, പുനലൂർ

V... XX THE MALAYALA RAJYAM Quilon, Monday August 4 – 1947. No. 30







ഇടത്തു മുകളിൽ—പുതിയ ഹാറ്റ് മാതൃകകൾ:—മേഫെയർഹോട്ടലിൽ അസോഷ്യേറ്റഡ് മില്ലിനറി ഡിസൈനന്മാർ ഈയിടെ നൽകിയ ഒരു പ്രദർശനത്തിൽ പ്രദർശിപ്പിക്കപ്പെട്ട സ്വപ്രധാനമാതൃകകളിൽ ഒന്നാണിതു്.

താഴെ—ട്രേഡ്യൂണിയൻ ഉദ്യോഗസ്ഥന്മാർക്കുള്ള റിഫ്രഷർകോഴ്സ് ബ്രിട്ടീഷു ട്രേഡ്യൂണിയൻകോൺഗ്രസ്സ് ഏർപ്പെടുത്തിയിരിക്കുന്നു. യൂണിയന്റെ നയം മുതലായ വയെപ്പറ്റി അഭ്യസനം നൽകുന്നതിനായി നടത്തപ്പെട്ട ക്ലാസ്സുകളിൽ ഒന്നാണു മേൽകാണുന്നതു്.

വലതു്—സൗത്ത് ആഫ്രിക്കയിലെ ക്യാപ്റ്റനായ ആലൻമെൽവിൽ ഇംഗ്ലണ്ടിനെതിരായുള്ള രണ്ടാമത്തെ ടെസ്റ്റിൽ ൧൧൭ സ്കോർ എടുത്തു തുടർച്ചയായി നാലു സെൻചറി പൂർത്തിയാക്കിയിരിക്കുന്നു. കഴിഞ്ഞ ൧൯൩൯-ലെ ടെസ്റ്റിൽ അദ്ദേഹം ഒരു സെഞ്ച്വറി സ്കോർ ചെയ്തു. നോട്ടിംഗാമിലെ ആദ്യത്തെ ടെസ്റ്റിൽ ഓരോ ഇന്നിംഗിലും ഇദ്ദേഹം സെഞ്ച്വറിസ്കോർചെയ്തു. രണ്ടാമത്തെ സ്കോറിൽ മേൽവിൽ ഒരു സ്ട്രോക്ക അടിക്കുന്നതു്.

ജീവചരിത്രം

# "ആചാര്യ ധർമ്മാനന്ദ കൌശാംബി"

ഡാക്ടർ സുശീലാനയ്യർ

ഹിന്ദുസ്ഥാനിലെ പണ്ഡിതന്മാർക്ക് കൌശാംബിയുടെ നാമധേയം സുപരിചിതമത്രെ. ബുദ്ധമതതത്വങ്ങളിലും പാലിഭാഷയിലും അഗാധമായ പാണ്ഡിത്യം അദ്ദേഹം സമ്പാദിച്ചു. കൌശാംബിയുടെ വ്യക്തിമാഹാത്മ്യവും പാണ്ഡിത്യവും മനസ്സിലായ വിദേശീയർ അദ്ദേഹത്തെ തങ്ങളുടെ നാട്ടിലേക്ക ക്ഷണിച്ചു. ഹിന്ദുസ്ഥാനത്തും വെളിയിലും അദ്ദേഹം ബുദ്ധമതം പ്രചരിപ്പിക്കയും ബൗദ്ധകാലചരിത്രം പഠിപ്പിക്കയും ചെയ്തു. അദ്ദേഹത്തിന ധനേച്ഛയുണ്ടായിരുന്നുവെങ്കിൽ ഒരു വലിയ ധനവാനാകാൻ സാധിക്കുമായിരുന്നു. എന്നാൽ വെറും സന്യാസിയായി കഴിഞ്ഞുകൂടാനാണ് അദ്ദേഹം ആഗ്രഹിച്ചതു്. കുറച്ചുനാൾ ഗുജറാത്ത് വിദ്യാപീഠത്തിൽ അദ്ധ്യാപകവൃത്തിയും സ്വീകരിച്ചിരുന്നു.

കഴിഞ്ഞകൊല്ലം സെപ്തംബർമാസത്തിൽ അദ്ദേഹം തന്റെ ഉദ്ദേശങ്ങളൊക്കെല്ലാം പൂർത്തിയാക്കി. ബുദ്ധമതരീതി അനുസരിച്ച് ഉപവസിച്ചു മരിക്കുന്നതിന അദ്ദേഹം ഇച്ഛിച്ചു. അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഈ വിവരത്തിന ഗാന്ധിജിക്ക എഴുതയയ്ക്കുകയും കമ്പിയടിക്കുകയും ചെയ്തു. കാശിക്കു സമീപമുള്ള ഒരു സ്ഥാനത്തു് അദ്ദേഹം ഉപവാസം ആരംഭിച്ചു. ഒടുവിൽ ഗാന്ധിജിയുടെ നിർബ്ബന്ധമനു

വിവ: പിച്ചനാട്ടു കൃഷ്ണൻനായർ, എസ്സ്. ബി. കാളേജ്.

സരിച്ച് ഉപവാസം അവസാനിപ്പിച്ചു. കൌശാംബിയുടെ ആരോഗ്യം നഷ്ടപ്പെട്ടു. ദഹനശക്തി ക്ഷയിച്ചു. ശരീരത്തിൽ വാതരോഗം പിടപെട്ടതുകൊണ്ടു് രാത്രിയിൽ ഉറങ്ങുന്നതിനുപോലും സാധിക്കാതെവന്നു.

നല്ല ഡാക്ടറന്മാരെക്കൊണ്ടു് ചികിത്സിപ്പിക്കണമെന്നു് അദ്ദേഹത്തിന്റെ പുത്രന്മാർ അഭിപ്രായപ്പെട്ടു. അദ്ദേഹം അതു നിഷേധിക്കയാണുണ്ടായതു്. ഗാന്ധിജിയുടെ അഭിപ്രായപ്രകാരം അദ്ദേഹം സേവാഗ്രാമത്തിൽ താമസമാക്കി. ഗാന്ധിജിയെക്കണ്ടു സംസാരിക്കുന്നതിന് അദ്ദേഹം ഇച്ഛിച്ചു. എന്നാൽ നവഖലിയിലും തിപ്പറയിലും ഗാന്ധിജിയുടെ സാന്നിദ്ധ്യം അവശ്യമായിരുന്നു. ഒരു പ്രാവശ്യം ഗാന്ധിജിയുടെ അടുക്കൽ കൊണ്ടുപോയി തിരിച്ചുകൊണ്ടുവരണമെന്നു അദ്ദേഹം എന്നോടു ആവശ്യപ്പെട്ടു. 'മരിക്കുന്നതിനുമുമ്പായി ബാപ്പുവിനെ ഒന്നു കാണുന്നതിന എനിക്കാഗ്രഹമുണ്ടു്.' അദ്ദേഹം പറഞ്ഞു, ഞാൻ ബാപ്പുവിനോടു് അനുവാദം വാങ്ങി. എന്നാൽ പിന്നീടു് അദ്ദേഹത്തിന്റെ അഭിപ്രായം മാറി. ഞാൻ നന്നേ ക്ഷീണിച്ചിരിക്കുകയാണു്. ഈ അവസരത്തിൽ പോയാൽ ഗാന്ധിജിക്കും അതു ബുദ്ധിമുട്ടായി തീരും. ആരോഗ്യം സ്വല്പം വീണ്ടുകിട്ടുമ്പോൾ പോകാം. എന്നാൽ ഗാന്ധിജിയെക്കാണാതെതന്നെ അദ്ദേഹം കാലഗതി പ്രാപിച്ചു.

ശ്രീ കാകാകലേൽക്കർ അദ്ദേഹത്തെ കാണുന്നതിന ചിലപ്പോൾ ആശ്രമത്തിൽ വരുമായിരുന്നു. രണ്ടുപേരും ആത്മമിത്രങ്ങളാണു്. ഈ രണ്ടു മഹാവിദ്വാന്മാരുടെ സംഭാഷണം ശ്രവിക്കുകതന്നെ ഒരു വലിയ ഭാഗ്യമാണു്. കൌശാംബിയുമായി സംഭാഷണം ചെയ്തിട്ടുള്ള ആളുകൾക്കു് ഇത്ര ബുദ്ധിമാനായ പണ്ഡിതന് ജീവിതം വെറുത്തുപോയതിൽ ആശ്ചര്യം തോന്നുണ്ടു്.

ആശ്രമത്തിൽവെച്ചു് കുറച്ചു ദിവസം അദ്ദേഹത്തെ പാശ്ചാത്യരീതിയിൽ ചികിത്സിച്ചു. പിന്നീടു് പ്രകൃതി ചികിത്സ തുടങ്ങി. ഒടുവിൽ ജലചികിത്സ സ്വീകരിച്ചു. ഈ വിവരങ്ങൾ ഒന്നുംതന്നെ അദ്ദേഹം തന്റെ ഗൃഹത്തിൽ അറിയിച്ചില്ല. 'അവർ സങ്കടപ്പെടും. അതു് എനിക്കു് നന്നല്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ആരുടേയും സേവനം അദ്ദേഹത്തിന് ആവശ്യമില്ലായിരുന്നു. അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതുകൊണ്ടു് ആശ്രമം പവിത്രമാകുമെന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. അതുകൊണ്ടു ആശ്രമവാസികൾ തന്നെ ശുശ്രൂഷിക്കുന്നതിന് അദ്ദേഹം അനുവദിച്ചു.

ശ്രീ കമലനയനബജാജ് അദ്ദേഹത്തിന് ൧൦൦൦ രൂപയുടെ ഒരു പണക്കിഴി സമർപ്പിച്ചു. ആ തുകയിൽ കുറച്ചുരൂപാകൂടി ചേർത്തു്, ബുദ്ധമതവും പാലിഭാഷയും പഠിക്കുന്നതിന് ആഗ്രഹമുള്ള വിദ്യാർത്ഥികൾക്കു് സ്കാളർഷിപ്പുകൊടുത്തു് സിലോണിൽ അയയ്ക്കുന്നതിന് പ്രസ്തുത ധനം വിനിയോഗിക്കണമെന്നു് അദ്ദേഹം ഗാന്ധിജിക്കു് എഴുതി.

'പാലിഭാഷ സിലോണിൽപോയി പഠിക്കാം. എന്നാൽ ബുദ്ധമതതത്വങ്ങൾ പഠിക്കുന്നതിന് സിലോണിൽ പോകണമെന്നു് എനിക്കു തോന്നുന്നില്ല. മതത്തിന്റെ ഉപരിപ്ലവമായ കാര്യങ്ങൾ അറിഞ്ഞതുകൊണ്ടുമാത്രം അതിന്റെ അന്തസ്സാരം ഗ്രഹിക്കുവാൻ വിഷമമാണല്ലോ' എന്നു് ഗാന്ധിജി മറുപടി അയച്ചു.

മൃത്യുവിനു് ൧൦ ദിവസം മുൻപേ അദ്ദേഹം ഗാന്ധിജിക്കെഴുതി. 'എന്റെ കൈവശം ധനം ലഭിച്ചപ്പോൾ അതു വിനിയോഗം ചെയ്യാൻ ഞാൻ കണ്ടവിധം അറിയിച്ചു എന്നേ ഉള്ളൂ. അതുതന്നെ വേണമെന്നു് എനിക്കു് നിർബ്ബന്ധമില്ല. അതിന്റെ എല്ലാചുമതലകളും അങ്ങയിൽ സമർപ്പിച്ചിരിക്കുന്നു. സിലോണിൽ ബുദ്ധമതത്തിന്റെ ആന്തരികതത്വങ്ങൾ പഠിക്കുവാൻ സാദ്ധ്യമല്ലെന്നു് എനിക്കും അറിയാം. ഒരുവർഷം ഞാൻ അവിടെ താമസിച്ചിട്ടുണ്ടു്. എന്നാൽ അവിടെ താമസിക്കുന്നതുകൊണ്ടു് ബുദ്ധഭഗവാന്റെ ജീവിതകാലത്തെ സ്മരണ ഉണ്ടാകുമെന്നുള്ളതുതീർച്ചയാണു്. അതു് ഒന്നുകൊണ്ടു മാത്രമാണു് എന്റെ ജീവിതം ഇത്ര ആനന്ദപ്രദമായിത്തീർന്നതു്. തേന്മാവും വേപ്പും ഒരു സ്ഥലത്തുതന്നെ ഉണ്ടാകുന്നു. എന്നാൽ മാമ്പഴം ഒന്നു്, വേപ്പിൻകായ് മറ്റൊന്നു്".

അശോകന്റെ ശിലാലേഖനങ്ങളുടെ അർത്ഥം ഇംഗ്ലീഷുകാരുടെ ആഗമനത്തിനുമുൻപു എല്ലാവരും മറന്നുപോയിരുന്നു. പാശ്ചാത്യവിദഗ്ദ്ധന്മാരുടെ പരിശ്രമഫലമായിട്ടാണു് നാം ഇന്നു് അവയെപ്പററി അറിയുന്നതു്. പാശ്ചാത്യരെ അനുകരിച്ചു് നമ്മുടെ നാട്ടിലെ പണ്ഡിതന്മാരും ബുദ്ധമതതത്വം പഠിച്ചിട്ടുണ്ടു്. അശോകമഹാചക്രവർത്തിയുടെ ശിലാലേഖനങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്ന എത്രയോ പണ്ഡിതന്മാർ ഇന്നുണ്ടു്. അതുകൊണ്ടു്, പ്രാചീനസംസ്കാരം നാമാവശേഷമായിപ്പോയെന്നുവരികിലും സജ്ജനങ്ങൾ അതിനെ നന്നു വളരെക്കാര്യങ്ങൾ പഠിക്കുന്നുണ്ടു് എന്നാണു് എന്റെ അഭിപ്രായം.

'സിലോണിൽ പോകുന്ന ഒരാൾ ഉദ്ദേശിക്കപ്പെടുന്നവിധം ഭക്തനായിത്തീരുന്നില്ല. ഇവിടെനിന്നും ഡിഗ്രി സമ്പാദിച്ചശേഷം ജ്ഞാനസമ്പാദനത്തിനായി പോകുന്നു. അതിന വേണ്ടിവരുന്ന ധനംകൊടുത്തു് അവരെ സഹായിക്കേണ്ടതു് നമ്മുടെ കടമയാണു്.'

ജൂൺ ൪-ാനു- ഉച്ചക്കു് കൌശാംബി

(ശേഷം പതിനൊന്നാംപേജിൽ)

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.